
www.malankaralibrary.com



# മുറിവുകളുടെ സുവിശേഷം

ഫാ.ജോസ് മരിയദാസ് ഒ.ഐ.സി

www.malankaralibrary.com

www.malankaralibrary.com



# മുറിവുകളുടെ സുവിശേഷം

ഫാ.ജോസ് മരിയദാസ് ഒ.ഐ.സി

No. 147

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2013

www.malankaralibrary.com

Murivukalude Suvisesham
Fr. Jose Mariadas OIC

*First Edition*
June 2011 1000

*Second Edition*
June 2013 1000

*Cover*
Thomas, Fingraph

*Printed at*
Bethany Offset Printers, Kottayam-10
Ph: 0481 - 2571355, E-mail:bethanyktm@gmail.com

*Published by*
Bethany Publications, Kottayam-10
Ph: 0481 - 2571515

*Price*
₹ - 70/-

www.malankaralibrary.com

# സമർപ്പണം

അപ്പവും വചനവും
മുറിക്കുവാൻ നിയോഗിതരായ
എന്റെ എല്ലാ സഹവൈദികർക്കും...

www.malankaralibrary.com

# ഗ്രന്ഥകാരന്റെ ഇതരകൃതികൾ

1. നല്ല സമറിയാക്കാരന്റെ ഉപമ – രണ്ടാം ഭാഗം
   (നാടകം)
2. ഒറ്റുകാരന്റെ സങ്കീർത്തനം
   (നാടകം)
3. അനന്തരം
   (നാടകം)
4. സപ്തദളങ്ങൾ
   (ഏകാങ്കനാടകങ്ങൾ)
5. സന്യാസഭാഷ്യം
   (ലേഖനങ്ങൾ – എഡിറ്റർ)
6. മലങ്കര സഭയുടെ വിശ്വസ്തനായ കാര്യസ്ഥൻ
   (ജീവചരിത്രം)
7. പരിസ്ഥിതി വിചാരങ്ങൾ
   (ലേഖനങ്ങൾ – എഡിറ്റർ)

www.malankaralibrary.com

# മനസ്സ് തുറന്ന് ഒരാശംസ

നിറം മങ്ങാത്ത നന്മയുടെ ഹൃദയമുള്ളവർക്ക്
ഈ മൊഴികൾ വിങ്ങലുകളാണ്, ധ്യാനമാണ്.

അതിർവരമ്പുകളും കണക്കുപറച്ചിലുകളുമുള്ള സ്നേഹത്തിന്
ആചാരവും അനുഷ്ഠാനങ്ങളും ആവശ്യമായിരിക്കാം.

ഒഴിഞ്ഞ കല്ലറയ്ക്കരുകിൽ നാഥനെ കാത്തിരിക്കുന്ന
സ്നേഹത്തിനാവട്ടെ ഉറച്ച പ്രത്യാശ മാത്രമാണ് കൂട്ട്.
കൊതിപ്പിക്കുന്ന, സത്യസന്ധമായ സ്നേഹം.

ഈറനണിയിക്കുന്ന, ചങ്ക് കനക്കുന്ന
സ്നേഹത്തിന്റെ പുതിയ മാനങ്ങളെ ഈ താളുകളിൽ പരിചയപ്പെടൂ.

അതിർത്തികളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ, സന്തോഷത്തിന്റെ
വിശാലത രുചിക്കുന്ന ആകാശപറവകളുടെ
ഛായയാണീ മനസ്സിന്.

ഈ വരികളിൽ ആ മനസ്സ് ചിറക് നീർത്തുന്നു.

അവഗണിക്കപ്പെടുന്ന ദൈനംദിന കാഴ്ചകൾക്ക്
പിൻമൊഴികൾ രചിക്കുന്ന ഈ മനസ്സിന്
നന്മകളുടെ വർണ്ണക്കൂട്ടറിയാം.

ആ വർണ്ണക്കൂട്ട് ചാലിച്ച് ഇനിയും എഴുതുക....
സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ....

സി. സി. തോമസ്

www.malankaralibrary.com

# മുഖമൊഴി

പോയ വർഷങ്ങളിൽ "ക്രൈസ്തവ കാഹളം" മാസികയുടെ അവസാനപുറം അപഹരിച്ച "പിൻമൊഴി" എന്ന പംക്തിയിൽ പ്രത്യക്ഷപ്പെട്ട നുറുങ്ങു ലേഖനങ്ങളുടെ സമാഹാരമാണ് ഈ ലഘുകൃതി. പലവിധ ജോലികൾക്കിടയിൽ വീണുകിട്ടുന്ന നിമിഷങ്ങളിലെ കുറിപ്പെഴുത്തായി മാത്രം ഇതിനെ കാണുക. നീണ്ട യുക്തിവിചാരങ്ങളോ വിചിന്തനങ്ങളോ ഇവയ്ക്കു പിൻബലമായില്ല. പലപ്പോഴും മാസികയുടെ ബാക്കി പേജുകളെല്ലാം അച്ചുകൂടത്തിൽ നിരന്നു കഴിയുമ്പോഴും "പിൻമൊഴി"യുടെ ആദ്യാക്ഷരം കുറിച്ചിട്ടുണ്ടാവുകയില്ല. അവസാന നിമിഷം, കാഹളത്തിന്റെ എഡിറ്ററും എന്റെ അനുജനും സ്നേഹിതനുമൊക്കെയായ ഫാ. ഡാനിയേൽ പൂവണ്ണത്തിലിന്റെ കൃത്രിമ ദേഷ്യം കലർന്ന ഫോൺവിളിയും ശകാരവും ഒക്കെയാണ് ഈ കുറിപ്പുകളെഴുതിയതിന്റെ ഉത്പ്രേരകമായി വർത്തിച്ചിട്ടുള്ളത്. ബ. അച്ചന്റെ ശാഠ്യങ്ങൾക്ക് നന്ദി.

ഒരു മാസിക വായിച്ചവസാനിപ്പിക്കുന്ന ആളിന് സദ്യയുടെ അവസാനം ലഭിക്കുന്ന ഐസ്ക്രീംപോലെയാകണം മാസികയുടെ അവാസനപുറം എന്ന് കരുതുന്നു. എന്നാൽ അവസാനപുറം എഴുതുന്ന ആളിന്റെ വിജയം എന്ന് പറയുന്നത് മാസിക കയ്യിലെടുക്കുന്ന പതിവു വായനക്കാരെല്ലാം ആദ്യംതന്നെ അവസാനപുറം വായിക്കുവാൻ തുടങ്ങുന്നതാണ്. ആ വിജയത്തിലേക്കൊക്കെ "പിൻമൊഴി" എത്തിയോ എന്ന് അറിഞ്ഞുകൂടാ. എങ്കിലും തുടർച്ചയായി ഈ കോളം വായിച്ചിരുന്ന പലരുടെയും സ്നേഹപൂർണ്ണമായ നിർബന്ധമാണിതിന്റെ പുസ്തകരൂപത്തിലുള്ള പ്രസിദ്ധീകരണത്തിന് കാരണമായത്.

ഈ കൃതി മൊത്തം ഒറ്റവീർപ്പിന് വായിച്ചു തീർക്കാനുള്ളതോ ഒറ്റയിരുപ്പിന് അപഗ്രഥിക്കാനുള്ളതോ അല്ല. ഒരു

www.malankaralibrary.com

ധ്യാനവേളയ്ക്ക് മുമ്പിലോ, ഉച്ചമയക്കത്തിന് മുമ്പോ, വിശ്രമവേളയിലെ കൂട്ടിനോ ഓരോ അധ്യായം നുണയുക, മിഠായിപോലെ. ബാക്കി പിന്നത്തേക്കാവാം.

എന്റെ സഹവൈദികർക്ക് പ്രസംഗങ്ങൾക്ക് മേമ്പൊടിയായി ഇത് ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

"മുറിവുകളുടെ സുവിശേഷം" ഇതിലെ ഒരു ചിന്തയുടെ തലക്കുറിയാണ്. മുറിവുകളും നൊമ്പരങ്ങളും മനുഷ്യ ജീവിതത്തിന്റെ ഭാഗമാണ്. സന്തോഷങ്ങൾ ചിറകടിച്ചുയർന്ന് പറന്നുപോകും. ദുഃഖങ്ങളൊക്കെ ഹൃദയത്തിന്റെ അടിത്തട്ടിൽ താണ്, പതിഞ്ഞ് കിടക്കും. അത്ര പെട്ടെന്നൊന്നും വേദനകൾ സമ്മാനിക്കുന്ന ദുഃഖം നമ്മെ വിട്ടുപോവില്ല. എന്നാൽ കാലം കുറെ കഴിയുമ്പോൾ മനസ്സിലാവും, വേദനകളാണ് നമ്മെ ബലപ്പെടുത്തിയതെന്ന്. നമ്മെ അതിജീവനം ചെയ്യാൻ പ്രാപ്തരാക്കുന്നത് കാഠിന്യമുള്ള ജീവിതാനുഭവങ്ങളാണ്. മുറിവുകൾ - വേദനകൾ - ചൊല്ലിത്തരുന്ന പാഠങ്ങളാണ് യഥാർത്ഥ സുവിശേഷങ്ങൾ. ഇത് ഈ ലഘുകൃതിയിലെ മിക്ക ചിന്തകളും പറയാതെ പറയുന്നുണ്ട്. ഇത് വലിയ ചിന്തകൾ പങ്കുവയ്ക്കുന്ന ഗ്രന്ഥമൊന്നുമല്ല. കഥകളും കവിതകളും ചേർന്ന ഒരു തൊടുകറി മാത്രമായി ഇതിനെ കണ്ടാൽ മതി. ഇടയ്ക്കൊക്കെ ചിലരൊക്കെ പറയാറുണ്ട്, വചനം പ്രസംഗിക്കേണ്ട വൈദികരൊക്കെ കഥയും കവിതയും ചൊല്ലുകയാണത്രെ. ഇതൊരു പക്ഷം. എന്നാൽ യേശുവിന്റെ വചനങ്ങളിൽ നിന്ന്, ബൈബിളിൽ നിന്ന് കഥയും കവിതയും മാറ്റിവച്ചാൽ ബാക്കി പിന്നെ എന്തുകിട്ടും എന്നൊരു മറുപക്ഷവും ഉണ്ടല്ലോ. കഥയും കവിതയും ആസ്വദിക്കാനറിയാത്തവർ എങ്ങനെ ബൈബിൾ വായിക്കും ദൈവമേ എന്ന് ഞാൻ ഇടയ്ക്ക് ആശ്ചര്യപ്പെടാറുമുണ്ട്.

ഈ പുസ്തകത്തിന്റെ മുഖചിത്രം തയ്യാറാക്കിയത് ശ്രീ. തോമസ് (ഫിൻഗ്രാഫ്) ആണ്. മുഖചിത്രമൊരുക്കാൻ ഒരു

www.malankaralibrary.com

ആശയം തരപ്പെടുത്തിയെടുക്കാൻ ഈ കൃതി വായിച്ച അദ്ദേഹം തന്നെ ഇതിന്റെ അവതാരകന്റെ ജോലിയും സ്വയം ഏറ്റെടുത്ത് "മനസ്സു തുറന്ന് ഒരാശംസ" എഴുതി വച്ചു. എങ്കിൽ പിന്നെ അങ്ങനെയാവട്ടെ എന്ന് ഞാനും കരുതി. ശ്രീ. തോമസ്സിന്റെ മുഖചിത്രത്തിനും മനസ്സ് തുറക്കലിനും നന്ദി.

ഈ പുസ്തകം അണിയിച്ചൊരുക്കാൻ ക്ഷമാപൂർവ്വം സമയവും ഭാവനയും ചിലവഴിച്ച ബഹു.ബ്രദർ ജോർജ്ജ് തോമസിന്റെ സന്മനസ്സിന് നന്ദി. ഇതിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത് ഭംഗിയായി പൂർത്തീകരിച്ച ബഹു. ബ്രദർ കുര്യൻ കാവിളയിലിനും ബഥനി പ്രസ്സിലെ സുഹൃത്തുക്കൾക്കും നന്ദി.

വായനക്കാർ എല്ലാവരുടെയും ചെറുതും വലുതുമായ മുറിവുകൾ സുവിശേഷങ്ങളായി പരിണമിക്കാൻ ഈ ലഘുഗ്രന്ഥം ഉപകരിക്കണമേ എന്ന പ്രാർത്ഥനയോടെ,

സ്നേഹാദരപൂർവ്വം,

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

www.malankaralibrary.com

# ആമുഖം
## (രണ്ടാം പതിപ്പ്)

"മുറിവുകളുടെ സുവിശേഷത്തെ" സ്നേഹപൂർവ്വം സ്വീകരിച്ച വായനക്കാർക്ക് നന്ദി. നുറുങ്ങു ചിന്തകളുടെ സമാഹാരമാണ്, ഈ ലഘുപുസ്തകം. ഒരു പുസ്തകത്തിന് കിട്ടുന്ന ഏറ്റവും വലിയ അംഗീകാരം വായനക്കാരുടേതാണ് എന്ന് വിശ്വസിക്കുന്നു. നല്കിയ പ്രോത്സാഹനത്തിന്, നിർദ്ദേശങ്ങൾക്ക് നന്ദി. വലിയ ചാരിതാർത്ഥ്യത്തോടെയാണ് ഈ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. ഈ രണ്ടാം പതിപ്പിനെ വ്യത്യസ്തവും, ആകർഷകവുമായ പുറംചട്ടകൊണ്ട് അണിയിച്ചൊരുക്കിയ ശ്രീമാൻ സി. സി. തോമസിനോടും, ബഥനി പ്രസ്സിലെ ജീവനക്കാരോടും, എല്ലാറ്റിലും ഉപരി ബ. ബ്രദർ കുരിയൻ കാവിളയിൽ ഒ.ഐ.സി., ബ. ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി. ഇവരോടുമുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

www.malankaralibrary.com

www.malankaralibrary.com

# താളുകളിൽ


| | | |
|---|---|---|
| 1. | മഴ പെയ്യുമ്പോൾ... | 13 |
| 2. | മറ്റൊരു വഴിയേ യാത്ര തുടരുമ്പോൾ... | 16 |
| 3. | ഒരു കനൽക്കട്ടയുടെ സങ്കീർത്തനം | 19 |
| 4. | സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ | 22 |
| 5. | ഓർമ്മകൾ ഉത്സവങ്ങളാകുമ്പോൾ | 25 |
| 6. | വന്ദേ മാതരം....... | 28 |
| 7. | നിന്നെ പ്രതി നിത്യം കൊല ചെയ്യപ്പെടുവോർ.... | 31 |
| 8. | ഗുരുത്വം | 34 |
| 9 | ശുദ്ധതയുള്ള നോമ്പ് | 38 |
| 10. | കരിന്തിരി | 41 |
| 11. | സത്രത്തിൽ ഇടം ലഭിക്കാത്തവർ | 45 |
| 12. | ഇല പൊഴിയും കാലം | 48 |
| 13. | ഓർമ്മകളിൽ ഒരു തണൽ മരം | 52 |
| 14. | ആഘോഷങ്ങൾ അവസാനിക്കുമ്പോൾ.... | 54 |
| 15. | അമ്മ.... | 57 |
| 16. | ദൈവമേ കൈതൊഴാം കേൾക്കുമാറാകേണം | 60 |
| 17. | ശൂന്യമായ കല്ലറയും, രണ്ടു തുള്ളി കണ്ണുനീരും! | 63 |
| 18. | ഈസ്റ്റർ ലില്ലികൾ കൊഴിയുമ്പോൾ... | 67 |
| 19. | ജനിമൃതികൾ | 70 |
| 20. | ക്രിസ്മസ് - സ്വപ്നങ്ങളുടെ പൂക്കാലം | 73 |
| 21. | ഇതെന്റെ അമ്മയാണ്...... | 76 |
| 22. | ശാന്തരാത്രി, തിരുരാത്രി.... | 79 |
| 23. | മുറിവുകളുടെ സുവിശേഷം... | 82 |
| 24. | "ഇതെന്റെ ശരീരം... ഇതെന്റെ രക്തം" | 85 |
| 25. | ഒരു ജപമാലപ്രാർത്ഥനയുടെ ഓർമ്മയ്ക്ക് | 88 |
| 26. | യാത്ര | 91 |
| 27. | ഒറ്റത്താളുള്ള കലണ്ടർ | 94 |

www.malankaralibrary.com

www.malankaralibrary.com



1

# മഴ പെയ്യുമ്പോൾ...

**മ**ഴ... മണ്ണും മനസ്സും ഒരുപോലെ കുളിരണിയിക്കുന്ന മഴ. ഇടവപ്പാതി കനിഞ്ഞും, കനിയാതെയും കേരളത്തിന്റെ വിവിധഭാഗങ്ങൾ... കാലവർഷം ഇനിയും ശക്തിപ്പെടാത്തതിന്റെ പരിഭവങ്ങളും നഷ്ടങ്ങളും ഒരു ഭാഗത്ത്... ആർത്തലച്ച് പെയ്ത മഴയിൽ തളർന്ന ജീവിതങ്ങളുടെ വേദന മറുഭാഗത്ത്.

അതേ! മഴയ്ക്ക് പല രീതിയിൽ പെയ്തിറിങ്ങാനാവും. അനുഗ്രഹവർഷമായി മഴമുകിലുകൾ പെയ്തിറങ്ങുമ്പോൾ ഭൂമികന്യകയുടെ ഗർഭത്തിൽ ജീവന്റെ വിത്തുകൾ മുളപൊട്ടുന്നു കാലവർഷക്കെടുതിയായി മഴ താണ്ഡവമാടുമ്പോൾ ഭൂമിയുടെ അടരുകൾ ഓരോന്നും കവർന്നെടുത്ത് കൂലം കുത്തിയൊഴുകി, മല

www.malankaralibrary.com

വെള്ളപ്പാച്ചിലുകൾ സൃഷ്ടിച്ച് മഴ രൗദ്രഭാവം പൂണ്ട് പെയ്യും. മഴയ്ക്ക് അനുഗ്രഹമായും ശാപമായും പെയ്തിറങ്ങാനാകും.

മനുഷ്യജീവിതവും അതുപോലെയാണ്. ചുറ്റുമുള്ള ജീവിതങ്ങളെ ചിരിപ്പിച്ചും കരയിച്ചും പെയ്തിറങ്ങുന്ന മഴയാണ് മനുഷ്യജീവിതം. സഹജീവികളുടെ മനസ്സിലേക്കും പ്രകൃതിയിലേക്കും ചിലപ്പോൾ അനുഗ്രഹമായും ചിലപ്പോൾ വേദനയായും അത് പെയ്തിറങ്ങും. അപരന്റെ ജീവിതത്തെ സ്വാധീനിക്കാതെ, ഒരു നന്മയും നല്കാതെ, വന്ധ്യമേഘങ്ങൾ പോലെ, ഫലം തരാത്ത വൃക്ഷം പോലെ, ഒരിക്കലും പെയ്യാത്ത മുകിലുപോലെ കടന്നുപോകുന്ന ജീവിതങ്ങളും ഉണ്ട്.

ഇടവപ്പാതി മുതൽ കർക്കിടക കുളിർവാവു വരെ, പുലരി മുതൽ നനുനനുത്ത് പെയ്ത്, ഭൂമിയെ വേദനിപ്പിക്കാതെ, തൊട്ടുതലോടി, അവളുടെ ഉള്ളങ്ങളെ ആദ്രമാക്കി കിനിഞ്ഞ് പെയ്യുന്ന മഴ ആരെയാണ് ആനന്ദിപ്പിക്കാത്തത്. ആ മഴയുടെ സ്പർശനം ഭൂമിക്ക് കുളിരാണ്, സൗഖ്യമാണ്. ഇലകളെ തുള്ളിച്ച്, ഊയലാടിച്ച് പെയ്യുന്ന അനുഗ്രഹമഴ.

മനുഷ്യജീവിതം സഹജീവികളിലേക്ക് അതുപോലെ പെയ്തിറങ്ങണം. ആരെയും വേദനിപ്പിക്കാതെ, സാന്ത്വനസ്പർശനം പോൽ, നന്മകളും സുകൃതങ്ങളും പങ്കുവച്ച് പെയ്തിറങ്ങുന്ന ജീവിതം.

മഴ അഴുക്കുചാലുകളെ വൃത്തിയാക്കി, തീർത്ഥജലം തളിച്ച് ശുദ്ധീകരിക്കുന്ന പ്രകൃതിയുടെ തൂപ്പുകാരിയാണ്. അവളുടെ ചൂലിലെ ആയിരം ഈർക്കിലുകൾ പോലെ, വെള്ളിനൂല് കണക്ക് പെയ്തിറങ്ങുന്ന മഴത്തുള്ളികൾ. അവൾ ഭൂമിയുടെ തിരുമുറ്റം അടിച്ചുവാരി കഴുകിവൃത്തിയാക്കുന്നു. ഈറനുടുത്ത്, മുടിയഴിച്ചിട്ട്, തുളസിക്കതിർ ചൂടിവരുന്ന ഒരു ഗ്രാമീണകന്യകയുടെ ശാലീന സൗന്ദര്യമുണ്ട് മഴയ്ക്ക്.

മനുഷ്യജീവിതവും സമൂഹത്തിലേയും വ്യക്തിജീവിതത്തിലേയും തിന്മകളെ മാറ്റി വൃത്തിയാക്കുന്ന ധർമ്മം ഏറ്റെടുക്കണം. വൃത്തിയാക്കുന്ന പ്രക്രിയ അല്പം നൊമ്പരപ്പെടുത്തിയാലും, അത് സ്നേഹം ചാലിച്ച് ചേർത്ത സുഖമുള്ള നൊമ്പരമാക്കണം. സുഹൃത്തിന്റെ തിരുത്തൽ, കൂട്ടുകാരുടെ കളിയാക്കൽ, അപ്പന്റെ ശാസന, അമ്മയുടെ ആവലാതി, കാമുകിയുടെ, ഭാര്യയുടെ, സഹോദരന്റെ അപേക്ഷ... എല്ലാം ചേർന്ന് മനസ്സിന്റെ മുറ്റം  അടിച്ചു വാരുമ്പോൾ സ്നേഹത്തിന്റെ അമൃതവർഷം മനസ്സിലേക്ക് പെയ്തിറങ്ങുകയാണ്.

കടുത്ത വേനലിൽ കരിഞ്ഞുണങ്ങിയ കൊമ്പുകളിൽ ജീവന്റെ മൃതസഞ്ജീവനിതൈലം പുരട്ടി മഴപെയ്യുകയാണ്. മൃതമായ കൊമ്പുകളിൽ ജീവന്റെ പച്ചപ്പ് വീണ്ടും. ഋതുമതിയായ കന്യകയെപ്പോലെ മരങ്ങൾ ആർദ്രമായ പച്ചപ്പ് ധരിച്ച് മഴയെ വരിക്കുന്നു. മഴ മരങ്ങളിൽ പുതുജീവന്റെ തുടിപ്പ് നിക്ഷേപിക്കുന്നു. ആഴങ്ങളിൽ ദാഹജലമന്വേഷിച്ച് പോയി മരിക്കാറായ വേരുകൾക്ക് ആശ്വാസനിശ്വാസമായി മഴ മണ്ണിലേക്കാഴ്ന്നിറങ്ങുന്നു.

www.malankaralibrary.com

സഹജീവിയുടെ പ്രതീക്ഷ നശിച്ച ജീവിതങ്ങളിലേക്ക് പ്രത്യാശയുടെ അമൃതവർഷമായി ഓരോ ജീവിതവും പെയ്തിറങ്ങണം. കരുതലിന്റെ ഒരു വാക്ക്, കരുണയുടെ ഒരു പ്രവൃത്തി, സ്നേഹമൂറുന്ന ഒരു പുഞ്ചിരിഎല്ലാം ജീവിതത്തെ ധന്യമാക്കുന്ന സൗഹൃദത്തിന്റെ അമൃതവർഷമാണ്.

എങ്കിലും, ചിലപ്പോൾ മഴ സംഹാരരൂപിണിയാകും. മനുഷ്യജീവിതങ്ങളെ കവർന്നെടുത്ത്, വൃക്ഷങ്ങളെ കടപുഴക്കി, മല കലങ്ങിവരുന്ന മഴ ആരുടെയും കണ്ണുനീരിനെ കാണാതെ ഹൃദയശൂന്യമായി, നിർവികാരത്തോടെ, ആദ്രഭാവങ്ങളെല്ലാം മാറ്റിവച്ച് സംഹാരതാണ്ഡവമാടുന്നു. എങ്കിലും മഴ പാവമാണ്. എങ്ങനെ പെയ്യണം എന്നവൾക്ക് ഒരു തിരഞ്ഞെടുപ്പില്ലല്ലോ?

മനുഷ്യന് ആ സ്വാതന്ത്ര്യമുണ്ട്. സഹജീവികളുടെ ജീവിതത്തിലേക്ക് എങ്ങനെ പെയ്തിറങ്ങണം? അത് ഒരു തിരഞ്ഞെടുപ്പാണ്... അനുഗ്രഹമായി... ശാപമായി.... എങ്ങനെ വേണമെങ്കിലും....

ജനലിനപ്പുറം മഴപെയ്യുകയാണ്. ഈ രാത്രിയിലും... മഴ പെയ്യുന്നു.

എല്ലാവരും ഉറങ്ങുമ്പോഴും.... ഭൂമിക്ക് താരാട്ടുപാട്ടായി... ശാന്തമായി.... ജനലിനപ്പുറം മഴ പെയ്തുകൊണ്ടേയിരിക്കുന്നു...

ജൂലൈ 2008

www.malankaralibrary.com



2

# മറ്റൊരു വഴിയേ യാത്ര തുടരുമ്പോൾ...

**ക്രി**സ്മസ് കഴിഞ്ഞു... പുതുവർഷമായി... രണ്ടായിരത്തിയെട്ടിലേക്ക് നാം ആവേശത്തോടെ കടന്നുചെല്ലുകയായി. ആഘോഷങ്ങൾക്കും ആശംസകൾക്കും വിരുന്നുകൾക്കുമെല്ലാമൊടുവിൽ ആരവങ്ങളടങ്ങിയ കളിക്കളംപോലെ മനസ്സ് ശാന്തമാകുന്ന ദിനങ്ങളാണിനി. പോയവർഷത്തേക്ക് ഒന്ന് പിൻതിരിഞ്ഞു നോക്കുവാനും പുതുവർഷത്തിലേക്ക് ആവേശത്തോടെ കടന്നുചെല്ലാനും മനസ്സിനെ പാകമാക്കുന്ന ശാന്തമായ ഒരിടവേളയാണിത്.

ആദ്യത്തെ ക്രിസ്മസ് കഴിഞ്ഞ് ക്രിസ്താനുഭവം ഉള്ളിൽ പേറി സ്വന്തം നാട്ടിലേക്ക് മടക്കയാത്ര ചെയ്തുകൊണ്ടിരിക്കുന്ന

www.malankaralibrary.com

പൂജരാജാക്കന്മാരുടെ മാനസികാവസ്ഥയിലാകണം നാം ഓരോരുത്തരും. സ്വപ്നത്തിൽ അവർക്കു കിട്ടിയ നിർദ്ദേശമനുസരിച്ച് മറ്റൊരു വഴിയേ ആണ് സ്വദേശത്തേക്ക് അവർ മടങ്ങിപ്പോകുന്നത് (മത്താ 2/12). നടന്നു പഴകിയ പാതകളും കണ്ടുപഴകിയ പാതയോരങ്ങളും അവർ ഉപേക്ഷിച്ചു. മനസ്സിന്റെ അകത്തളങ്ങളിൽ നീന്തിക്കളിക്കുന്ന ഒരുണ്ണിയുടെ പാൽപുഞ്ചിരിയിൽ പുതിയ വഴിയുടെ ക്ലേശങ്ങളും വിഹ്വലതകളും അവർ മറക്കുന്നു. പുതുവർഷത്തിലേക്ക് കടന്നു ചെല്ലുന്ന നമുക്കും ഉണ്ടാകണം ഈയൊരു ദർശനം. പഴയമനുഷ്യനെ ദൂരെയെറിഞ്ഞ് പുതിയ മനുഷ്യനെ ധരിക്കണം (എഫേ. 4/22-24).

എല്ലാ മനുഷ്യരുടെയും പഴയവഴികൾക്ക് ഒരു പൊതുഭാവമുണ്ട്. സ്വയത്തെ മുറുകെ പിടിക്കുന്ന, സ്വന്തം സുഖം മാത്രമന്വേഷിക്കുന്ന സ്വാർത്ഥതയുടെ ഇരുളടഞ്ഞ വഴി. യേശു പറയുന്നു "സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നാൽ ആരെങ്കിലും എനിക്കു വേണ്ടിയോ, സുവിശേഷത്തിനു വേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നുവെങ്കിൽ അവൻ അതിനെ രക്ഷിക്കും" (മർക്കോസ് 8/35). പൂജരാജാക്കന്മാർ പുതിയ വഴിയന്വേഷിച്ചത് സ്വന്തം ജീവൻ രക്ഷിക്കാനായിരുന്നില്ല, ഒരു ശിശുവിന്റെ ജീവനോടുള്ള കരുതലായിരുന്നു അത്. മറ്റൊരു ജീവനോട് അവർ കാണിച്ച കരുതലും കരുണയുമാണ് നൂറ്റാണ്ടുകളിലെ ക്രിസ്മസ് കഥകളിലും ക്രിസ്മസ് ഗീതങ്ങളിലും അവരെ അനശ്വരരാക്കിയത്.

ഒരിക്കൽ ന്യൂയോർക്കിലുള്ള ഒരു സ്കൂളിലെ ഒരു ടീച്ചർ തന്റെ ക്ലാസിലെ കുട്ടികളെ തന്റെയടുക്കലേക്ക് വിളിച്ചുവരുത്തി, അവരുടെ കണ്ണുകളിൽ നോക്കികൊണ്ട് പറഞ്ഞു. "You are unique. You are important. What you are makes a difference in my life and I love you." (നീ തനിമയുള്ള ഒരു വ്യക്തിയാണ്. നീ എന്തായിരിക്കുന്നുവോ അത് എന്റെ ജീവിതത്തിൽ ഒരു വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഞാൻ നിന്നെ സ്നേഹിക്കുന്നു.)

ഇതേ വാചകങ്ങളെഴുതിയ ഒരു റിബൺ അവർ ഓരോ വിദ്യാർത്ഥിയുടെയും ഷർട്ടിൽ പിൻ ചെയ്തു. അതിനുശേഷം അതുപോലുള്ള മൂന്നു റിബണുകൾകൂടി ഓരോ വിദ്യാർത്ഥിക്കും കൊടുത്ത ശേഷം പറഞ്ഞു. "നിങ്ങൾ പോയി നിങ്ങളുടെ ജീവിതത്തിൽ നിങ്ങളെ സ്വാധീനിച്ച ഒരാളുടെ അടുത്തു ചെന്ന് ഈ വാചകങ്ങൾ പറയണം. എന്നിട്ട് ഒരു റിബൺ അയാളുടെ ഷർട്ടിൽ പിൻചെയ്യുക. മറ്റ് രണ്ട് റിബണുകൾ അവർക്കു കൈമാറുക. അവരോട് ഈ പ്രക്രിയ തുടരാൻ പറയുക." ആ കുട്ടികളിൽ ഒരാൾ താൻ സ്കൂളിലേക്കുള്ള വഴിയിൽ എന്നും കണ്ടുമുട്ടാറുള്ള, തന്റെ പഠനത്തിന് മാർഗ്ഗനിർദ്ദേശം നൽകാറുള്ള ഒരു ചെറുപ്പക്കാരന്റെ അടുത്തു ചെന്ന് ഒരു റിബൺ അയാളുടെ ഷർട്ടിൽ

www.malankaralibrary.com

പിൻചെയ്തു. ടീച്ചർ പറഞ്ഞ വചകങ്ങൾ അയാളുടെ കണ്ണുകളിൽ നോക്കി സ്നേഹപൂർവ്വം ഉച്ചരിച്ചു. മറ്റ് രണ്ട് റിബണുകൾ കൈമാറിയ ശേഷം ഈ പ്രക്രിയ തുടരുവാൻ അഭ്യർത്ഥിച്ചു. അതിൽ താത്പര്യം തോന്നിയ ഈ ചെറുപ്പക്കാരൻ വളരെ കാർക്കശ്യക്കാരനെങ്കിലും തനിക്കു ഏറെ മാതൃകയാക്കാൻ കഴിഞ്ഞ തന്റെ മേലധികാരിക്ക് ഒരു റിബൺ കുത്തികൊടുത്തു. തനിക്കു പകർന്നുതന്ന അംഗീകാരത്തിന്റെ വാചകങ്ങൾ മേലധികാരിയുടെ പക്കൽ ഏറ്റു ചൊല്ലി. ശേഷിച്ച റിബണും കൈമാറി. ആ മേലധികാരി താൻ ഈ റിബൺ ആർക്കു കൊടുക്കുമെന്നാലോചിച്ചപ്പോൾ പെട്ടെന്ന് സ്വന്തം മകനെയോർത്തു. തന്റെ തിരക്കിട്ട ജീവിതത്തിൽ ഒരിക്കലും മകന് സ്നേഹത്തിന്റെ നല്ല നിമിഷങ്ങൾ പങ്കുവയ്ക്കാൻ കഴിഞ്ഞ ഒരു നല്ല പപ്പയാകുവാൻ തനിക്കു കഴിഞ്ഞിട്ടില്ലല്ലോ എന്നയാൾ ഓർത്തു. അയാൾ വീട്ടിലെത്തി മകന്റെ മുറിയിൽ പ്രവേശിച്ച് അവനോടൊപ്പം അവന്റെ കിടക്കയിൽ ഇരുന്നു. അവശേഷിക്കുന്ന റിബൺ മകന്റെ ഷർട്ടിൽ പിൻചെയ്തുകൊടുത്തശേഷം അയാൾ സ്നേഹപൂർവ്വം പറഞ്ഞു. "എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി നീയാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ട്. " ആ മകൻ പൊട്ടിക്കരഞ്ഞുകൊണ്ട് പപ്പയെ കെട്ടിപ്പിടിച്ചു. വിതുമ്പലുകൾക്കിടയിൽ ആ മകൻ പറഞ്ഞു "വളരെ നന്ദി പപ്പാ, ഞാൻ കരുതിയത് പപ്പയ്ക്ക് എന്നോടു സ്നേഹമില്ലെന്നാണ്. അതുകൊണ്ട് ഞാനിന്ന് ആത്മഹത്യക്ക് ഒരുങ്ങിയിരിക്കുകയായിരുന്നു." അവൻ പോക്കറ്റിൽ നിന്നും കുറച്ചു ഉറക്കഗുളികകൾ പപ്പായുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു "എനിക്കിനിയും ഇതിന്റെ ആവശ്യമില്ല." (*Chicken Soup for the Soul* by Jack Canfield, p. 20-21)

മാറ്റിക്കുറിക്കാം നമുക്കും നമ്മുടെ വഴികൾ. സ്വജീവിതത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന വഴികളെ ഉപേക്ഷിക്കാം. സഹജീവികളുടെ ജീവിതത്തിലേക്കു കടന്നുചെല്ലുന്ന അംഗീകാരത്തിന്റെ, സ്നേഹത്തിന്റെ, കരുതലിന്റെ പുത്തൻ വഴികൾ നമുക്കു വെട്ടിത്തുറക്കാം. എല്ലാവർക്കും പുതുവത്സരാശംസകൾ!

ജനുവരി 2008

www.malankaralibrary.com



3

# ഒരു കനൽക്കട്ടയുടെ സങ്കീർത്തനം

**തോ**മസ് പള്ളിയിൽ പോകുന്നത് നിർത്തി. കാരണം മറ്റൊന്നുമല്ല. വികാരിയച്ചന്റെ പ്രസംഗം മടുത്തു. എല്ലാ ഞായറാഴ്ചയും പ്രസംഗം ഏറെക്കുറേ ഒന്നുതന്നെ. പോരാഞ്ഞിട്ട് തണുപ്പുകാലവും. ഈ തണുപ്പുകാലത്ത് വെളുപ്പിന് കോച്ചിവിറച്ച് പള്ളിയിൽ പോയി കഴിഞ്ഞാഴ്ച കേട്ട പതിവ് പല്ലവികൾ, പ്രസംഗം ഉൾപ്പെടെ, കേട്ടുമടുത്തു. ഒരു സന്ധ്യയിൽ ജനലിലൂടെ നോക്കിയ തോമസ് കണ്ടു. വികാരിയച്ചൻ മല കയറി വരുന്നു. മലമുകളിൽ താമസിക്കുന്ന എന്നെ കാണുവാൻ വികാരിയച്ചൻ വരുന്നത്, അതും ഈ കൊടുംതണുപ്പത്ത് എന്തിനാണ്? മറ്റൊന്നിനും അല്ല. തന്നെ കുറെ നാളായി പള്ളിയിൽ കാണാഞ്ഞിട്ടു തന്നെ. ഈ

www.malankaralibrary.com

അച്ചനോട് എന്ത് കള്ളം പറയും, ഒന്ന് പിടിച്ചു നില്ക്കാൻ. ഒന്നും മനസ്സിൽ തോന്നുന്നില്ല. കതകിൽ മുട്ടുന്ന ശബ്ദം. അല്പം ജാള്യതയോടെ വാതിൽ തുറന്നു. തണുപ്പിൽ കൈകൾ കൂട്ടിത്തിരുമ്മി ചൂടാക്കാൻ ശ്രമിക്കുന്ന വൈദികന്, നെരിപ്പോടിനരികിൽ തന്നെ തോമസ് ഒരു കസേരയിട്ടുകൊടുത്തു. എതിർവശത്ത് മറ്റൊരു കസേരയിൽ തോമസും ഇരുന്നു. വൈദികൻ ഒന്നും മിണ്ടുന്നില്ല. ഈ വർഷത്തെ കഠിനമായ തണുപ്പിനെക്കുറിച്ചും, കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും ഒക്കെ തോമസ് സംസാരിച്ചു നോക്കി. വൈദികൻ ഒന്നും മിണ്ടുന്നില്ല. തോമസ് എത്ര ശ്രമിച്ചിട്ടും നെരിപ്പോടിൽ നോക്കിയിരിക്കുന്ന വൈദികൻ ഒരക്ഷരം മിണ്ടുന്നില്ല. പതിയെ രണ്ടുപേരും മൗനത്തിന്റെ വല്മീകത്തിനുള്ളിലായി.

പെട്ടെന്ന് വൈദികൻ തീയിളക്കുവാൻ ഉപയോഗിച്ചിരുന്ന ഒരു കമ്പിയെടുത്ത് നെരിപ്പോടിനുള്ളിൽ നന്നായി ജ്വലിച്ചുകൊണ്ടിരുന്ന ഒരു കനൽക്കട്ട പുറത്തേയ്ക്ക് മാറ്റിയിട്ടു. അല്പസമയംകൊണ്ട് അത് പതിയെ കെട്ടു. കനൽക്കട്ട കരിക്കട്ടയായി. തോമസ് പെട്ടെന്ന് എഴുന്നേറ്റ് ആ കരിക്കട്ട കനൽക്കട്ടകളുടെ മദ്ധ്യത്തിലേക്ക് തിരികെ തള്ളിയിട്ടു. നിമിഷങ്ങൾക്കകം ആ കരിക്കട്ട പൂർവശോഭയോടെ കനൽക്കട്ടയായി മാറി. ചെറു പുഞ്ചിരിയോടെ വൈദികൻ എഴുന്നേറ്റ് പറഞ്ഞു. “Thank You, Good Night. ഞാൻ പോവുന്നു.”

തോമസ് പറഞ്ഞു “വളരെ നന്ദിയച്ചോ... അടുത്ത ഞായറാഴ്ച ഞാൻ പള്ളിയിൽ കാണുമച്ചോ.” എത്ര നന്നായി എരിയുന്ന കനൽക്കട്ടയാണെങ്കിലും ജ്വലിച്ചുകൊണ്ടിരിക്കുന്ന മറ്റ് കനൽക്കട്ടകളിൽ നിന്നു മാറി ഒറ്റക്കിരുന്നാൽ, അത് ക്രമേണ കരിക്കട്ടയായി മാറിപ്പോകും.

ജപമാലമാസം. ഉള്ളിൽ നിരന്തരം എരിഞ്ഞുകൊണ്ടിരിക്കുന്ന കനൽക്കട്ടകളുടെ നെരിപ്പോടായിരുന്ന കന്യകയുടെ ജീവിതരഹസ്യത്തിലേക്ക് സഭ ചേർന്ന് നില്ക്കുന്ന ഒക്ടോബർ മാസം.

സന്തോഷത്തിന്റെ രഹസ്യങ്ങൾ. വീണുപോയവന്റെ ദുഃഖത്തിന്റെ താഴ്വരയിലേക്ക്, അവനെ തേടിവന്നവൻ പങ്കുവച്ച രക്ഷയുടെ രഹസ്യങ്ങൾ. ആ സന്തോഷക്കനലുകളെ ഉള്ളിൽ പൊതിഞ്ഞ് സൂക്ഷിച്ചിട്ടും, എളിമയുടെ കുപ്പായം എരിഞ്ഞ് ചാരമാകാതെ സൂക്ഷിച്ചവൾ... ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...

ദുഃഖത്തിന്റെ രഹസ്യങ്ങൾ... മനുഷ്യദുഃഖത്തിന്റെ തീവ്രഭാവങ്ങളെല്ലാം നിയോഗമെന്നവണ്ണം ഹൃദയത്തിലാവഹിച്ച കന്യക. കുരിശിൻ ചുവട്ടിൽ മൗനമായി നിന്നപ്പോഴും, ചേതനയറ്റ മകന്റെ മൃതദേഹം മടിയിലേറ്റുവാങ്ങിയപ്പോഴും,

www.malankaralibrary.com

വൃദ്ധൻ ശിമയോൻ പറഞ്ഞ വാളിന്റെ മൂർച്ച കെടാക്കനലായി ഹൃദയത്തിൽ സൂക്ഷിച്ചവൾ. വ്യാകുലങ്ങളുടെ അമ്മേ, നിന്നെ ഞാൻ സമാധാനത്തിന്റെ രാജ്ഞി എന്ന് വിളിക്കുന്നു. ഈ ജപമാല പ്രാർത്ഥനയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

മഹത്വത്തിന്റെ രഹസ്യങ്ങൾ... കണ്ണുനീരിന്റെ താഴ്‌വരയിൽ കഴിയുന്ന മക്കൾക്ക് ആശ്വാസത്തിന്റെ കിനാവുകളെ, പ്രതീക്ഷകളുടെ കിനാവുകളെ തന്ന അമ്മ. നിന്റെ സ്വർഗ്ഗാരോപണവും, സ്വർഗ്ഗീയ രാജ്ഞിയായുള്ള കിരീടധാരണവും ഞങ്ങളുടെ ഉള്ളിൽ പ്രതീക്ഷയുടെ കനൽവെട്ടം കെടാതെ സൂക്ഷിക്കുന്നു... സ്വർഗ്ഗാരോപിതയായ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...


പ്രകാശത്തിന്റെ രഹസ്യങ്ങൾ.... അന്ധകാരത്തിന്റെ താഴ്‌വരയിൽ പ്രവാസികളായ ഹവ്വയുടെ മക്കൾ വീർപ്പുമുട്ടുമ്പോൾ, അന്ധകാരത്തിലായിരുന്നവർക്കായി ഉദിച്ച നിത്യപ്രകാശമായ യേശുവിനെ ഗർഭം ധരിച്ച്, പ്രസവിച്ച് ഞങ്ങൾക്കായി നീ തന്നു. ഇന്നും അന്ധകാരത്തിലായിരിക്കുന്നവർക്ക് മാർഗ്ഗദീപമാണ് നീ. ഉദയകാല നക്ഷത്രമേ, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

ബലഹീനയായ കന്യക ദൈവപുത്രനെ ജീവിതത്തിൽ, ഹൃദയത്തിൽ, ഉദരത്തിൽ സംവഹിച്ചപ്പോൾ ബലമുള്ളവളും മാനവകുലത്തിന്റെ മുഴുവൻ പ്രത്യാശയുടെ പ്രതീകവുമായി മാറി. മറിയമേ, നിന്നെപ്പോലെ, നിന്റെ പുത്രനോട് ചേർന്നിരിക്കുവാൻ ഞങ്ങൾക്കും കൃപചെയ്യണമേ. ജീവിതത്തിലെ സന്തോഷത്തിന്റെ, മഹത്വത്തിന്റെ, പ്രകാശത്തിന്റെ രഹസ്യങ്ങളുടെ പൊരുൾ വെളിവാക്കിത്തരണമേ. നിന്റെ പുത്രനാകുന്ന നെരിപ്പോടിനുള്ളിലായിരിക്കുവാൻ, നിത്യം പ്രതീക്ഷയിൽ, സന്തോഷത്തിൽ, മഹത്വത്തിൽ ജ്വലിക്കുവാൻ ഞങ്ങൾക്കിടയാകണമേ. ഒരിക്കലും ആ നിത്യപ്രകാശത്തിൽ നിന്ന് അകന്നു മാറി കരിക്കട്ടയായിപ്പോകുവാൻ ഞങ്ങൾക്കിടയാകരുതേ...

പരിശുദ്ധ ജപമാലയുടെ രാജ്ഞീ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...

ഒക്ടോബർ 2009

www.malankaralibrary.com



# 4
# സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ

**പു**തുതായി വാങ്ങിയ വിലകൂടിയ കാർ കഴുകി വൃത്തിയാക്കുന്ന തിരക്കിലായിരുന്നു അയാൾ. എത്ര കഴുകിയിട്ടും, തുടച്ചിട്ടും തൃപ്തി വരാത്തതുപോലെ... ഇത്തരത്തിലൊരു കാർ വാങ്ങണം എന്ന ചിരകാലാഭിലാഷം സാധിച്ച തിലെ ആത്മസംതൃപ്തി... അവസാനം തുടച്ചു മിനുക്കിയ കാർ കുറച്ച് അകലെ മാറി നിന്ന് ഒന്ന് ആസ്വദിച്ചശേഷം അല്പം വെള്ളം കുടി ക്കുവാനായി അയാൾ വീട്ടിലേക്ക് കയറിപ്പോയി. അടുക്കളയിൽ നിന്ന് വെള്ളം കുടിച്ചുകൊണ്ടി രുന്നപ്പോൾ, ലോഹത്തകിടിൽ എന്തോ ഉരയുന്ന ശബ്ദം അയാൾ കേട്ടു. പെട്ടെന്നയാൾ പുറത്തേക്ക് ഓടിയിറങ്ങി. അവിടെ കണ്ട കാഴ്ച അയാളെ കോപാക്രാന്തനാക്കി. അയാളുടെ

www.malankaralibrary.com

കുസൃതിക്കുരുന്ന്, അഞ്ച് വയസുള്ള മകൻ, ആ കാറിന്റെ ഒരു വശത്ത് ഒരു ആണികൊണ്ട് എന്തോ കുത്തിവരക്കുകയാണ്. തിളച്ചുമറിഞ്ഞ കോപം അയാളെ അന്ധനാക്കി. കയ്യിൽ കിട്ടിയത് ഒരു ഇരുമ്പുകമ്പിയാണ്. കലികയറിയ അയാൾ മകന്റെ കൈത്തണ്ടയ്ക്ക് ഒരടി... മകന്റെ കൈമുറിഞ്ഞ് രക്തം ചീറ്റിയൊഴുകി... അസ്ഥികൾ നുറുങ്ങിപ്പോയി. രോഷമസ്തമിച്ചു. പക്ഷേ, തിരിച്ചെടുക്കാനാവാത്തവിധം ഒരു കൊടുംക്രൂരത... മകന്റെ കൈ ഏതാണ്ട് അറ്റുപോയ നിലയിലാണ്...അടുത്ത ആശുപത്രിയിൽ മകന്റെ കൈപ്പത്തി മുറിച്ചു മാറ്റേണ്ടി വന്നു... ആശുപത്രിയിൽ മകന്റെ കിടക്കയ്ക്കരികെ തലകുമ്പിട്ടിരുന്ന അയാൾ, ബോധം വീണ്ടെടുത്ത മകന്റെ സ്വരം കേട്ടു തലയുയർത്തി. ബാന്റേജിൽ പൊതിഞ്ഞ തന്റെ കയ്യിലേക്ക് നോക്കി മകൻ ചോദിച്ചു, "പപ്പാ, എന്നാണ് എന്റെ കൈ പഴയതുപോലെ ഇനിയും വളർന്നു വരിക?"

പൊട്ടിക്കരഞ്ഞുകൊണ്ട് അയാൾ പുറത്തേക്ക് ഓടി... ആശുപത്രിയുടെ മുറ്റത്ത് പാർക്ക് ചെയ്തിരുന്ന ഇതിനൊക്കെ കാരണമായ ആ കാറിൽ തലയിടിച്ച് അയാൾ കരഞ്ഞു... കണ്ണുനീർ തുള്ളികൾക്കിടയിലൂടെ അയാൾ കണ്ടു. ആ കാറിന്റെ സൈഡിൽ തന്റെ മകൻ കോറിയിടുവാൻ ശ്രമിച്ചത് എന്താണ് എന്ന്... "Pappa.... I love you."

ഇനിയും ഇതുപോലെ സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ എഴുതാനാകാത്തവിധം മകന്റെ കൈകൾ താൻ തകർത്തുവെന്ന് ഓർത്ത് ആ പിതൃഹൃദയം തേങ്ങി. അടുത്ത ദിവസം അയാൾ ആത്മഹത്യ ചെയ്തു. (വർഷങ്ങൾക്ക് മുമ്പ് റീഡേഴ്സ് ഡൈജസ്റ്റിൽ വായിച്ചതാണ്)

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ലോകചരിത്രത്തിൽ അരങ്ങേറുന്ന ഏറ്റവും വലിയ വൈരുദ്ധ്യത്തിന്റെ പരിച്ഛേദമാണിത്. മനുഷ്യചരിത്രത്തിൽ എന്നൊക്കെ, ആരൊക്കെ സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ കോറിയിട്ടോ, അന്നൊക്കെ അവരുടെയെല്ലാം കൈകൾ ഛേദിച്ചിട്ടേയുള്ളു മനുഷ്യർ... ചരിത്രത്തിലേക്ക് നോക്കൂ... സോക്രട്ടീസ്, യേശു, എബ്രഹാം ലിങ്കൻ, മഹാത്മ ഗാന്ധി, മാർട്ടിൻ ലൂഥർ കിംഗ് (ജൂനിയർ)... ഇവരുടെ നിര നീളുകയാണ്. എന്നാൽ ഈ ആളുകളെല്ലാം ലോകചരിത്രത്തിൽ പേരും പ്രശസ്തിയും കൊണ്ട് പ്രതിഷ്ഠിതരാണ്. എന്നാൽ നമ്മുടെ കുടുംബങ്ങളിൽ, സഭയിൽ, കുടുംബത്തിൽ ഒക്കെ ഇവരുടെ നേർപ്പകുപ്പുകൾ ഇല്ലേ? പേരില്ലാത്ത, മുഖമില്ലാത്ത എത്രയോ പേർ... കുടുംബത്തിനായി അഹോരാത്രം കഷ്ടപ്പെട്ട്, മക്കളെ പോറ്റി വളർത്തി വലുതാക്കിയ എത്രയോ മാതാപിതാക്കൾ സ്നേഹവും കാരുണ്യവും കിട്ടാതെ കുടുംബങ്ങളിലും അഗതി മന്ദിരങ്ങളിലും നരകയാതന അനുഭവിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കു വേണ്ടി ജീവിതം ഹോമി

www.malankaralibrary.com

ച്ചവർ അനീതിയും ദുഃഖവും പേറേണ്ടിവന്നിട്ടില്ലേ...? എന്നാൽ മറുപുറം നോക്കുക... അഴിമതിക്കാർ, വർഗ്ഗീയവാദികൾ തുടങ്ങിയ ഹീനജീവിതങ്ങൾ സിംഹാസനങ്ങളിൽ കയറിപ്പറ്റി അധികാരം കൈയാളുന്ന നാടാണ് നമ്മുടേത്. ഇവരെ അധികാരത്തിൽ നിലനിർത്താൻ, അവർക്കുവേണ്ടി പോരാടുവാൻ ജനം അണിചേരുന്ന നാട്... എന്നാൽ സ്നേഹത്തിന്റെ അടിക്കുറിപ്പുകൾ ചരിത്രത്തിലും സമൂഹത്തിലും കോറിയിടുന്ന സുമനസ്സുകളുടെ കരങ്ങൾ ഛേദിക്കപ്പെടുന്നു... ഇന്നും തുടരുന്ന പ്രതിഭാസമാണിത്.

ഇത് സെപ്റ്റംബർ മാസം... മലങ്കരസഭയിലെ അനൈക്യവും കോടതി വ്യവഹാരങ്ങളും അവസാനിപ്പിച്ച്, ഐക്യത്തിന്റെ ശാന്തിതീരത്ത് സഭയെ എത്തിക്കുവാൻ ജീവിതം ഹോമിച്ച ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റെ ജീവിതവും ദർശനങ്ങളും പുനരൈക്യ മഹാസുദിനത്തിൽ നാം ഓർക്കുന്നു. മലങ്കരസഭയ്ക്ക് ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു അടിക്കുറിപ്പ് എഴുതിച്ചേർത്ത ആ യുഗപ്രഭാവന്റെ ജീവിതത്തിനും സ്വപ്നങ്ങൾക്കും എതിരെ എന്തുകൊണ്ട് ഇന്നും ചിലരെങ്കിലും പകയോടെ സ്വരമുയർത്തുന്നു. ഈ പക അവിടംകൊണ്ട് അവസാനിക്കുന്നുമില്ല. ആ ആചാര്യന്റെ കാലടികളെ പിന്തുടരുന്നവരും അതേ വിധി ഏറ്റെടുക്കേണ്ടി വരികയാണോ..? സ്നേഹത്തിന്റെ അടിക്കുറിപ്പുകൾക്ക് ഇന്നും രക്തസാക്ഷികൾ ഉണ്ടാകുന്നു.

സെപ്റ്റംബർ 2009

www.malankaralibrary.com



# 5

# ഓർമ്മകൾ ഉത്സവങ്ങളാകുമ്പോൾ

**ഓ**ർമ്മകൾ മനുഷ്യമനസ്സുകളെ ദീപ്തമാക്കാറുണ്ട്. ചിലപ്പോഴെങ്കിലും തപിപ്പിക്കാറുമുണ്ട്. ഓർമ്മകൾ സുഖദമായ അനുഭവങ്ങളായി മനസ്സിനെ തലോടാറുണ്ട്. ചിലപ്പോൾ കരളുപിളർക്കുന്ന അശനീപാതങ്ങളായും ഓർമ്മകൾ മാറുന്നു. എന്തുകൊണ്ടാണ് ഓർമ്മകൾ ദേവാസുരജന്മങ്ങൾ പോലെ ധ്രുവീകരിക്കപ്പെടുന്നത്. ഉറ്റവരും ഉടയവരും കൂടപ്പിറപ്പുകളും സുഹൃത്തുക്കളുമെല്ലാം വേർപെട്ടുകഴിയുമ്പോൾ ബാക്കിയാവുന്നത് ഓർമ്മകൾ മാത്രം. പക്ഷേ, എല്ലാ ഓർമ്മകളും ഒരുപോലെ സുഖം പകരാറില്ലല്ലോ. ദുഃഖസ്മൃതികളായി, നൊമ്പരങ്ങളായി, എന്തിന് പേക്കിനാവായി പോലും ചില ഓർമ്മകൾ മാറാറുണ്ട്. അപ്പോഴൊക്കെ മറവി

www.malankaralibrary.com

യാണ് അനുഗ്രഹമായി കരുതപ്പെടാറുള്ളത്. ഓർമ്മകൾ ഉണ്ടാവാതിരുന്നെങ്കിൽ എന്ന് ഇടനെഞ്ചിലൊരു നെടുവീർപ്പ് ഉയരാറുമുണ്ട്. ചിലരെക്കുറിച്ചുള്ള ഓർമ്മ കളാവട്ടെ ആ ജീവിതങ്ങൾ സൃഷ്ടിച്ച വേദനകളുടെ ഉമിത്തീനീറ്റലായി മാറുന്നു... തിരുത്താനാവാത്ത ഒരക്ഷരത്തെറ്റു പോലെ ദുഃഖസ്മൃതികൾ...

മരണം ഒരു മനുഷ്യജന്മത്തെ ഉറ്റവരിൽ നിന്നും ഉടയവരിൽ നിന്നും കവർന്നെടുത്തു കഴിയുമ്പോൾ ബാക്കിവച്ചിട്ടു പോകുന്ന തിരുശേഷിപ്പു കളാണ് ഓർമ്മകൾ... ആ ഓർമ്മകൾ അയവിറക്കി, ബലം പ്രാപിച്ച് മുമ്പോട്ട് പോകുന്ന എത്രയോ മനുഷ്യജന്മങ്ങൾ... അകാലത്തിൽ ഭർത്താവിനെ നഷ്ട പ്പെട്ട ഭാര്യ, മകനെ നഷ്ടപ്പെട്ട അമ്മ, മാതാപിതാക്കൾ ഓർമ്മ മാത്രമായ മക്കൾ, ഭാര്യയെക്കുറിച്ചുള്ള ഓർമ്മകൾ മാത്രം താലോലിച്ചു കഴിയുന്ന ഭർ ത്താവ്... ശിഷ്ടജന്മം ഓർമ്മകൾക്കായി പകുത്തു നൽകിയ എത്രയോ പേർ... എന്താണവരെ പിടിച്ചു നിർത്തുന്നത്? ഓർക്കാൻ കുറേ നല്ല അനുഭവങ്ങൾ, ഓർമ്മയിൽ സൂക്ഷിക്കാൻ കൊള്ളാവുന്ന കുറേ നല്ല സ്നേഹസ്പർശങ്ങൾ, ഇടനെഞ്ചിലണയാതെ കത്തുന്ന നെയ്ത്തിരി കണക്ക് കുറച്ച് നല്ല ഓർമ്മകൾ... അവ മരിച്ചിട്ടും മറക്കാനാവാത്ത പ്രിയപ്പെട്ടവരെ ഒപ്പം നിർത്തുന്നു.

എന്നാൽ, പേക്കിനാവ് പോലെ വേട്ടയാടുന്ന ഓർമ്മകളും ഉണ്ട്. വിശ്വ സിച്ചേല്പിച്ച പാതിജീവൻ കാൽക്കീഴിലിട്ട് ചവിട്ടിയ ഭർത്താവും മക്കളും കാമു കനും ഒക്കെ... ഓർമ്മകളിലൂടെ വേട്ടയാടുന്നു. നിറമനസ്സോടെ നേദിച്ച ജീവിതം പഴന്തുണികണക്കെ വലിച്ചെറിഞ്ഞ്, ഒടുങ്ങാത്ത വേദനകൾ മാത്രം സമ്മാനി ച്ചവർ... അവർ സമ്മാനിച്ച ഉണങ്ങാത്ത മുറിവുകൾ, അഗ്നിമഴപോലെ നിന്ന് പെയ്യുകയാണ്... മനുഷ്യജീവിതത്തിന്റെ പാരസ്പര്യമില്ലാത്ത രണ്ട് മുഖങ്ങൾ...

ജീവിച്ചിരിക്കുമ്പോൾ നിരന്തരം ധ്യാനിക്കേണ്ട യാഥാർത്ഥ്യമാണിത്. നാം മരിച്ചു കഴിയുമ്പോൾ ചുറ്റുമുള്ളവരിൽ, സുഹൃത്തുക്കളിൽ നാം നിക്ഷേപിച്ച് കടന്നുപോകുന്ന ഓർമ്മകൾ എന്തൊക്കെയായിരിക്കും. നെഞ്ചോട് ചേർത്ത് ഓമനിക്കാൻ കുറച്ച് നല്ല അനുഭവങ്ങൾ ബാക്കിവച്ചിട്ടായിരിക്കുമോ നാം മരി ക്കുന്നത്. അതോ അപരന്റെ ഹൃദയത്തിൽ ഉടക്കിയ ഒടുങ്ങാത്ത നൊമ്പരത്തിന്റെ കാരമുള്ളായിരിക്കുമോ നമ്മെക്കുറിച്ചുള്ള ഓർമ്മകൾ.

സന്തോഷാശ്രുക്കൾ നയനങ്ങളെ സജലങ്ങളാക്കുന്ന ഓർമ്മകൾ മനു ഷ്യാസ്തിത്വത്തിന്റെ ഉത്സവങ്ങളാണ്. അതുകൊണ്ടായിരിക്കാം പൗരസ്ത്യ നാടുകൾ അവയ്ക്ക് ഒരു ഓമനപ്പേരിട്ടത് - ഓർമ്മപ്പെരുന്നാൾ. ഒരു സഭയിൽ പിതാവ് കാലം ചെയ്താൽ, ആണ്ടുവട്ടത്തിലൊരിക്കൽ സഭാമക്കൾ ഓർമ്മപ്പെ രുന്നാൾ ആഘോഷിക്കുകയാണ്. വി. കുർബ്ബാന ഉള്ളത്തിൽ സ്വീകരിച്ച് ദേവാ ലയത്തിന്റെ പടിയിറങ്ങുന്ന വിശ്വാസിയുടെ ഉള്ളം കയ്യിൽ വച്ചു കൊടുക്കുന്ന നേർച്ചയപ്പം പോലെ, പവിത്രമായ ഒരോർമ്മയുടെ സ്നേഹസമ്മാനം ഓരോ

www.malankaralibrary.com

വിശ്വാസിയുടെ ഹൃദയത്തിലും സന്തോഷം പകരുന്ന പുണ്യജന്മമാണ് ഒരു സഭാപിതാവിന്റേത്. അതുകൊണ്ട്, ആ ഓർമ്മകൾ, പെരുന്നാളുകളായി, സ്നേഹത്തിന്റെ ഉത്സവങ്ങളായി പരിണമിക്കുന്ന പുണ്യസ്ഥലങ്ങളാണ് പിതാക്കന്മാരുടെ കബിറടങ്ങൾ... ഓർമ്മപ്പെരുന്നാളുകൾ ചില്ലകൾ വിരിച്ച് പൂക്കുന്ന കബറിടങ്ങൾ...

ജൂലൈ മാസം ഒരു ആചാര്യന്റെ പാവനസ്മരണകളാൽ ദീപ്തമാണ്. ഐക്യത്തിന്റെ പ്രവാചകനും സഭാസ്നേഹിയും വിശുദ്ധനുമായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മകൾ സഭയെ മുഴുവൻ പുണ്യസ്മൃതികളാൽ അഭിഷേചിക്കുന്നു. ആ പാവനസ്മരണകളാൽ ധന്യയായ സഭയുടെ മക്കൾ അഞ്ജലിബദ്ധരായി ഒന്നിച്ചുരുക്കഴിക്കുന്നു... ഒരു പ്രാർത്ഥനാ മന്ത്രം:

"ആചാര്യേശാ, മിശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം...."

ജൂലൈ 2009

www.malankaralibrary.com



6

# വന്ദേ മാതരം.......

**ജ**നഗണമന...............

ത്രിവർണ്ണ പതാക ഇളംകാറ്റിൽ ആടിയുലഞ്ഞ് ഉയരുകയാണ്. ആഗസ്റ്റ് 15-ന്റെ ഈറനണിഞ്ഞ പ്രഭാതം. സ്വാതന്ത്ര്യപ്പുലരിയുടെ അഭിമാനം നിറഞ്ഞ തനിയാവർത്തനങ്ങൾ ഭാരതമങ്ങോളമിങ്ങോളം... ബാന്റ് മ്യൂസിക്കിന്റെ ചടുലതാളമൊപ്പിച്ച് ഉയർന്നു താഴുന്ന ബൂട്ടണിഞ്ഞ കാലുകൾ... ആവേശമുൾക്കൊണ്ട് വീശുന്ന കൈകൾ... ഇടനെഞ്ചിൽ തിങ്ങി നിന്ന രാജ്യസ്നേഹം ആയിരം കണ്ഠങ്ങളെ ഒന്നിച്ച് ത്രസിപ്പിച്ച്... വന്ദേ മാതരം..

സ്വാതന്ത്ര്യദിനം... മുഖമില്ലാത്ത, പേരറിയാത്ത എത്രയോ പേരുടെ ജീവത്യാഗം, ആത്മബലി... രക്തം ചിന്തിയ പോരാട്ടം.... ഒടുവിൽ

www.malankaralibrary.com

ചെങ്കോട്ടയ്ക്ക് മുകളിൽ ഒരു സ്വാതന്ത്ര്യപ്പുലരി... എത്രയോ ആയിരങ്ങളുടെ... ജീവത്യാഗത്തിന്റെ ആത്മബലിയുടെ പ്രതിഫലം. ആയിരങ്ങളുടെ ആത്മഹർഷ മേറ്റുവാങ്ങി ആ വിളി ഉയരുകയാണ്...

ഭാരത് മാതാ കീ ജയ്...

പിന്നീട് നീണ്ട 62 ആണ്ടുകൾ... സ്വാതന്ത്ര്യം... വെറും ജലരേഖയാവു കയാണോ...?

നേട്ടങ്ങളുടെ കഥകൾ ഏറെ പറയാനുണ്ട്... വികസനത്തിന്റെ ഗാഥ കൾ ചന്ദ്രയാൻ വരെ എത്തി നില്ക്കുന്നു.... എങ്കിലും ഭാരതം ഇന്നും ദരിദ്ര മാണ്. നിരക്ഷരരുടെ എണ്ണം കുറയുന്നില്ല. ഒരു നേരത്തെ ഭക്ഷണത്തിന് കരയുന്ന കുഞ്ഞുങ്ങൾ ഇന്നും ഇന്ത്യക്ക് സ്വന്തം. വർഗ്ഗീയ കലാപങ്ങളുടെ തീ കെടുന്നില്ല... ഭീകരതയുടെ രക്തമുണങ്ങാത്ത ചാലുകൾ... ചൂഷണത്തിന്റെ മനം മടുപ്പിക്കുന്ന കഥകൾ... "എന്തേ നമ്മുടെ ഭാരതം ഇങ്ങനെയായി..." അറിയാതെ ഉറക്കെയായിപ്പോയ ചോദ്യത്തിന്റെ മാറ്റൊലി ഒരു മറുചോദ്യ മെറിഞ്ഞു. "എന്തേ... ഞാൻ ഇങ്ങനെയായിപ്പോയി...?"

അടിമത്വത്തിന്റെ വിത്ത് ഉള്ളിൽ പേറുന്ന എന്നെപ്പോലുള്ളവരുടെ ഭാരതം ഇങ്ങനെയല്ലാതെ എന്താകാൻ... എന്റെ സ്വന്തം ഇഷ്ടങ്ങളുടെ, സ്വാർത്ഥ തയുടെ തടവറക്കുള്ളിൽ സ്വയം ബന്ധിക്കപ്പെട്ടവൻ... എന്നെപ്പോലുള്ളവരുടെ ഭാരതം ഇങ്ങനെയല്ലാതെ എന്താകാൻ...

ഒരു ടിക്കറ്റ് എടുക്കുമ്പോൾ ക്യൂവിൽ നില്ക്കുന്നവരുടെ മുമ്പിൽ തള്ളി ക്കയറുമ്പോഴും, ഒരു ജോലി തരപ്പെടുത്താൻ കൈക്കൂലി നല്കുമ്പോഴും, ഒരു ശുപാർശയുടെ ബലത്തിൽ കോളേജിൽ അഡ്മിഷൻ തരപ്പെടുത്തുമ്പോഴും, അർഹരായവരുടെ അവകാശം ഞാൻ തട്ടിപ്പറിച്ചു എന്നറിയാൻ മിനക്കെടാറില്ല.

ബലമുള്ളവർ - കൈയൂക്കുള്ളവർ - കാര്യം സാധിക്കുന്ന ഈ ലോക ത്തിൽ "നാടോടുമ്പോൾ നടുവേയോടുക" അല്ലാതെന്തു ചെയ്യും എന്ന ന്യായം ഉരുവിടുന്നോനാണ് ഞാൻ. എന്റെ ജീവിതം ഭദ്രമാക്കാൻ പിന്നെ എന്തു ചെയ്യും? എന്റെ ജീവിതം അങ്ങനെ ഭദ്രമാക്കിക്കഴിഞ്ഞ് കിട്ടുന്ന ഒഴിവുസമയം ചാരു കസേരയിൽ ചാഞ്ഞിരുന്ന് ഭാരതത്തിന്റെ ദുർഗ്ഗതിയോർത്ത് ഞാൻ പരിതപി ക്കാറുണ്ട്. അച്ചടക്കമില്ലാത്ത, കൈക്കൂലി കൊടുക്കാതെ കാര്യം സാധിക്കാൻ പറ്റാത്ത ഈ നാടിന്റെ ഗതി കഷ്ടം തന്നെ എന്ന് വിലപിക്കാൻ മറക്കാറില്ല.

എന്റെ വീടും മുറ്റവും വൃത്തിയായിക്കിടക്കാൻ അവിടം അടിച്ചുവാരി, റോഡിലോ, അയൽപക്കത്തെ പറമ്പിലോ കൊണ്ട് ഞാൻ തള്ളും. വീണ്ടും വന്ന് ചാരുകസേരയിൽ ചാരിക്കിടന്ന് ഈ നാടെന്തേ ഇത്ര വൃത്തിഹീനമായി പ്പോയി എന്ന് ഞാൻ വിലപിക്കാറുണ്ട്.

ഒരുവിധം പ്രായമായ മരങ്ങളൊക്കെ വെട്ടി വിറ്റ് കാശാക്കുവാൻ ഞാൻ മടിക്കാറില്ല. എന്നാൽ ഒരു തൈ നടാൻ - ഒരു തണൽ നടാൻ - മിനക്കെ

www.malankaralibrary.com

ടാതെ, എന്റെ ചാരുകസേരയുടെ ആലസ്യത്തിൽ മയങ്ങാൻ ശ്രമിക്കുമ്പോൾ, ദുഃസ്സഹമായ ചൂടിനെക്കുറിച്ചും കാലാവസ്ഥയുടെ സുഖകരമല്ലാത്ത മാറ്റങ്ങളെക്കുറിച്ചും ഞാൻ പരാതിപ്പെടാറുണ്ട്.

എന്റെ തോട്ടത്തിൽ വിളയുന്ന കനികളെല്ലാം വിഷലായനിയിൽ കുളിപ്പിച്ച് ചന്തയിലെത്തിച്ച് വൻ ലാഭം കൊയ്തു മടങ്ങിയെത്തി ചാരുകസേരയിൽ കിടക്കുമ്പോൾ, എന്തേ ഈ നാട്ടിൽ ഇത്രയും പേർ ക്യാൻസർ രോഗികളാകുന്നു എന്ന് ഞാൻ ആകുലപ്പെടാറുണ്ട്. എന്നിട്ട് പഴി ചാരാൻ ആരെയും കിട്ടാത്തതിനാൽ "കലികാല വൈഭവം" എന്ന ഒരു ആത്മഗതവും ചെയ്യും.

എനിക്ക് വേഗമെത്താൻ അതിവേഗത്തിൽ ഞാൻ വാഹനമോടിക്കുകയും, സാധിക്കുമ്പോഴെല്ലാം ഗതാഗത നിയമങ്ങൾ സൗകര്യപൂർവ്വം ലംഘിക്കുകയും ചെയ്യും. അങ്ങനെ ലാഭിച്ച സമയം ചാരുകസേരയിൽ കിടന്ന് നാട്ടിൽ വർദ്ധിച്ചുവരുന്ന അപകടങ്ങളെക്കുറിച്ച് വ്യാകുലപ്പെടുകയും സർക്കാരിനെ പഴിക്കുകയും ചെയ്യാറുണ്ട്...

സ്വാതന്ത്ര്യദിനം പ്രമാണിച്ച് സർക്കാരാശുപത്രിയും പരിസരവും വൃത്തിയാക്കാനിറങ്ങിത്തിരിച്ച ചില സുഹൃത്തുക്കളെ സൗകര്യപൂർവ്വം ഒഴിവാക്കി ഓടിവന്ന് എന്റെ ചാരുകസേരയിൽ കിടന്നു. വായിക്കാൻ കയ്യിൽ കിട്ടിയത്, കുഞ്ഞുണ്ണിക്കവിതകൾ... കണ്ണിലുടക്കിയ വരികളിലെ കുസൃതിയും ദർശനവും എനിക്കിഷ്ടപ്പെട്ടു:

"ഈ ലോകം നന്നാകാനെന്തു നല്ലൂ
മനസ്സിൽ നല്ലോരു ചൂല് നല്ലൂ..."

എവിടെയെങ്കിലും തരംപോലെ ഒരു പ്രസംഗത്തിൽ തട്ടിവിടാൻ കൊള്ളാം എന്ന് മനസ്സിലുറപ്പിച്ച് വീണ്ടും ചാരുകസേരയുടെ പരിരംഭണത്തിൽ...

ഓ... ഇന്ന്.... സ്വാതന്ത്ര്യദിനം. കുട്ടികളെ പരേഡ് കാണിക്കാൻ കൊണ്ടുപോകാം എന്നേറ്റതാണ്. ഇന്നവധിയായതുകൊണ്ട് രണ്ട് സി. ഡി. നേരത്തേ തന്നെ സംഘടിപ്പിച്ചിട്ടുണ്ട്. ഞാനും, എന്റെ കുടുംബവും, എന്റെ ടി. വിയും. എന്തു രസം! നാടു നന്നായില്ലെങ്കിൽ എനിക്കെന്ത് ചേതം എന്ന് മനസ്സിൽ വന്ന ചിന്ത ഉറക്കെയായിപ്പോവാതിരിക്കാൻ ശ്രദ്ധിച്ചു. കാരണം ചുറ്റുമുള്ളവർ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ സന്തോഷത്തിൽ...


അതോ, അവരും... ഉള്ളിൽ എന്നെപ്പോലെ തന്നെയാണോ?...

ആർക്കറിയാം...? ഏതായാലും എല്ലാവരോടൊപ്പം ഞാനും ആവേശം ഒട്ടും കുറയ്ക്കാതെ വിളിച്ചു...

വന്ദേ മാതരം...

ആഗസ്റ്റ് 2009

www.malankaralibrary.com




# 7

# നിന്നെ പ്രതി നിത്യം കൊല ചെയ്യപ്പെടുവോർ....

"**പി**ന്നെ അവൻ അപ്പമെടുത്ത് മുറിച്ച് അവർക്ക് കൊടുത്തു...." (ലൂക്കാ 22/19)

സെഹിയോൻ മാളികയുടെ ഊട്ടുശാലയെ തപിപ്പിച്ച വാക്കുകൾ... അവൻ തുടർന്നു....

"വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരം...."

അപ്പോൾ അവന്റെ ഘനമേറിയ സ്വരം വിറപൂണ്ടുവോ? മുറിക്കപ്പെടുന്നതിന്റെ വേദന അവന്റെ അധരങ്ങളിൽ നിന്നും വീണ ഓരോ അക്ഷരങ്ങളിലും വിങ്ങി നിന്നിരുന്നുവോ?

www.malankaralibrary.com

പിന്നീട് കാലമേറെ കഴിഞ്ഞു. ഹെർമോൻ മലയിലെ മഞ്ഞ് ധാരാളം ഉരുകിപ്പോയി. ജോർദ്ദാൻനദിയിലെ ജലവും ഏറെ ഒഴുകിപ്പോയി. എന്നിട്ടും തുടരുകയാണ്.... സെഹിയോൻ മാളികയിലെ ഊട്ടുശാലയുടെ നേർപകുപ്പുകൾകണക്കെ ഉയർന്ന അനേകം ദേവാലയങ്ങളിൽ വീണ്ടും, വീണ്ടും അവന്റെ പ്രതിപുരുഷന്മാർ അപ്പം മുറിക്കുന്നു. അവരുടെ വിറപൂണ്ട അധരങ്ങളിൽ നിന്നും ആ വാക്കുകൾ അടർന്നു വീഴുന്നു....

"ഇതെന്റെ ശരീരം... ഇതെന്റെ രക്തം."

മുറിക്കപ്പെടുവാനും ചിന്തപ്പെടുവാനും ജന്മം ഉഴിഞ്ഞുവച്ചവർ, അപ്പം മാത്രമല്ല, ജീവിതം കൂടി മറ്റൊരപ്പം കണക്കെ മുറിച്ചു നൽകുവാൻ വിളിക്കപ്പെട്ടവർ... പുരോഹിതർ... ഒടുവിൽ അവർക്കുവേണ്ടിയും ഒരുവർഷം... പൗരോഹിത്യ വർഷം....

അമ്മയുടെ പൊക്കിൾക്കൊടിയിൽനിന്നും മുറിച്ചു മാറ്റപ്പെട്ട ഉടനെ, വിളിച്ചവൻ പറഞ്ഞു. "നീ എന്റേതാണ്."

പിന്നെ, മാതാപിതാക്കളിൽ നിന്ന്, സഹോദരങ്ങളിൽ നിന്ന്, ജനിച്ചു വീണ വീട്ടിൽ നിന്ന്, കളിച്ചു വളർന്ന മണ്ണിൽ നിന്ന് ഒക്കെ അടർത്തി മാറ്റപ്പെടുമ്പോൾ മുറിക്കപ്പെടുന്നവന്റെ വേദന കിനിയുന്ന ഹൃദയം സ്വന്തമാക്കിയവൻ... പുരോഹിതൻ...

യുവത്വത്തിന്റെ മരുപ്പച്ചയിൽ നിന്ന്, സ്വപ്നവസന്തങ്ങളുടെ ഭൂമികയിൽ നിന്ന് ഒക്കെ അവൻ പതിയെ മുറിച്ചു മാറ്റപ്പെട്ടു. തീവ്രമായ പരിശീലനത്തിന്റെ നാളുകൾക്കൊടുവിൽ മറ്റൊരു സെഹിയോൻ മാളികയിലെ ഊട്ടുശാലയുടെ തീക്ഷണഗന്ധം അവനെ ചൂഴ്ന്നു നിന്ന വേളയിൽ, നമ്രശിരസ്കനായി നിന്ന അവന്റെ ശിരസ്സിലെ മുടിയിഴകൾ മുറിച്ചു മാറ്റപ്പെട്ടു. പണ്ടൊരു നാൾ, അമ്മയുടെ ഗർഭഗൃഹത്തിൽ വച്ച് അവൻ കേട്ട ശബ്ദം വീണ്ടും അന്തഃരംഗത്തിൽ മുഴങ്ങി... "നീ എന്റേതാണ്... പുരോഹിതൻ...."

കർമ്മരംഗങ്ങളിൽ സമയവും ആരോഗ്യവും ആയുസ്സും എല്ലാം പകുത്തുനൽകി ബലിവേദിയിലെ മുറിക്കപ്പെടുന്ന അപ്പമായി അവൻ സ്വയം മാറുന്നു....

കുടുംബത്തിലൊരുവൻ പുരോഹിതനായപ്പോൾ സന്തോഷിച്ചവരെത്ര? ആ സന്തോഷങ്ങളിൽ ലാഭക്കണക്ക് കൂട്ടിയവരും എത്ര? കണക്കുകൾ പിഴച്ചവരൊക്കെ തള്ളിപ്പറഞ്ഞ വേളകളിൽ സ്വന്തവും ബന്ധവും മുറിച്ചു മാറ്റപ്പെടുന്ന വേദനയും അറിഞ്ഞു. നിരന്തരം മുറിക്കപ്പെടുവാനുള്ള ബലിവസ്തുവായി പരിണമിക്കുമ്പോൾ തിരിച്ചറിഞ്ഞു, ജീവിതനിയോഗത്തിന്റെ തീക്ഷണത...

ഉയിരും, ഊരും കൊടുത്ത ശുശ്രൂഷാവേദികൾ... സ്വന്തമെന്നുള്ളതൊക്കെ മാറ്റിവച്ച് വേലചെയ്ത കർമ്മഭൂമികൾ.... വിയർപ്പൊന്നാറ്റുവാൻ,

www.malankaralibrary.com

കിതപ്പൊന്നകറ്റുവാൻ മിനക്കെടാതെ മടച്ചുതളർന്ന ഉഷ്ണസന്ധ്യകൾ.... ഒടുവിൽ തല ചായ്ക്കും മുമ്പ് വിളിച്ചവന്റെ സന്നിധാനത്തിൽ, അത്മപരിശോധനയുടെ അരണ്ട വെട്ടത്തിൽ അവൻ ഒന്ന് തേങ്ങിപ്പോയതെന്തേ...? ഈ വേദന ആരു കാണുന്നുവെന്ന തോന്നലോ..... ഏകനാണെന്നുള്ള വ്യഥയോ.... എങ്കിലും വീണ്ടും പ്രഭാതത്തിൽ, അപ്പവും വീഞ്ഞും കൈകളിലേന്തി അർദ്ധനീമീലിത നേത്രങ്ങളോടെ നിന്ന്, സെഹിയോൻ മാളികയുടെ സ്നേഹമന്ത്രം ഉരുക്കഴിച്ചപ്പോൾ, "ഇതെന്റെ ശരീരം, ഇതെന്റെ രക്തം" എന്ന ആത്മാവിലുൾച്ചേർന്നുപോയ സ്നേഹമന്ത്രം ഉരുക്കഴിച്ചപ്പോൾ, തളർന്നു പോയ ഹൃദയഭിത്തികളിൽ അഗ്നിയുണരുന്നതവനറിഞ്ഞു. യാഗമാകുവാൻ വിളിക്കപ്പെട്ടവൻ... പുരോഹിതൻ...


പ്രൊമിത്യൂസിന്റെ കരൾ കണക്കെ ജീവിതം വീണ്ടും തളിർക്കുന്നു. തളിർത്തതെല്ലാം ഇറുത്തെടുത്ത് ഹോമിക്കേണ്ടതാണ് എന്ന തിരിച്ചറിവിന്റെ തീക്ഷണത തളർത്തിക്കളഞ്ഞ ചില വേളകളിൽ "കഴിയുമെങ്കിലീ പാനപാത്രം, പിതാവേ...." എന്ന് നിലവിളിച്ചുപോയ നിമിഷങ്ങൾ.... "എങ്കിലും എന്റെ ഹിതമല്ല, അവിടത്തെ ഹിതം നിറവേറട്ടെ....." എന്ന ചൂടുള്ള ഒരു ദീർഘനിശ്വാസത്തിന്റെ ചിറകുകളിലേറി പ്രതീക്ഷയുടെ വിഹായസ്സിലേക്ക് വീണ്ടും പറന്നുയരുന്ന അനുഭവങ്ങൾ.... പുരോഹിതജന്മം... നിരന്തരം മുറിക്കപ്പെടുവാൻ, ഹോമിക്കപ്പെടുവാൻ വിളിക്കപ്പെട്ടവൻ... പുരോഹിതൻ...

"നിന്നെ പ്രതി നിത്യം കൊല ചെയ്യപ്പെടുവോർ-ഹാ-ഉ-ഹാ-
ബലിയാടുകൾ പോലായ് ഞങ്ങൾ..."

സന്ധ്യയുടെ യാമങ്ങളെ ഭക്തസാന്ദ്രമാക്കി,
ദേവാലയത്തിന്റെ തൂണുകളെ തഴുകിയെത്തുന്ന പ്രാർത്ഥനാഗാനം....
പുരോഹിത ജന്മത്തിന്റെ ഉണർത്തുപാട്ടും ഉറക്കുപാട്ടും ഒന്നുതന്നെ.
"നിന്നെപ്രതി നിത്യം കൊലചെയ്യപ്പെടുവോർ....."

ജൂൺ 2009

www.malankaralibrary.com



8

# ഗുരുത്വം

"**ഹാ**യ് പപ്പാ- മെനി മെനി, ഹാപ്പി റിട്ടേൺസ് ഒഫ് ദ ഡേ." മകന്റെ ആശംസയും ചുംബനവും.

"ഹാപ്പി ബർത്ത്ഡേ ഗ്രാൻഡ്പാ"

കുസൃതിക്കുരുന്നായ കൊച്ചുമകന്റെ കിളിക്കൊഞ്ചൽ. ആ കുരുന്നിന്റെ കയ്യിൽ നിന്നും തനിക്കുള്ള പിറന്നാൾ സമ്മാനം വാങ്ങുമ്പോൾ വല്ല്യപ്പന്റെ കൈകൾ വിറച്ചു. കണ്ണുകൾ സജലങ്ങളായി. നിറമിഴികളിലൂടെ നോക്കിയപ്പോൾ സമ്മാനപ്പൊതിയുടെ വർണ്ണക്കടലാസും ചുറ്റുമുള്ള ലോകം മുഴുവനും കാലിഡോസ്ക്കോപ്പ് സൃഷ്ടിച്ച വർണ്ണപ്രപഞ്ചം. അർത്ഥമില്ലാത്ത ഡിസൈൻ

www.malankaralibrary.com

പോലെ ഒരു ജീവിതം... 83-ാം ജന്മ ദിനം... ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ട പുരുഷായുസ്സിന്റെ ഈ മുഹൂർത്തം സാഫല്യമോ ശാപമോ....

അറിയാതെ ഓർമ്മകൾ പിന്നോട്ടു പായുകയാണ്.... പക്ഷേ, പെട്ടെന്ന് അതിനൊക്കെ വിരാമം കുറിച്ച് മകന്റെ സ്വരം, "പപ്പാ... ഈ സമ്മാനപ്പൊതി ഒന്ന് തുറന്നേ..." വിറ പൂണ്ട വിരലുകളാൽ കൊച്ചുകുട്ടിയുടെ കൗതുകമുള്ള മനസ്സോടെ അയാൾ പൊതിയഴിച്ചു. ബ്രൗൺ നിറത്തിൽ ഒരു കമ്പിളി കുപ്പായം. മകൻ തന്ന സമ്മാനം. പല്ലില്ലാത്ത മോണ കാട്ടിയുള്ള ആ ചിരിയിൽ നന്ദിയും സന്തോഷവും നിറഞ്ഞു.

വൃദ്ധസദനത്തിന്റെ അധികാരികളുടെ സമ്മതത്തോടെ മകന്റെ കാറിൽ പുറത്തേയ്ക്ക്...മുന്തിയ ഹോട്ടലിൽ ഭക്ഷണം. ഭക്ഷണത്തിനു ശേഷം ഐസ്ക്രീം കഴിച്ചപ്പോൾ മകൻ സ്നേഹപൂർവ്വം വിലക്കി... "പപ്പാ, ഡയബൈറ്റീസ്...?"

"നെവർ മൈന്റ്, ഡിയർ....വല്ലപ്പോഴുമല്ലേ....." മരുമകളുടെ വക്കാലത്ത്.

"ഓകെ പപ്പാ..... പിറന്നാളല്ലേ കഴിച്ചോളൂ......" രണ്ടു മണിക്കൂർ നേരം... സ്നേഹം കൊണ്ട് വീർപ്പുമുട്ടിയ നിമിഷങ്ങൾ.... "ഡാർലിംഗ്, സമയം പോയി. നാളെ കമ്പനിയുടെ ബോർഡ് മീറ്റിംഗ് ഉള്ളതാണ്..."

മരുമകളുടെ ലിപ്സ്റ്റിക്കിട്ട ചുണ്ടുകൾ കോടി... ഭർത്താവിന്റെ ശ്രദ്ധയില്ലായ്മയിലുള്ള പരാതി...

"ഓ... ശരി. എങ്കിൽ നമുക്ക് പോകാം...."

കാറിൽ തിരിയെ വൃദ്ധസദനത്തിലേയ്ക്ക്... വൃദ്ധസദനം നടത്തിപ്പുകാർക്ക് ഒരു കവർ. അപ്പന്റെ ബർത്ത്ഡേ പ്രമാണിച്ച് എല്ലാവർക്കും ലഡു.

"പോകട്ടെ, പപ്പാ..."

മകന്റെ കണ്ണുകൾ പാതി നിറഞ്ഞു. മരുമകളുടെ നേർക്ക് വല്ല്യപ്പൻ ദൃഷ്ടികളയച്ചു. എന്തൊക്കയോ അസ്വസ്ഥതയിൽ അവർ മറുവശത്തേയ്ക്ക് ദൃഷ്ടികൾ മാറ്റി.

"മോനേ, ഗ്രാൻഡ്പായ്ക്ക് ഒരു ഉമ്മ കൊടുത്തേ...."

കൊച്ചുമകന്റെ കവിളിൽ വല്ല്യപ്പന്റെ കണ്ണീർ വീണത് ഉടൻതന്നെ മരുമകൾ കൈലേസ് കൊണ്ട് തുടച്ചു.

"എങ്കിൽ പോകാം..."

അസ്വസ്ഥതയിൽ നിറഞ്ഞ ഈ സീൻ പെട്ടെന്ന് തീരാൻ മരുമകൾ

www.malankaralibrary.com

ആഗ്രഹിച്ചു. ആ ധൃതി കണ്ടപ്പോൾ വല്ല്യപ്പനും അറിയാതെ ഒരു ചുട് ദീർഘ നിശ്വാസം പൊഴിച്ചു.

കഷ്ടപ്പാട് നിറഞ്ഞ ജീവിതം.... അദ്ധ്വാനം കൊണ്ട് തളർന്ന രാവുകൾ... എല്ലാം മകനു വേണ്ടി. അവന്റെ വിദ്യാഭ്യാസം. ഉയർച്ച. അവൻ ഒരു കര പിടിച്ചാൽ കുടുംബം രക്ഷപ്പെടും. പിന്നെ രണ്ട് പെൺമക്കൾ... അവരുടെ കാര്യം നോക്കാൻ അവന്റെ തുണയും ശമ്പളവും കൂട്ടിന് ഉണ്ടല്ലോ. കണക്കുകൂട്ടലുകൾ ഒക്കെ എപ്പോഴാണു പാളിയത്...

പ്രണയത്തിന്റെ പൂമ്പാറ്റകൾ പാറുന്ന കോളേജ് കാമ്പസ്സിൽ മൊട്ടിട്ട പ്രണയം. ജോലി കിട്ടിക്കഴിഞ്ഞയുടനെയുള്ള അവന്റെ വിവാഹം. മകന്റെ ഇഷ്ടങ്ങൾക്കൊന്നും എതിരുനില്ക്കാവാനാവാത്ത അപ്പന് പറയാൻ വന്നതൊക്കെ തൊണ്ടയിൽ കുടുങ്ങി നിന്നു. അവന്റെ കുടുംബം വളർത്താനുള്ള തത്രപ്പാടിൽ മകൻ പെങ്ങന്മാരുടെ കാര്യം മറന്നുപോയത് എന്തേ?... അതോ അവനത് സൗകര്യപൂർവ്വം വിസ്മരിച്ചോ...

വീണ്ടും കഠിനാദ്ധ്വാനത്തിന്റെ വർഷങ്ങൾ. കൂട്ടിവച്ചതും മകളെ പറഞ്ഞയയ്ക്കാൻ കടം വാങ്ങിയതും തികയാതെ വന്നപ്പോൾ... വസ്തുവിന്റെ ഒരു കോണ് വിൽക്കേണ്ടിവന്നു.

സമ്പാദ്യശീലമില്ലാതെ പോയതിനെക്കുറിച്ച് മകൻ അന്ന് എന്നെ കുറ്റപ്പെടുത്തി...

"മോനേ നീയാണെന്റെ സമ്പാദ്യം.... മക്കളെക്കാൾ വലിയ സമ്പാദ്യം എന്തുണ്ട്?" എന്ന് ചോദിക്കാൻ തോന്നി... പക്ഷേ, വർഷങ്ങളുടെ ശീലം ആ ചിന്തയെ തടഞ്ഞു.

താനും ഭാര്യയും മാത്രമായ വീട്... പരസ്പരം ആശ്വസിപ്പിച്ചും ശുശ്രൂഷിച്ചും കടന്ന് പോയ രണ്ട് വർഷങ്ങൾ. ആസ്ത്മ കൊണ്ട് വിഷമിക്കുന്ന ഭാര്യയ്ക്ക് മരുന്നു വാങ്ങാൻ അപ്പോഴും താൻ അദ്ധ്വാനം തുടർന്നു. അവസാനം അവളും വിട്ടുപിരിഞ്ഞു.

അവളില്ലാത്ത കട്ടിലിൽ, പാതി ശൂന്യമായ കട്ടിലിൽ, മലർന്ന് കിടന്ന് മച്ചിൽ നോക്കി വെറുതെ കിടന്നപ്പോൾ, മുറിയിലെ അരണ്ട വെളിച്ചത്തിൽ മകൻ കടന്നുവന്നത് കണ്ടു.

"ഉം, എന്താ മോനേ... നിനക്കും പോകണമല്ലേ?"

"അപ്പനെ ഒറ്റയ്ക്കാക്കിയിട്ട് എങ്ങനെ..."

"ഓ, സാരമില്ല... ഇത്രയും നാളും ഞാൻ ഒറ്റയ്ക്കല്ലായിരുന്നോ... സാരമില്ല, നീ പൊയ്ക്കോളൂ...."

www.malankaralibrary.com

"അതല്ല പപ്പാ.... നമുക്ക് ഈ വീടും പുരയിടവും വില്ക്കാം... എന്നിട്ട് സിറ്റിയിലേയ്ക്ക് പോകാം. പപ്പാ ഇവിടെ ഇനിയും ഒറ്റയ്ക്ക് കഴിയേണ്ട."

ഒന്നോർത്താൽ അതാണ് നല്ലത്. എന്തിനിവിടെ ഒറ്റയ്ക്ക് കഴിയണം. സിറ്റിയിൽ മകന് വീടുണ്ട്. അവന്റെ കുടുംബത്തോടൊപ്പം പേരക്കുട്ടിയെ ലാളിച്ച് ശിഷ്ടകാലം കഴിയാം. അധികം ആലോചിക്കാതെ വീടും പുരയിടവും എല്ലാം വില്ക്കാൻ സമ്മതം മൂളി. മകൻ കൊണ്ടു വന്ന പേപ്പറുകളിലെല്ലാം ഒപ്പിട്ടു കൊടുത്തു. വില്പനയും എല്ലാം പെട്ടെന്നായിരുന്നു.

വീടു വിട്ട് സിറ്റിയിലേക്ക് പോകുന്നതിന് തലേ ദിവസം രാത്രിയിൽ വീണ്ടും മകൻ മുറിയിലേക്ക് വന്നു... അല്പം ബുദ്ധിമുട്ടി അവൻ പറഞ്ഞു തുടങ്ങി ...

"വളരെ ബുദ്ധിമുട്ടിയാണ് ഞാൻ അത് സാധിച്ചെടുത്തത്. എന്റെ അടുത്ത ഒരു സുഹൃത്തിന് വൃദ്ധസദനത്തിന്റെ നടത്തിപ്പുകാരുമായി നല്ല അടുപ്പ മുണ്ടായിരുന്നു. പപ്പായ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല.... എല്ലാം നോക്കാൻ ആളുണ്ട്."

തലക്കുള്ളിൽ ഒരു വെള്ളിടി വെട്ടിയപോലെ.... കാൽച്ചുവട്ടിലെ മണ്ണൊന്നാകെ ഒലിച്ചു പോകുന്നതുപോലെ.... സിറ്റിയിൽ മകന്റെ വീട്ടിൽ, അവരുടെ സാമീപ്യവും സ്നേഹവും അനുഭവിച്ച്, പേരക്കുട്ടികളെ ലാളിച്ച്... എന്തെല്ലാം സ്വപ്നങ്ങളായിരുന്നു. ഇത്ര പെട്ടെന്ന് എല്ലാം...

മകനെ നോക്കിയിരുന്നപ്പോൾ... തന്റെ നോട്ടം നേരിടാനാവാതെ അവൻ പതിയെ എഴുന്നേറ്റുകൊണ്ട് പറഞ്ഞു....

"പപ്പാ ഉറങ്ങിക്കോളു... രാവിലെ യാത്ര ചെയ്യാനുള്ളതല്ലേ..."

അതിനുശേഷം ഇത് എത്രാമത്തെ പിറന്നാളാണ്. വൃദ്ധൻ ഓർമ്മയിൽ പരതി... ഓർക്കുന്നില്ല.

വൃദ്ധസദനത്തിന്റെ പോർച്ചിൽ കിടന്നിരുന്ന കാറിൽ, മകനും കുടുംബവും കയറി, മുൻവശത്തെ ഗ്രില്ലിൽ ഒരു കൈ മുറുകെ പിടിച്ചു നിന്ന് മറു കയ്യിൽ ഒരു കമ്പിളികുപ്പായം മാറോട് ചേർത്ത് നിന്ന വൃദ്ധനെ നോക്കി കൈവീശി... കാർ സ്റ്റാർട്ട് ചെയ്ത് പതിയെ അവർ അകന്നു പോയി...

വൃദ്ധസദനത്തിന്റെ മുമ്പിലെ ഗാർഡനിൽ ചെടിക്ക് വെള്ളമൊഴിച്ചു കൊണ്ട് നിന്നിരുന്ന പണിക്കാരി കല്ല്യാണി ഇതെല്ലാം കണ്ട് തലയിൽ കൈ വച്ച് പ്രാകി...

"ഗുരുത്വമില്ലാത്ത വർഗ്ഗം... ഗുണം പിടിക്കില്ല."

മെയ് 2009

www.malankaralibrary.com



9

# ശുദ്ധതയുള്ള നോമ്പ്

**നോ**മ്പുകാലം ഉപവാസത്തിന്റെ, വർജ്ജനയുടെ, ദാനധർമ്മങ്ങളുടെ, ആത്മ ശരീരങ്ങളുടെ ശുദ്ധിയുടെ സുകൃതങ്ങൾ ധന്യ മാക്കുന്ന പുണ്യദിനങ്ങൾ... അതിന്റെ സമാ പനത്തിൽ ഒരു ഉയിർപ്പിന്റെ പുലരി മരണത്തെ ജയിച്ച് ജീവന്റെ ഉത്സവം ആഘോഷിക്കുന്നു. ഒപ്പം നോമ്പുനോറ്റ മനുഷ്യജന്മങ്ങൾക്ക് ആത്മസംതൃപ്തിയും. വീണ്ടും മനുഷ്യജീവിതം അതിന്റെ എല്ലാവിധ സാധാരണത്വവും ആക സ്മികതകളും പേറി യാത്ര തുടരുന്നു.... അടുത്ത നോമ്പുകാലം വരെ....

നൂറ്റാണ്ടുകളായി തുടരുന്ന നോമ്പനു ഷ്ഠാനങ്ങൾ, മുപ്പത്തിമൂന്ന് വർഷം മാത്രം ദീർഘിച്ച, എന്നിട്ടും നൂറ്റാണ്ടുകളുടെ ആത്മീയ

www.malankaralibrary.com

ഊർജ്ജമായി മാറിയ യേശുവിന്റെ ഹ്രസ്വമായ ജീവിതത്തിന്റെ ആത്മീയലാവണ്യത്തെയാണ് നമ്മെ അനുസ്മരിപ്പിക്കുക. മൂന്നു വർഷത്തെ പരസ്യജീവിതത്തിന് മുപ്പതുവർഷം നീണ്ടുനിന്ന ഒരുക്കം. അതാണ് യേശുവിന്റെ ജീവിതം. ആ മൂന്നു വർഷങ്ങൾ കൊണ്ട് യേശു തൊട്ടവരും സംസാരിച്ചവരും സഹകരിച്ചവരും എല്ലാം സൗഖ്യത്തിന്റെ, സാന്ത്വനത്തിന്റെ, സമാധാനത്തിന്റെ സുഖം അറിഞ്ഞു. മരണത്തെ ജയിച്ച യേശു പന്നീട് നൂറ്റാണ്ടുകളെ സ്വാധീനിക്കുന്നു.

നാം മൂന്നല്ല, അറുപതും, എഴുപതും വർഷങ്ങൾ ജീവിക്കുമ്പോൾ നാം ഇടപഴകുന്ന ഭൂമിയും പ്രകൃതിയും പുഴയും മണ്ണും മനുഷ്യരുമെല്ലാം ഒരുപാട് കളങ്കപ്പെടുന്നുണ്ട്. സൗഖ്യത്തിന്റെ സുഖം അനുഭവിക്കുന്നുമില്ല.

എന്നാൽ യേശുവിന്റെ ഇടപഴകലിൽ ഈ കളങ്കപ്പെടൽ ഇല്ല. അവൻ എല്ലാറ്റിനെയും തന്റെ സ്പർശനം കൊണ്ട് സൗഖ്യപ്പെടുത്തുകയും ശുദ്ധമാക്കുകയും ചെയ്തു. ആ ശുദ്ധത നേടാൻ തപസ്സ്, ഒരുക്കം ആവശ്യമായിരുന്നു. മുപ്പതു വർഷത്തെ ഒരുക്കം കൊണ്ട്, മൂന്നു വർഷത്തെ പാകത മുറ്റിയ ജീവിതം. ഖലിൽ ജിബ്രാൻ തന്റെ മിസ്റ്റിക് കവിതകളിൽ യേശുവിന്റെ ഈ ശുദ്ധതയെ തിരിച്ചറിയുന്നുണ്ട്. മേരി മഗ്ദലിൻ എന്ന കവിത തന്നെ ഉത്തമ ദൃഷ്ടാന്തം.

യേശുവിന്റെ സൗന്ദര്യത്തിൽ ഭ്രമിച്ച് വശ്യയായിപ്പോകുന്ന മറിയം. എന്നാൽ അവളുടെ നേർക്ക് ഒരു നോട്ടം പോലും അയയ്ക്കാതെ ഗോതമ്പു വയലിലൂടെ അകന്നു പോകുന്ന യേശു. യേശുവിന്റെ ആ യാത്ര മേരിയുടെ ഹൃദയത്തെ ഉറക്കമില്ലാത്ത രാവുകളിലേക്ക് തള്ളിവിടുന്നു. പിന്നീടവൾ യേശുവിനെ കണ്ടുമുട്ടുന്നത് തന്റെ വീടിനരികിലെ ഉദ്യാനത്തിൽ ഒരു സൈപ്രസ് മരത്തിനു കീഴിൽ ധ്യാനലീനനായിട്ടാണ്. “വെണ്ണക്കല്ലിൽ തീർത്ത അന്ത്യോക്യായിലെ ഒരു ശില്പം പോലെ...” എന്ന് ഖലിൽ ജിബ്രാൻ ആ ഇരിപ്പ് അക്ഷരങ്ങളാൽ വരച്ചിടുന്നു. അവന്റെ സവിധത്തിലേക്ക് ഓടിയെത്തിയ മറിയം ക്ഷണിക്കുന്നു.

“എന്റെ വീട്ടിലേക്ക് വരിക.” യേശു പറയുന്നു. “വരാം, എന്നാൽ ഇപ്പോഴില്ല.”

ഇതു വായിക്കുമ്പോൾ “സമയമായില്ലാപോലും, സമയമായില്ലാ പോലും....” എന്ന് ആത്മവിലാപം നടത്തുന്ന ആശാൻ കവിതയിലെ നായികയുടെ നേർരൂപത്തെ നമ്മൾ ഖലിൽ ജിബ്രാൻ കവിതയിൽ കണ്ടുമുട്ടും.

വീണ്ടും തന്റെ വീട്ടിനുള്ളിലേക്ക് മറിയം ക്ഷണിക്കുമ്പോൾ, യേശു ചോദിക്കുന്നു. “മറിയം, ഞാനിപ്പോൾ പിന്നെ എവിടെയാണ് ഇരിക്കുന്നത്?”

അവൾ പറയുന്നു. “വരൂ, എന്നോടൊപ്പം, അപ്പവും വീഞ്ഞും കഴിക്കൂ.”

യേശു പ്രതിവചിച്ചു. “മറിയം, നീ എന്നോടൊപ്പം അപ്പവും വീഞ്ഞും കഴിക്കും.”

www.malankaralibrary.com

പിന്നീട് അവളുടെ സ്നേഹോക്തികൾക്ക് മറുപടിയായി യേശു പറയുന്നു. "മറിയം, നിനക്ക് ഒരുപാട് പുരുഷന്മാർ സ്നേഹിതരായുണ്ട്. എന്നാൽ നിന്നെ സ്നേഹിക്കുന്നത് ഞാൻ മാത്രമാണ്." സൈപ്രസ് മരത്തിന് ചുവട്ടിൽ നിന്ന് എഴുന്നേറ്റുകൊണ്ട് യേശു പറഞ്ഞു - "മറ്റ് പുരുഷന്മാർ നിന്നെ സ്നേഹിക്കുമ്പോൾ, അവർ അവരെത്തന്നെയാണ് സ്നേഹിക്കുന്നത്. നിനക്കുവേണ്ടി മാത്രം നിന്നെ സ്നേഹിക്കുന്നത് ഞാൻ മാത്രമാണ്." ഇത്രയും പറഞ്ഞിട്ട് ഇളം കാറ്റുപോലെ യേശു നടന്നകന്ന്, പോകുമ്പോൾ ആ സ്നേഹാമൃതത്തിലേക്ക് ശുദ്ധതയുടെ ജീവനിലേക്ക് മറിയം പുനർജനിക്കുന്ന ഭാവം ആവിഷ്കരിച്ച് ഖലിൽ ജിബ്രാൻ കവിത സമാഹരിക്കുന്നു. അപ്പോൾ യേശുവിന്റെ കളങ്കപ്പെടാത്ത, ശുദ്ധതയുള്ള സ്നേഹത്തിന്റെ സ്പർശനം അനുവാചകനും അറിയുന്നു.

ഇതാണ് യേശുവിന്റെ സ്നേഹത്തിന്റെ പ്രത്യേകത. ഒന്നിനേയും കളങ്കപ്പെടുത്താത്ത സ്നേഹം. നാം എന്തിനെ സ്നേഹിച്ചാലും, മരവും മണ്ണും മനുഷ്യനും കളങ്കപ്പെടുന്നു. കാരണം നമ്മിൽ ആസക്തിയുണ്ട്. നാം നമുക്കുവേണ്ടിയാണ് മറ്റുള്ളവരെ സ്നേഹിക്കുന്നത്. യേശു സ്നേഹിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയും.

ആസക്തികളിൽ നിന്നും വിമുക്തമാകാതെ യേശുവിനെപ്പോലെ സ്നേഹിക്കാൻ നമുക്ക് പറ്റില്ല. ആസക്തിയെ ജയിക്കാൻ യേശു നമുക്കുതന്ന ആയുധം ശുദ്ധതയുള്ള നോമ്പാണ്. ഈ ശുദ്ധതയുടെ ബലമാണ് യേശുവിന്റെ ജീവിതത്തിന്റെ ചൈതന്യത്തെ ഉറകെടാതെ നൂറ്റാണ്ടുകളോളം നിലനിർത്തുന്നത്. മുപ്പതു വർഷത്തെ യേശുവിന്റെ നോമ്പിന്റെയും ഒരുക്കത്തിന്റെയും ഫലമാണിത്.

ഇതാ, വീണ്ടും ഒരു നോമ്പുകാലം. ഒരു സ്നേഹജീവിതം, ഒന്നിനെയും കളങ്കപ്പെടുത്താതെ ഒരു സ്നേഹം സ്വന്തമാക്കാൻ നമുക്ക് ഒരുങ്ങാം.

മാർച്ച് 2009

www.malankaralibrary.com



10

# കരിന്തിരി

"**നി**ങ്ങൾ രോഗിയാണ്," ഡോക്ടർ സ്ഥിരീകരിച്ചു. "പേടിയ്ക്കേണ്ട, മരുന്നുകൾ മുടങ്ങാതെ കഴിച്ചാൽ മതി. കുറച്ചുനാൾ കഴിക്കേണ്ടിവരും. ഭേദമാകും."

വരാൻ പോകുന്ന ദിനങ്ങളിലേക്ക് ഞാൻ തുറിച്ചുനോക്കി. രോഗക്കിടക്ക.... മരുന്നിന്റെ മണമുള്ള ദിനങ്ങൾ.... മാരകരോഗം പിടിപെട്ടവരോടുള്ള മനം മടുപ്പിക്കുന്ന സഹതാപം, സന്ദർശകർ... പിന്നെ പതിയെ സന്ദർശകരുടെ തിരക്ക് കുറയും... വിരസമായ സായാഹ്നങ്ങൾ.... ശുശ്രൂഷിക്കുന്നവരുടെ നീരസങ്ങൾ...

"ഓ...മതി... ഞാൻ മരുന്നു കഴിക്കുന്നില്ല!!"

www.malankaralibrary.com

“എന്ത്?” കേസ് ഷീറ്റിൽ എന്തോ കുത്തിക്കുറിച്ചുകൊണ്ടിരുന്ന ഡോക്ടർ നിവർന്ന് നോക്കി.

“നിങ്ങളുടെ അസുഖത്തിന്റ ഗൗരവം അറിയാമല്ലോ? മരുന്ന് കഴിക്കാതിരുന്നാൽ അത് മരണത്തെ ക്ഷണിച്ചുവരുത്തുകയാണ്.”

ഞാൻ പുഞ്ചിരിച്ചു “വരട്ടെ, അവൻ വരട്ടെ. എനിക്ക് ജീവിക്കണം എന്നില്ല.”

ഡോക്ടർ ചിരിച്ചു. ഒരു നല്ല കൗൺസിലറുടെ റോളിലേക്ക് അദ്ദേഹം മാറി.

“നിങ്ങൾ ജീവിക്കണം. നിങ്ങളുടെ ഭാര്യ, കുട്ടികൾ... അവർക്കു വേണ്ടിയെങ്കിലും നിങ്ങൾ ജീവിക്കണം.”

ഞാൻ തലയാട്ടി “അല്ല, ഡോക്ടർ, അവരെ ഓർത്തിട്ടാണ്. എന്റെ വൃദ്ധരായ മാതാപിതാക്കൾ മരണത്തിനുമുമ്പ് ദീർഘനാൾ ശയ്യാവലംബികളായിരുന്നു. അവരെ ശുശ്രൂഷിച്ച് ജീവിതത്തിന്റെ നല്ല പങ്കും തീർത്തവളാണ് എന്റെ ഭാര്യ. ഇനിയും ഞാൻ കൂടി...? പിന്നെ മക്കൾ..? അവർക്ക് വിദ്യാഭ്യാസം പൂർത്തിയാക്കാനുള്ള വക ഞാൻ ബാങ്കിലിട്ടിട്ടുണ്ട്. പത്രം വായിക്കുമ്പോൾ ഓർക്കാറുണ്ട്. മക്കളെ കണ്ടും മാമ്പൂവ് കണ്ടും മോഹിക്കരുത്. കോളേജ് കാമ്പസിൽ വച്ച് കണ്ട ഒരു മുഖം... മൊബൈൽ ഫോണിൽ കേട്ട ഒരു സ്വരം... ഒരു ഇന്റർനെറ്റ് സല്ലാപം... അത്രയുംമതി... ഹൃദയം തീറെഴുതിക്കളയുന്ന യുവജന്മങ്ങൾ... നൊന്തുപെറ്റ അമ്മയുടെ നെഞ്ചുപിളരുന്ന നിലവിളിക്കുപോലും പിന്നെ ആ ഹൃദയങ്ങളിൽ സ്ഥാനമുണ്ടോ? പിന്നല്ലേ രോഗിയായ അപ്പൻ... വേണ്ട ഡോക്ടർ, ജീവിതം വലിച്ചു നീട്ടാൻ ആഗ്രഹമില്ല...”

ഡോക്ടർ വിടുന്ന മട്ടില്ല. “മനസ്സിന്റെ ബലം പോകുന്നതാണ് പ്രശ്നം. കുടുംബം മാത്രമല്ലല്ലോ ജീവിതം. ഈ നാടിന് നിങ്ങളെക്കൊണ്ട് പ്രയോജനമുണ്ടാവില്ലേ.? നിങ്ങൾ ജീവിച്ചിരിക്കേണ്ടത് ആവശ്യമാണ്.”

അറിയാതെ ഞാൻ ചിരിച്ചുപോയി. നാട്... രാഷ്ട്രീയക്കോമരങ്ങൾ വ്യഭിചരിച്ചുതള്ളിയ നാട്. അഴിമതിക്കാരായ ഭരണക്കാർ മുച്ചൂടും മുടിച്ച നാട്. വാർദ്ധക്യ പെൻഷന്റെ അപേക്ഷയുമായി കയറിവന്ന വൃദ്ധന്റെ മടിക്കുത്തിന് പിടിച്ച് അയാളുടെ പോക്കറ്റിലെ മുഷിഞ്ഞ നോട്ടുകൾ പോലും കവർന്നെടുക്കുന്ന ഉദ്യോഗസ്ഥവൃന്ദം ഭരണാഭാസം നടത്തുന്ന നാട്. കലാലയങ്ങളിലെ കുരുന്നു ഹൃദയങ്ങളിൽ പോലും അക്രമരാഷ്ട്രീയത്തിന്റെ വിഷവിത്ത് പാകുന്ന രാഷ്ട്രീയകാപാലികരും പെറ്റനാടിനെ തീവ്രവാദികൾക്ക് ഒറ്റുകൊടുക്കുന്ന ഉപജാപകവൃന്ദവും ഭരണം കയ്യാളുന്ന നാട്... പാവപ്പെട്ടവന്റെ പേരിൽ ഭരണത്തിലേറിയിട്ട്, പഞ്ചനക്ഷത്രഹോട്ടലും അമ്യൂസ്മെന്റ് പാർക്കുകളും പണി

www.malankaralibrary.com

തുയർത്തുന്ന ഇങ്കിലാബിന്റെ നാട്. ഇവിടെ ആർക്ക് വേണമെന്നെ....? വേണ്ട ഡോക്ടർ, അത് ശരിയാവില്ല..."

എന്നിട്ടും ഡോക്ടർ വിടുന്ന മട്ടില്ല. "ഈ നാടിനെ രക്ഷിക്കാൻ രാഷ്ട്രീയം വേണോ? ഇതുപോലെ സമാനഹൃദയർ ഏതാനും പേർ ഒന്നിച്ചാൽ പോരേ."

എനിക്ക് ബോധ്യം വന്നില്ല. "സമാനഹൃദയരോ? അവരൊക്കെ, പണ്ടുതന്നെ സ്വകാര്യജീവിതത്തിന്റെ സുരക്ഷിതമായ ഉള്ളറകളിൽ ചേക്കേറിക്കഴിഞ്ഞു. ഇനിയൊരിക്കലും ആദർശങ്ങളും ആശയങ്ങളും ആവേശമായി അവരുടെ ഹൃദയങ്ങളെ ത്രസിപ്പിക്കില്ല. സ്വന്തം കുടുംബം, ജോലി... അത്രമാത്രം.. ദുഃഖങ്ങൾ പോലും സ്വകാര്യമാണ്. ബന്ദോ ഹർത്താലോ വന്നാൽ പോലും ചിക്കനും മട്ടണും തലേന്നേ വാങ്ങിച്ച് രണ്ട് സിനിമയുടെ സി. ഡി.യും സംഘടിപ്പിച്ച് സ്വകാര്യമായി വീട്ടിലിരുന്ന് ആഘോഷിക്കാനവർ പഠിച്ചുകഴിഞ്ഞു. പിന്നെന്ത് സമാനഹൃദയർ, എന്ത് പൊതുപ്രവർത്തനം."

ഡോക്ടർ ഇപ്പോഴും പ്രതീക്ഷയിൽതന്നെ. അദ്ദേഹം പറഞ്ഞു; "പ്രത്യാശ കൈവിടരുത്.... മതം നിരാശയിലേക്ക് കൂപ്പുകുത്തുന്ന മനുഷ്യമനസ്സിന്റെ അവസാനത്തെ പിടിവള്ളി. ശ്രമിച്ചുനോക്കൂ, അത്ഭുതങ്ങൾ പ്രതീക്ഷിക്കാം."

ഞാനാദ്യം ഒന്നും പറഞ്ഞില്ല. പിന്നെ ചിന്തിച്ചു. ശരിയാണ്, അത്ഭുതങ്ങൾ എപ്പോൾ വേണമെങ്കിലും സംഭവിക്കാമല്ലോ. ഞാൻ പതിയെ പറഞ്ഞു. "എനിക്ക് ഒരു വൈദികനെ കാണണം."

കരഞ്ഞുകൊണ്ടിരുന്ന ഭാര്യ പള്ളിയിലേക്കോടി. അദ്ദേഹം തിരക്കിലായിരുന്നു. എങ്കിലും വൈകുന്നേരം തിരക്കൊഴിഞ്ഞപ്പോൾ അദ്ദേഹമെന്നെ കാണുവാൻ വന്നു. വന്ന വഴി തന്നെ അദ്ദേഹം മുറിയിൽ കൂടിനിന്ന എല്ലാവരെയും പുറത്താക്കി. "ശരി, കുമ്പസ്സാരിക്കാം."

എന്റെ മുഖത്ത് നോക്കാതെ അദ്ദേഹം പറഞ്ഞ് കണ്ണടച്ചിരുന്നു.

"എനിക്ക് കുമ്പസ്സാരിക്കേണ്ട." ഞാൻ പറഞ്ഞു. "എനിക്കല്പം സംസാരിക്കണം."

അദ്ദേഹം കണ്ണുതുറന്ന് എന്തോ അരുതാത്തതു കേട്ടതുപോലെ എന്നെ നോക്കി. എങ്കിലും അദ്ദേഹം പുഞ്ചിരിച്ചു. ഞാൻ പറഞ്ഞു തുടങ്ങി. എന്റെ മാരകരോഗം... ചികിത്സയുടെ ഭീമമായ ചിലവ്. ഭാര്യയുടെ ജീവിതവും ബുദ്ധിമുട്ടും. ഈ ലോകത്തിൽ ഞാൻ കാണുന്ന നിരാശാജനകമായ ജീവിതാനുഭവങ്ങൾ. പ്രത്യാശ തരാത്ത ഈ ലോകത്തിൽ തുടരുന്നത് എന്തിന്... എന്തിന് ജീവിതം വലിച്ചു നീട്ടണം... ഞാൻ പറഞ്ഞത് എല്ലാം അച്ചന് മനസ്സിലായോ, എന്തോ? അദ്ദേഹത്തിന് തീരെ സമയം ഇല്ലായിരുന്നു. ഇടയ്ക്കിടെ ചുമച്ചും,

www.malankaralibrary.com

വാച്ചിൽ നോക്കിയും ആ കാര്യം മാന്യത വിടാതെ അദ്ദേഹം എനിക്ക് മനസ്സിലാക്കിത്തന്നു. അതുകൊണ്ട് അധികം സംസാരിക്കാൻ എനിക്കും തോന്നിയില്ല. അച്ചനെ കുറ്റം പറയാനും പറ്റില്ല. അദ്ദേഹത്തിന് മൂന്ന് പള്ളിയുടെ ചുമതല ഉണ്ട്. കൂടാതെ ഒരു സ്കൂളിന്റെയും. സ്കൂളുമായി ബന്ധപ്പെട്ട് സർക്കാരുമായുള്ള  ഗുസ്തിയും കൂടി ആയപ്പോൾ അദ്ദേഹത്തിന് ഉറങ്ങാൻ പോലും സമയമില്ല. അതിനിടെ എന്റെ ഹൃദയത്തിന്റെ താളം തെറ്റിയ സ്പന്ദനം കേൾക്കാൻ അദ്ദേഹം എങ്ങനെ സമയം കണ്ടെത്തും. എങ്കിലും ക്ഷണിച്ചു വരുത്തിയ ഒരു പുഞ്ചിരിയോടെ പോകാൻ നേരം അദ്ദേഹം പറഞ്ഞു. “പ്രത്യേകം പ്രാർത്ഥിച്ചു കൊള്ളാം കേട്ടോ.”

വ്യക്തിയുടെ പ്രശ്നങ്ങൾ വ്യക്തിയുടെ പ്രശ്നങ്ങളാണ്. സഭയ്ക്ക് സ്വന്തം പ്രശ്നങ്ങൾ ആവശ്യത്തിന് ഉണ്ടുതാനും. അതിനിടയ്ക്ക് എപ്പോഴാണ്... എങ്കിലും ഡോക്ടർ വിട്ടില്ല. “നിങ്ങളുടെ ചിന്തകളെല്ലാം ബലഹീനമായ ഒരു മനസ്സിന്റെ ജല്പനങ്ങളാണ്. മരുന്ന് കഴിച്ച് ആരോഗ്യം വീണ്ടെടുത്തു കഴിയുമ്പോൾ നിങ്ങളീ ചിന്തകളെ പുച്ഛരിച്ചുതള്ളും.” ഒടുവിൽ ഡോക്ടറുടെ നിർബന്ധത്തിന് വഴങ്ങി ചികിത്സക്ക് സമ്മതിച്ചു. പണത്തിന്റെ കാര്യം എങ്ങനെയാണ്? മകളുടെ കല്യാണത്തിന്  നീക്കിവച്ച പണം തൊടണ്ട എന്ന് ഭാര്യയും പറഞ്ഞു. ഭാര്യയുടെ അവശേഷിച്ച ആഭരണങ്ങൾ, കെട്ടുതാലിയുൾപ്പെടെ എല്ലാം ബാങ്കിലേക്ക്... ആവശ്യത്തിന് പണം... ഡോക്ടർ നിർദ്ദേശിച്ച വിലകൂടിയ മരുന്നുകൾ എല്ലാം വാങ്ങി. ദിവസങ്ങൾ പലതു കഴിഞ്ഞു. എങ്കിലും രോഗം പഴയപടി: ഒരു ദിവസം ഡോക്ടർ വീണ്ടും വന്നു. രക്തം പരിശോധിച്ചതിന്റെ റിസ്സൾട്ട് നോക്കി. മുഖത്ത് മൗനം, മ്ലാനത... മരുന്നുകളുടെ പായ്ക്കറ്റുകൾ എല്ലാം എടുത്ത് തിരിച്ചും മറിച്ചും നോക്കി, എന്നിട്ടു പറഞ്ഞു. “നമുക്കീ മരുന്നുകൾ  വിദേശത്തുനിന്നും വരുത്താം.”  ഞാൻ കണ്ണു മിഴിച്ചു.

“അതെന്താ ഡോക്ടർ.”

ഡോക്ടർ പറഞ്ഞു.

‘‘ഈ മരുന്നുകളെല്ലാം ഡ്യൂപ്ലിക്കേറ്റാണ്.’’

ജനുവരി 2009

www.malankaralibrary.com




11

# സത്രത്തിൽ ഇടം ലഭിക്കാത്തവർ

"സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല" (ലൂക്ക 2/7). ആദ്യത്തെ ക്രിസ്മസിന്റെ ആർദ്രഭാവങ്ങളെയെല്ലാം നെഞ്ചിലൊതുക്കിയ കൊച്ചുവാചകം. രക്ഷകന്റെ ജനനത്തിന്റെ ആകസ്മിക സവിശേഷതകളെല്ലാം ഈ കൊച്ചു വാചകത്തിലുണ്ട്. രക്ഷകൻ പിറന്നത് പുൽക്കൂട്ടിലായിരുന്നു. ഒരു വഴിയമ്പലത്തിലെ ചൂടുള്ള അത്താഴവും കമ്പിളിപ്പുതപ്പും സുഖനിദ്രയുടെ കിടക്കയും നിഷേധിക്കപ്പെട്ടവർ ചുരുണ്ടുകൂടുവാൻ വിധിക്കപ്പെട്ട സ്ഥലത്തായിരുന്നു അവന്റെ ജനനം. പറുദീസായിലെ ഇടം നഷ്ടപ്പെട്ടവരെ തേടിയെത്തിയവൻ അവരുടെ മദ്ധ്യത്തിൽ തന്നെയാണല്ലോ പിറക്കേണ്ടത്.

ഇടം നഷ്ടപ്പെട്ടവരോടുള്ള മമതയുടെ,

www.malankaralibrary.com

താദാത്മ്യപ്പെടലിന്റെ, ലാളിത്യത്തിന്റെ ഒരു ഹാംഗോവർ യേശുവിന്റെ ജീവിതത്തിലുടനീളം ഉണ്ട്. പാപികളോടും ചുങ്കക്കാരോടും വേശ്യകളോടുമൊക്കെ അവൻ കലവറയില്ലാതെ കരുതലും കരുണയും പങ്കുവച്ചു. ഭ്രഷ്ട് കല്പിച്ച് പുറത്താക്കപ്പെട്ട കുഷ്ഠരോഗിയുടെ വ്യഥയും, അന്ധന്റെ കാളിമയാർന്ന ദുഃഖവും, പുറജാതിയുടെ ഒറ്റപ്പെടലിന്റെ വേദനയും അവൻ അടുത്തറിഞ്ഞു. ദാരിദ്ര്യം ചിന്തേരിട്ട് ശോഷിച്ചു പോകുന്ന തൊഴിലാളിയുടെ ജീവിതവും, കടലിനോട് മല്ലടിക്കുന്ന മുക്കുവന്റെ അദ്ധ്വാനഭാരവും അവൻ അടുത്തറിഞ്ഞു. സമൃദ്ധിയുടെ പച്ചപ്പുകളിൽ ഇടം നിക്ഷേധിക്കപ്പെട്ടവർക്കെല്ലാം കൊടുക്കുവാൻ മാത്രം ഇടമുണ്ടായിരുന്നു അവന്റെ ഹൃദയത്തിൽ. ഒപ്പം പ്രതീക്ഷയുടെ തിരിനാളവും അവൻ കത്തിച്ചു നൽകി. "എന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം ഇടം ഉണ്ട്" (യോഹ.14/2).

എങ്കിലും, അവന് ഈ ലോകത്തിൽ തലചായ്ക്കാനിടം കിട്ടിയില്ലല്ലോ... പ്രിയ ശിഷ്യന്റെ ഹൃദയത്തിൽ പോലും അവന് ഇടം നഷ്ടപ്പെട്ട ശപ്തമുഹൂർത്തങ്ങളുണ്ട്. ഒന്നല്ല, മൂന്ന് പ്രാവശ്യമാണ് പ്രിയശിഷ്യൻ അവനെ തള്ളിപ്പറഞ്ഞത്. പിന്നീട് പശ്ചാത്താപവിവശനായി ആ ശിഷ്യൻ മടങ്ങിയെത്തിയപ്പോൾ അവന് തിരികെ നല്കാൻ ഒരിടം തന്റെ ഹൃദയത്തിൻ അവൻ കാത്തു സൂക്ഷിച്ചിരുന്നു. എങ്കിലും എന്തേ, യൂദാസ് മാത്രം ആ ഇടം കണ്ടെത്താൻ പരാജയപ്പെട്ടു. പിന്നീട് പിതാവിന്റെ കരുതലിന്റെ ആഴങ്ങളിൽ തനിക്കുണ്ടായിരുന്ന ഇടം നഷ്ടപ്പെടുമോ എന്ന തീവ്രവേദന ഒരു നിമിഷം അവൻ അനുഭവിച്ചു. "പിതാവേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" എന്നു നിലവിളിച്ചു പോയ നിമിഷം. ഒടുവിൽ "എന്റെ ആത്മാവിനെ നിന്റെ തൃക്കരങ്ങളിൽ ഭാരമേല്പിക്കുന്നു." എന്നു പറഞ്ഞ് ഇടം കണ്ടെത്തിയവന്റെ ദീർഘനിശ്വാസം. ലോകത്തിലിടം നിഷേധിക്കപ്പെട്ടവരോടെല്ലാം താദാത്മ്യപ്പെട്ട് പ്രാണൻ വെടിയുമ്പോഴും, ഒരു കിടക്കയുടെ ആശ്വാസം അവൻ സ്വയം നിഷേധിച്ചു. മൂന്നാണികളിൽ തൂങ്ങി, ആകാശത്തിനും ഭൂമിക്കും മദ്ധ്യേ... അങ്ങനെ എല്ലാം പൂർത്തിയായി...

ക്രിസ്മസ് ഇടം നിഷേധിക്കപ്പെട്ടവരുടെ ഉത്സവമാണ്. പിറന്ന് വീഴാൻ സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ടവൻ, ഈ ലോകത്തിൽ ഇടം നഷ്ടപ്പെട്ടവരുടെയെല്ലാം അത്താണിയായി. ക്രിസ്മസ് ആഘോഷങ്ങൾ ഇന്നുമുയർത്തുന്ന ഒരു ചോദ്യമുണ്ട്. നാം ഇടം സൃഷ്ടിക്കുന്നവരോ, ഇടം നിഷേധിക്കുന്നവരോ? ഓർമ്മയിൽ സൂക്ഷിക്കാൻ ഇതാ ഒരു ക്രിസ്മസ് കഥ...

അമേരിക്കയിൽ വർണ്ണവിവേചനം നിലനില്ക്കുന്ന ഒരു കാലഘട്ടത്തിലെ ഒരു ക്രിസ്മസ് രാത്രി. ജോണി എന്ന് പേരുള്ള ഒരു കറുത്ത വംശജൻ ക്രിസ്മസിന്റെ പാതിരാക്കുർബ്ബാന കാണുവാൻ പോയി. അന്ന് വെള്ളക്കാർക്കും കറുത്തവർക്കും വെവ്വേറെ ആരാധനാലയങ്ങൾ ഉള്ള കാലമായിരുന്നു. വെള്ള

www.malankaralibrary.com

ക്കാരുടെ ദേവാലയങ്ങളിൽ കറുത്തവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ജോണി ചെന്ന് കയറിയതാവട്ടെ വെള്ളക്കാരുടെ പള്ളിയിലും. ക്ഷുഭിതനായ വെള്ളക്കാർ ജോണിയെ ആട്ടിപ്പുറത്താക്കി. അപമാനിതനായ ജോണി കരഞ്ഞുകൊണ്ട് വീട്ടിലേക്ക് പോയപ്പോൾ യേശു അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു എന്ന് കഥ. യേശു അവനോട് ചോദിച്ചു. "എന്താ ജോണി, നീ കരഞ്ഞുകൊണ്ട് പോകുന്നത്. ഇന്ന് എന്റെ പിറന്നാൾ ദിനമല്ലേ. നീ സന്തോഷിക്കേണ്ടതല്ലേ?" ജോണി കരഞ്ഞുകൊണ്ട് തന്റെ അനുഭവം വിവരിച്ചു. "എനിക്കറിയാം യേശുവേ, നിന്റെ പിറന്നാൾ ദിനമാണ് ഇന്ന്. അതുകൊണ്ടാണ് ഞാൻ പാതിരാക്കുർബ്ബാനയ്ക്ക് പള്ളിയിൽ പോയത്. പക്ഷേ, അവർ എന്നെ ആട്ടിപ്പുറത്താക്കി." ജോണി വിതുമ്പി, യേശു അവന്റെ തോളിൽ തട്ടി അവനെ ആശ്വസിപ്പിച്ചു. ജോണിയെ ചേർത്തു പിടിച്ചുകൊണ്ട് ഒരു കുസൃതിച്ചിരിയോടെ യേശു പറഞ്ഞു. "ജോണി, നീ വിഷമിക്കേണ്ട, ആ പള്ളിയിലൊന്നു കയറുവാൻ എത്ര വർഷമായിട്ട് ഞാൻ പരിശ്രമിക്കയാണ് എന്ന് നിനക്കറിയാമോ? എന്നെക്കൊണ്ടിതുവരെ സാധിച്ചിട്ടില്ല. പിന്നാണോ നിന്റെ കാര്യം. നീ സങ്കടപ്പെടണ്ട. നീ സമാധാനമായിട്ട് വീട്ടിൽ പോ..."


നമ്മുടെ ഹൃദയത്തിൽ നിന്ന്, ജീവിതത്തിൽ നിന്ന്, ഭവനത്തിൽ നിന്ന്, സമൂഹത്തിൽ നിന്ന് നാം ആട്ടിപ്പുറത്താക്കുന്നവർക്കൊപ്പമാണ് യേശുതമ്പുരാൻ എന്നറിയുക. ഇടം നഷ്ടപ്പെട്ടവരുടെ, സ്നേഹവും നീതിയും നിഷേധിക്കപ്പെട്ടവരുടെ, കരുണയും കരുതലും കണ്ടെത്താത്തവരുടെ ഉത്സവമാണ് ക്രിസ്മസ്. സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ടവർ സന്തോഷിക്കുന്ന ദിവസമാണ് ക്രിസ്മസ്. പുൽക്കൂടുകൾ പള്ളിക്ക് പുറത്താണല്ലോ പലപ്പോഴും ഒരുക്കുക. പള്ളിയുടെ ഉള്ളിലും പുറത്തും, വീടുകൾക്ക് പുറത്തും പുൽക്കൂടുകൾ തീർക്കുമ്പോൾ അറിയുക - ഹൃദയത്തിൽ ഒരു പുൽക്കൂട് ഒരുങ്ങുന്നുണ്ടോ.... യേശുവിന് വേണ്ടിയല്ല.... കാരണം അവൻ പണ്ടു തന്നെ ഇടമില്ലാത്തവർക്കൊപ്പം ചേക്കേറിക്കഴിഞ്ഞു..... പിന്നെ ആർക്കാണെന്നല്ലേ... ഭാര്യക്ക്, ഭർത്താവിന്, മക്കൾക്ക്, മാതാപിതാക്കൾക്ക്, അയൽക്കാർക്ക്...

ശത്രുക്കൾക്ക് പോലും ഇടം കണ്ടെത്താൻ കഴിയുന്ന പുൽക്കൂടായി ഹൃദയവും, ജീവിതവും മാറിക്കഴിയുമ്പോൾ ക്രിസ്മസിന്റെ വരവായി....

സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ടവന്റെ പേരിൽ ആശംസിക്കുന്നു... ഹാപ്പി ക്രിസ്മസ്.

ഡിസംബർ 2008

www.malankaralibrary.com



# 12

# ഇല പൊഴിയും കാലം

**ത**ളിർത്തുലഞ്ഞു നില്ക്കുന്ന ഒരു മരം ജീവിതത്തിന്റെ ഉത്സവത്തെ അനുസ്മരിപ്പിക്കുന്നു. പ്രകൃതിയുടെ ആഘോഷത്തേയും. അതുകൊണ്ട് സമൃദ്ധമായ ഇലച്ചാർത്തുകൾ പേറി, വീശിയടിക്കുന്ന കാറ്റിൽ കാവടി തുള്ളുന്ന മരങ്ങൾ മനസ്സിനെ ഉത്സാഹഭരിതമാക്കും. പക്ഷേ, ആഘോഷങ്ങൾക്കപ്പുറത്തേക്ക് കാഴ്ചകൾ നീണ്ടു പോകുമ്പോൾ അനതിവിദൂരമായി ഒരു വേനൽക്കാലം; അതടുത്തുവരുന്നു. അതുകൊണ്ട്, ആഘോഷങ്ങൾക്ക് നടുവിലും ഒരു പരിവ്രാജകനെപ്പോലെ നിലകൊള്ളുന്ന യേശുനാഥന്റെ തിരുമൊഴി നമുക്ക് ഒരു ഉൾക്കാഴ്ച നൽകുന്നുണ്ട്.

www.malankaralibrary.com

“അത്തിമരത്തിൽ നിന്ന് ഈ പാഠം നിങ്ങൾ പഠിച്ചു കൊള്ളുവിൻ. അതിന്റെ കൊമ്പുകൾ ഇളതാകയും, അത് തളിർക്കയും ചെയ്യുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നു” (മത്തായി. 24:32).

കൊമ്പുകൾ ഇളതാകുമ്പോഴും, ഇലകൾ തളിർക്കുമ്പോഴും വർത്തമാനകാലത്തിന്റെ ആഘോഷത്തിലേക്കല്ല, ഭാവിയിലെ ഇലപൊഴിയും കാലത്തിന്റെ ശൂന്യതയിലേക്ക് ദൃഷ്ടികളയയ്ക്കാൻ യേശു നമ്മെ പ്രേരിപ്പിക്കുന്നു. ഇത് ജീവിതത്തോടുള്ള നിഷേധാത്മകത്വമോ ദോഷൈകദൃഷ്ടിയോ അല്ല. ഇന്നിന്റെ സമൃദ്ധിയെക്കുറിച്ചുള്ള നിലവിട്ടുള്ള ആഹ്ലാദം ജീവിതത്തിന്റെ യാഥാർത്ഥ്യബോധത്തെ നഷ്ടപ്പെടുത്തും എന്നുള്ള തിരിച്ചറിവാണിത്.

ഏത് ഉത്സവത്തിനും ഒരു കൊടിയിറക്കുണ്ട്. ഏത് ആഘോഷത്തിനും ഒരു സമാപ്തിയുണ്ട്. ഏത് അരങ്ങിനും തിരശ്ശീലവീഴും. അതാണ് ഇലപൊഴിയും കാലം നമ്മെ അനുസ്മരിപ്പിക്കുന്നത്. ജീവിതത്തിലെ മനോഭാവത്തിന് എപ്പോഴും ഒരു സമതുലിതാവസ്ഥ ആവശ്യമാണ്. യൗവ്വനത്തിൽ അഹങ്കാരവും, വാർദ്ധക്യത്തിൽ നിരാശയും ഭൂഷണമാകാത്തത് അതുകൊണ്ടാണ്. യൗവ്വനത്തിൽ വിനയവും, വാർദ്ധക്യത്തിൽ പക്വതയും, രണ്ടുകാലത്തും ശാന്തതയും ഒരു ജീവിതത്തിന്റെ സുകൃതമാണ്. ജീവിതത്തിന്റെ വസന്തങ്ങളിൽ ആയിരിക്കുമ്പോൾ ഇലപൊഴിയും കാലത്തിൽ ആയിരിക്കുന്നവർക്കായി അല്പം സമയം നീക്കിവയ്ക്കാനും, ഇലപൊഴിയും കാലത്തിലായിരിക്കുമ്പോൾ വസന്തകാലത്തിന്റെ ആഘോഷങ്ങളിൽ ആയിരിക്കുന്നവരെ മനസ്സിലാക്കാനും നമ്മൾക്ക് കഴിയണം. രണ്ട് കാലഘട്ടങ്ങളിലും നമ്മുടെ പെരുമാറ്റങ്ങളിലും ഇടപെടലുകളിലും പക്വതയുടെ ശാന്തതയും, സ്നേഹത്തിന്റെ ആർദ്രതയും ഉണ്ടാവണം. ഈ സമതുലിതാവസ്ഥ നഷ്ടപ്പെടുമ്പോൾ വീടിന്റെ അകത്തളങ്ങളിൽ വാർദ്ധക്യം ബാദ്ധ്യതയായും, യുവത്വം അസ്വസ്ഥതയായും വിലയിരുത്തപ്പെടും. ഒടുവിൽ രണ്ടുകൂട്ടരും വെറുപ്പോടെ നിവൃത്തികേടിന്റെ ഒത്തുതീർപ്പുണ്ടാക്കും – വൃദ്ധസദനം.

കേരളത്തിന്റെ ജീവിതസായാഹ്നങ്ങൾ ഇനിയും വൃദ്ധസദനങ്ങൾ ആകുമെന്നത് ഇന്ന് ഒരു തർക്കവിഷയമല്ല. പക്ഷേ, ഏകാന്തതയുടെയും ചുളിവുവീണ കവിളുകളിൽ ഒലിച്ചിറങ്ങുന്ന കണ്ണീർത്തുള്ളിയുടെയും ദുഃഖമൗനങ്ങൾ നമ്മുടെയെല്ലാം ഭാഗധേയമാവും.... തുറിച്ചു നോക്കുന്ന ഈ യാഥാർത്ഥ്യം ധ്യാനപരമായ ചില നിലപാടുകളിലേക്ക് നമ്മെ ക്ഷണിക്കുന്നുണ്ട്.

വീടിന്റെ മുമ്പിലെ വിശാലമായ വരാന്തയിൽ 45 വയസുകാരനായ മകൻ കസേരയിലിരുന്ന് ദിനപത്രം വായിക്കുന്നു. മറ്റൊരു കോണിൽ വാർദ്ധക്യത്തിന്റെ

www.malankaralibrary.com

ആലസ്യം പുതച്ച് ചാരുകസേരയിൽ കിടക്കുന്ന അപ്പൻ വിറയാർന്ന സ്വരത്തിൽ വിളിച്ചു. "മോനേ..."

"ഉം.... എന്താ....?" മകൻ പത്രത്തിൽ നിന്നും മുഖമുയർത്താതെ അന്വേഷിച്ചു.

"ആ വേലിയിൽ വന്നിരിക്കുന്നത് എന്താ....? "

മകൻ തലയുയർത്തി. തന്റെ വായനക്ക് ഭംഗംവരുത്തിയ വേലി പ്പടർപ്പിലെ അതിഥിയെ നോക്കി.

"ഓ! അതൊരു കാക്കയാണ്."

വീണ്ടും മകൻ പത്രത്തിലേക്ക് മുഖം പൂഴ്ത്തി. അല്പം കഴിഞ്ഞ് വൃദ്ധൻ വീണ്ടും ചോദിച്ചു.

"മോനേ.... ആ ഇരിക്കുന്നതെന്താ?"

"അതൊരു കാക്കയാണെന്ന് പറഞ്ഞില്ലേ?" മകന്റെ രൂക്ഷമായ സ്വര ത്തിൽ നീരസം പരമാവധി പ്രകടമായിരുന്നു. ഒരു മിനിട്ട് കഴിഞ്ഞില്ല വൃദ്ധൻ വീണ്ടും മുരണ്ടു.

"മോനേ.... ആ ഇരിക്കുന്നതെന്താ?" മകൻ പൊട്ടിത്തെറിച്ചു.

"ചെവി കേൾക്കാൻ വയ്യേ? മൂന്നു പ്രാവശ്യം ഞാൻ പറഞ്ഞു അതൊരു കാക്കയാണ്.. കാക്കയാണ്.. കാക്കയാണ്.. മതിയോ?" ദേഷ്യം തീരാഞ്ഞിട്ട് ആത്മ ഗതം ഉറക്കെത്തന്നെ പറഞ്ഞു "എന്തൊരു ശല്യം.... മനസ്സമാധാനമായിട്ട് പത്രം പോലും ഒന്ന് വായിക്കാൻ പറ്റില്ല.. നാശം!!"

വൃദ്ധൻ തന്റെ മൗനത്തിലേക്ക് പിൻവാങ്ങി. കുറച്ചുകഴിഞ്ഞ് അയാൾ പതിയെ എഴുന്നേറ്റ് മുറിയിലേക്ക് പോയി. ഒരു പഴയ ഡയറിയുമായി മടങ്ങി വന്നു. അതിലെ ഒരു പേജ് നിവർത്തി മകന് കൊടുത്തു. "നീ ഇത് ഒന്ന് ഉറക്കെ വായിക്കണം." വായന കേൾക്കാൻ നില്ക്കാതെ വൃദ്ധൻ ഉള്ളിലേക്ക് പോയി. നീരസത്തോടെയെങ്കിലും, ജിജ്ഞാസ കാരണം മകൻ ആ പഴയ താളിൽ അപ്പൻ വർഷങ്ങൾക്കുമുമ്പ് കുറിച്ചിട്ട വരികൾ വായിച്ചു.

ഇന്ന് എന്റെ മകന് മൂന്നു വയസ്സ് പൂർത്തിയായി. വീടിന്റെ മുമ്പിലെ വരാന്തയിൽ ഞാൻ അവനെ താലോലിച്ചു കൊണ്ടിരിക്കുമ്പോൾ വേലിപടർപ്പിൽ ഒരു കാക്ക വന്നിരുന്നു. അവൻ എന്നോട് ചോദിച്ചു

"പപ്പാ, അതെന്താ?"

"അതൊരു കാക്കയാണ്." ഞാൻ പറഞ്ഞു.

www.malankaralibrary.com

അവന്റെ ചെറിയ ബുദ്ധിയിലും ഓർമ്മയിലും ആ പുതിയ വാക്ക് ഇടം പിടിക്കാൻ ബുദ്ധിമുട്ടായതിനാൽ അവൻ വീണ്ടും, വീണ്ടും 23 പ്രാവശ്യം ചോദ്യമാവർത്തിച്ചു. 23 പ്രാവശ്യവും ഞാൻ ഉത്തരം പറഞ്ഞു. അതൊരു കാക്കയാണ്. ഓരോ പ്രാവശ്യവും ഉത്തരത്തോടൊപ്പം കാക്കയെക്കുറിച്ചുള്ള കൊച്ചുപാട്ടുകളും കഥയും ഞാൻ അവന് ചൊല്ലിക്കൊടുത്തു. ഒടുവിൽ 24-ാം തവണയും അവൻ ചോദ്യമാവർത്തിച്ചു.

"പപ്പാ... അതെന്താ?...."

ഞാൻ അവന്റെ നിറുകയിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു.

"അതൊരു കാക്കയാണ്."

എന്റെ മകൻ എന്നോടല്ലാതെ ആരോടാണ് ചോദിക്കുക.

മകന്റെ കണ്ണുകൾ ഈറനണിഞ്ഞു. അവൻ തലയുയർത്തി വേലിപ്പടർപ്പിലേക്ക് നോക്കി. ആ കാക്ക എപ്പോഴോ പറന്നു പോയിരുന്നു. അവൻ വരാന്തയിൽ കിടന്നിരുന്ന ചാരുകസേരയിലേക്ക് നോക്കി. ആ കസേരയും ശൂന്യമായിരുന്നു.

നവംബർ 2008

www.malankaralibrary.com



# 13
# ഓർമ്മകളിൽ ഒരു തണൽ മരം

**ഒ**ക്ടോബർ പത്ത്. പുണ്യചരിതനായ ഒരു ആചാര്യന്റെ സ്മരണയാൽ പാവനമായ ദിനം. അപരാഭിധാനങ്ങളുടെ ആധിക്യത്താൽ വീർപ്പുമുട്ടുന്ന നാമധേയം - ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്. മലങ്കരയുടെ സൂര്യതേജസ്സ്. കണ്ടുമുട്ടിയവരിലും പരിചയപ്പെട്ടവരിലും മരിക്കാതെ നിലനിൽക്കുന്ന സ്നേഹസ്മരണ. ജീവിതവിശുദ്ധികൊണ്ടും ലളിതമായ ജീവിതശൈലികൊണ്ടും ഏവരുടെയും ഹൃദയത്തിന്റെ അകത്തളത്തിൽ നിറസാന്നിദ്ധ്യമായി നിലകൊള്ളുന്ന മാർ ഗ്രിഗോറിയോസ് പിതാവ്. വൈവിദ്ധ്യമാർന്ന ആ വ്യക്തിപ്രഭാവത്തിന്റെ അനേകം തലങ്ങളെ സ്മരിക്കാൻ കേവലം ഒരു താൾ മതിയാവില്ലല്ലോ. പിതാവിന്റെ തികച്ചും സ്വകീയമായ വ്യക്തിത്വസവിശേഷതകളിൽ ഒന്നു മാത്രം നമുക്കിവിടെ ധ്യാനിക്കാം.

www.malankaralibrary.com

പ്രകൃതിയെ പ്രണയിച്ച ഇടയൻ.... ഈ നാമധേയം ഈ ഇടയനുമാത്രം ചേരുന്നതല്ലോ. "ഒരു തൈ നടുമ്പോൾ ഒരു തണൽ നടുന്നു" എന്ന കവിവാക്യം ജീവിതം കൊണ്ട് സാർത്ഥകമാക്കിയ ആചാര്യൻ. പ്രകൃതിയുടെ മുറ്റത്ത് ആയിരം തണലുകൾ നട്ട്, പ്രകൃതിയെ ഹരിതാഭയാർന്ന പുടവ ധരിപ്പിച്ച പിതാവ് ഇന്നോർമ്മയാകുന്നു. പ്രകൃതിസംരക്ഷണത്തെക്കുറിച്ച്, ഓസോൺ പാളിയിലെ വിള്ളലിനെക്കുറിച്ച്, വറ്റി വരളുന്ന നദികളെക്കുറിച്ച് ഒക്കെ പ്രഭാഷണങ്ങളും സെമിനാറുകളും കേട്ട് നാം മടുക്കുമ്പോൾ ഓർക്കുക, കാണാൻ വരുന്നവർക്കെല്ലാം ഒരു മരത്തിന്റെ വിത്തോ തൈയോ ഉപഹാരമായി തന്റെ അനുഗ്രഹത്തോടൊപ്പം നല്കിയ ഒരു ഇടയൻ നമുക്കുണ്ടായിരുന്നു. ഭൂമിയുടെ പച്ചപ്പിനെക്കുറിച്ച്, കിളികളെക്കുറിച്ച്, ജീവജാലങ്ങളുടെ വൈവിദ്ധ്യത്തെക്കുറിച്ച് സ്വപ്നങ്ങൾ നെയ്ത് സുവിശേഷം പ്രസംഗിച്ച ഒരു ഇടയൻ ഇവിടെ ജീവിച്ചിരുന്നു. വിദേശരാജ്യങ്ങൾ സന്ദർശിച്ച് മടങ്ങുമ്പോൾ, കൊച്ചു കേരളത്തിന്റെ ജൈവവൈവിദ്ധ്യത്തെ കൂടുതൽ സമ്പന്നമാക്കാൻ ഇവിടുത്തെ കാലാവസ്ഥയ്ക്കനുയോജ്യമായ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും വിത്തുകൾ ശേഖരിച്ചുകൊണ്ട് വരുമായിരുന്ന ഒരു ഇടയൻ... മുറിവേൽക്കുന്ന പ്രകൃതിയുടെ വേദനയെ തൊട്ടറിഞ്ഞ ഇടയൻ... ആ മുറിവിന് സൗഖ്യം പകരുവാൻ ഒരു തൈ നടുവാൻ ഉത്സാഹിച്ച ഇടയൻ...

ഒരു ഓർമ്മപ്പെരുന്നാളിൽകൂടി സംബന്ധിച്ച് നേർച്ചയപ്പം ഭുജിച്ച് അനുഗ്രഹീതരായി മടങ്ങുമ്പോൾ ഓർക്കുക... ഈ പിതാവിന്റെ സ്വപ്നങ്ങൾ എന്നെങ്കിലും നമ്മുടേതാകുമോ? പ്രകൃതിയെ പ്രണയിച്ച ഇടയന്റെ പ്രണയഗീതം ഒരിക്കൽ കൂടി മീട്ടുവാൻ നമ്മൾക്കാകുമോ? ഓർമ്മപ്പെരുന്നാൾ കഴിഞ്ഞ് മടങ്ങിയെത്തുമ്പോൾ തൊടിയിൽ ഒരിടത്ത് ഈ ഇടയന്റെ ഓർമ്മക്കായി ഒരു മരം, ഒരു തണൽ നടുവാൻ നമുക്കാവുമോ? ഇതിന് സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്ത് ഓർമ്മപ്പെരുന്നാൾ?

ഈ ഓർമ്മപ്പെരുന്നാളിൽ, യുവജനസംഘടനകളും അല്മായ സംഘടനകളും പ്രകൃതിയെ പ്രണയിച്ച ഈ ഇടയന്റെ ഓർമ്മ പുതുക്കുവാൻ ഒരു തണൽ നടുമോ?

പ്രകൃതിയുടെ നിത്യകാമുകനായ ഒരിടയൻ നമുക്കുണ്ടായിരുന്നു എന്നതിൽ നമുക്കഭിമാനിക്കാം. ഈ ഇടയന്റെ ഓർമ്മഗീതങ്ങൾ ഒരു മരം, ഒരു തണൽ നട്ട് പ്രകൃതിയുടെ ഉണർത്തുപാട്ടാക്കി നമുക്ക് മാറ്റാം.

ഹൃദയത്തിലിന്നും സ്നേഹത്തിന്റെ ലാളിത്യത്തിന്റെ, വിശുദ്ധിയുടെ തണൽമരമായി നിൽക്കുന്ന ആർച്ചബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മകൾക്ക് മുമ്പിൽ, അദ്ദേഹം പ്രണയിച്ച പ്രകൃതിയോട് ചേർന്ന്, ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഒക്ടോബർ 2008

www.malankaralibrary.com



# 14

# ആഘോഷങ്ങൾ അവസാനിക്കുമ്പോൾ....

“ജയ്-ജയ്-പുനരൈക്യം.” പുനരൈക്യ ദിനാഘോഷ റാലി നീങ്ങുകയാണ്. വാനം മുട്ടെ ഉയരുന്ന ആഹ്ലാദാരവങ്ങൾ. റോഡിനിരുവശത്തും കൂടി നിൽക്കുന്ന ജനങ്ങളെ അഭിവാദനം ചെയ്ത്, മുദ്രാവാക്യങ്ങളും താളാത്മകമായ പാട്ടുകളും മുത്തുക്കുടകളും ഫ്ളോട്ടുകളും ബാൻഡ്സംഗീതവും എല്ലാംകൂടിച്ചേർന്ന് റാലി ഒഴുകുന്നു.

വർഷങ്ങൾക്കപ്പുറം തലമുറകളുടെ സ്വപ്നമായിരുന്ന മലങ്കരയുടെ ഐക്യം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതിന്റെ ഓർമ്മ.... അതിന്റെ എല്ലാ ആവേശവും സിരകളിലാവാഹിച്ച ജനത്തിന്റെ ആഹ്ലാദപ്രകടനം. സമ്മേളന നഗറിലേക്ക് കൂലം കുത്തിയൊഴുകിയ ജന

www.malankaralibrary.com

പ്രവാഹം പന്തലും നിറഞ്ഞ് കവിഞ്ഞ് നിൽക്കുമ്പോൾ അനുഗ്രഹവർഷമായി പിതാക്കൻമാർ സ്ലീബാ ഉയർത്തി അവരെ ആശീർവദിച്ചു. നമ്രശിരസ്കരായി നിന്ന് ജനം കുരിശു വരച്ച് ആ സാഫല്യം ഏറ്റുവാങ്ങി. ഇനിയും മടക്കയാത്ര... അവരവരുടെ ദേശത്തേക്ക്... ഭവനത്തിലേക്ക്... അടുത്ത പുനരൈക്യദിനം വരെ കാത്തുസൂക്ഷിക്കാനുള്ള ചില നല്ല ഓർമ്മകളുമായി ഒരു മടക്കയാത്ര.....

രംഗം കെ.എസ്.ആർ.ടി.സി. ബസ്സ്സ്റ്റേഷൻ, സമ്മേളനത്തിൽ സ്വന്തമായി വാഹനം ക്രമീകരിച്ച് വരാത്തവർ ബസ്സിൽ കയറാനുള്ള തിരക്കിൽ... പെട്ടെന്ന് ഒരപ്പനും മകനും.... മുൻപരിചയം ഉള്ളതുപോലെ അടുത്തു വന്നു. യാതൊരു മുഖവുരയും കൂടാതെ സംസാരവും തുടങ്ങി.

"തിരികെ പോവാണല്ലേ...."

"അതേ.... എവിടെ നിന്നാണ്?"

എനിക്ക് പോകേണ്ട റൂട്ടിൽ തന്നെ. ഇടക്ക് അവർ ഇറങ്ങും. ഒന്നിച്ചു പോകാം. മനസ്സിൽ കരുതി. അവരുടെ ഇടവകയിൽ നിന്ന് അധികം പേർ വരാത്തതുകൊണ്ട് സ്വന്തമായി ക്രമീകരിച്ചു പോന്നതാണ്. വന്ന് സംബന്ധിച്ചതിന്റെ ചാരിതാർത്ഥ്യം അപ്പന്റെ കണ്ണുകളിൽ കാണുന്നുണ്ട്. പെട്ടെന്ന് കൂടെയുണ്ടായിരുന്ന മകനെ ഞാൻ ശ്രദ്ധിച്ചു. എട്ടോ പത്തോ വയസ്സ് പ്രായം വരും. ക്ഷീണിച്ച ശരീരപ്രകൃതിയെങ്കിലും അവന്റെ കണ്ണുകളിലെ തിളക്കം... മുഖത്തെ പ്രസന്നത... പുനരൈക്യറാലിയിൽ പങ്കെടുത്ത ഒരു മലങ്കരക്കാരന്റെ ചാരിതാർത്ഥ്യം അവന്റെ കണ്ണിലുമുണ്ട്. സ്കൂളിൽ ചെന്ന് കൂട്ടുകാരോട് പങ്കുവെയ്ക്കാൻ ആയിരം കഥകൾ സ്വന്തമാക്കിയ സന്തോഷം ആ മുഖത്ത് വായിക്കാം... കയ്യിൽ ഒരു കടലാസ് കുമ്പിളിൽ ഒരു പിടി കടലയും ഉണ്ട്. അതിലോരോന്നും എടുത്ത് തൊലി തെറ്റിച്ച് സൂക്ഷ്മതയോടെ വായിലേക്കിട്ട് കൊറിക്കുന്ന കുസൃതിക്കുരുന്ന്. ഒരു ചോക്ലേറ്റ് ബാർ വാങ്ങി കൊടുക്കുവാൻ അപ്പന്റെ പോക്കറ്റിന് കനം പോര എന്നും അവനറിയാം. പരാതി തെല്ലുമില്ലാതെ കടല കൊറിക്കുന്ന അവനെ നോക്കി നിന്നപ്പോൾ അതാ വരുന്നു... സൂപ്പർ ഫാസ്റ്റ്. ഞാൻ പെട്ടെന്ന് സ്വാർത്ഥനായി. വളരെ ദൂരം പോകാനുള്ളതാണ്. ഇടിച്ചുകയറിയാൽ ഒരു സീറ്റ് തരപ്പെടുത്താം. ഏതാനും മിനുട്ടുകൾ ഒരു യുദ്ധം. സീറ്റ് കിട്ടി. ബാഗ് മുകളിലത്തെ കാരിയറിൽ വച്ച് സീറ്റിൽ സ്വസ്ഥനായി. പെട്ടെന്ന് എന്നിലെ മലങ്കരക്കാരൻ തിരിച്ചു വന്നു. എവിടെ ആ അപ്പനും മകനും. ബസ്സിനുള്ളിൽ നോക്കി. അവരില്ല. ഒടുവിൽ ഞാൻ കണ്ടു. അവർ പുറത്ത് എന്നെ നോക്കി നില്പുണ്ട്. പരിചയപ്പെട്ട ഒരു മലങ്കരക്കാരൻ യുദ്ധം ജയിച്ച് സീറ്റ് സ്വന്തമാക്കിയതിലുള്ള സന്തോഷം മറച്ചുവയ്ക്കാത്ത ചിരിയുമായി അവർ നിൽക്കുന്നു. ഞാൻ കയ്യാട്ടി വിളിച്ചു.....

"എന്താ കയറുന്നില്ലേ? നമുക്ക് പോകാനുള്ള ബസ്സാണ്."

www.malankaralibrary.com

“ഇല്ല, കയറുന്നില്ല. അത് സൂപ്പറാ... ചാർജ്ജു കൂടുതലാ. ഫാസ്റ്റ് വരും.”

“കയറൂ.... ഞാൻ ടിക്കറ്റെടുത്തോളാം-”

ഞാൻ പറഞ്ഞത് അവർ കേട്ടില്ല എന്ന് തോന്നുന്നു. കാരണം, ബസ്സ് പെട്ടെന്ന് നീങ്ങി. മിണ്ടാനാകാതെ അകന്നു പോയപ്പോൾ കണ്ടു..... മനസ്സിൽ നിന്ന് ഒരിക്കലും മായിക്കാനാകാതെ ആ രണ്ട് മുഖങ്ങളും, കൃതാർത്ഥത നിറഞ്ഞ ചിരിയും... പുനരൈക്യാഘോഷങ്ങൾ പിന്നീടു പലതുകഴിഞ്ഞു. ഓരോ പ്രാവശ്യവും റാലിയും കഴിഞ്ഞ് മടങ്ങുമ്പോൾ നൊമ്പരപ്പെടുത്തുന്ന ചോദ്യങ്ങൾ ബാക്കിയാവുന്നു. സൂപ്പറേൽ കയറാനാവാതെ പിന്തള്ളപ്പെടുന്ന ജീവിതങ്ങൾ... ആ മലങ്കരക്കാരുടെ എണ്ണം കൂടുന്നോ കുറയുന്നോ? ആർക്കു വേണം ഈ കണക്കുകൾ... സഭ തന്നെ സൂപ്പറാകുന്നു. വേഗം കൂടുന്നു. ഒപ്പം എത്താനാകാത്തവർ... ആ കൊച്ചു പയ്യന്റെ കൈക്കുമ്പിളിലെ ഒരു പിടി കടല പോലെ. കൊച്ചു സ്വപ്നങ്ങൾ മാത്രമുള്ള ജീവിതങ്ങൾ... എല്ലാ ആഘോഷ ങ്ങളും ആരവങ്ങളും അടങ്ങുമ്പോൾ അവർ മാത്രം പിന്തള്ളപ്പെടുന്നുവോ...?

സെപ്റ്റംബർ 2008

www.malankaralibrary.com



15

# അമ്മ....

**അ**മ്മ.... എത്ര സുന്ദരമായ പദം. നാവിൽ അമൃതായി, ഹൃദയത്തിലനുഭൂതിയായി, ഓർമ്മയിൽ കുളിർനിലാവായി..... അമ്മ.

കാലമെത്രകഴിഞ്ഞാലും, പ്രായമെത്ര ഏറിയാലും, മനുഷ്യരായി പിറന്നവർക്കെല്ലാം തപ്തനിശ്വാസങ്ങൾക്കൊപ്പം "എന്റെ അമ്മേ..." എന്ന് ഒരു വിളി ചേർത്ത് വയ്ക്കുമ്പോൾ എന്തൊരാശ്വാസം.

അമ്മ അരികിലെത്തി മുടിചുരുളുകളിൽ സ്നേഹപൂർവ്വം വിരലുകളോടിച്ച് "സാരമില്ല" എന്ന് പറഞ്ഞാശ്വസിപ്പിച്ച് മാറോട് ചേർക്കുന്ന സുഖം. ഊർജ്ജവും ഉയിരും ചോർത്തുന്ന പ്രശ്നകലുഷിത മുഹൂർത്തങ്ങൾക്കൊടുവിൽ, ഒറ്റപ്പെട്ടുപോയി എന്ന് തോന്നുന്ന നിമിഷങ്ങ

www.malankaralibrary.com

ളിൽ, വീണ്ടും ഒരു കുട്ടിയായി ഓടിച്ചെന്ന് അമ്മയുടെ മടിയിൽ തലചായ്ച്ച് ഒന്ന് വിശ്രമിക്കാൻ, ഉറങ്ങുവാൻ ഇപ്പോഴും ആഗ്രഹിച്ചു പോകുന്നതെന്തേ?

മുറിഞ്ഞുപോയ പൊക്കിൾക്കൊടി ബന്ധം ഉടലിലെന്നും മായാത്ത ഒരു അടയാളമായി നിൽക്കുന്നതെന്തുകൊണ്ട്?

അമ്മയുടെ മരണത്തിനുശേഷവും, ശരീരത്തിലും മനസ്സിലും അമ്മ മായാത്തൊരു തിരുശേഷിപ്പായി അവശേഷിക്കുന്നതെന്ത്? ദൈവമേ, നീ പോലും നിന്റെ സ്നേഹത്തെ ഉപമിച്ചത് മറ്റൊന്നിനോടുമല്ലല്ലോ. "പെറ്റമ്മ നിന്നെ മറന്നാലും..."

ജീവിതദുഃഖങ്ങളുടെ കനത്ത ഭാരം ഇടനെഞ്ചിലൊരു വേദനയായി ഘനീഭവിക്കുമ്പോൾ ദൈവത്തെപ്പോലും അമ്മയായി കാണുവാനാണ് എനിക്ക് കൊതി. അറിയാതെ ചങ്കിൽ തട്ടി വിളിച്ചുപോകുന്നു.

"അമ്മേ മഹാമായേ...'

അകലങ്ങളിലെവിടയോ, എല്ലാ ആശ്രയങ്ങളും നഷ്ടപ്പെട്ടുപോയ ഒരു ദുഃഖപുത്രി ഉള്ളു കലങ്ങി വിളിക്കുന്നു.

"അമ്മേ ഭൂമീദേവീ..."

ഭൂമി തന്റെ ഉടലുപിളർന്ന് വീണ്ടും ഗർഭഗൃഹത്തിന്റെ സുരക്ഷിതത്വത്തിലേയ്ക്ക് തന്റെ മകളെ സ്വീകരിക്കുന്നു.

ശാന്തയായി തലോടുമ്പോഴും, രൗദ്രഭാവത്തോടെ സംഹാരതാണ്ഡവമാടുമ്പോഴും, പ്രകൃതിയെ അമ്മയായി കണ്ട് ആശ്വസിക്കാനാണ് എനിക്കിഷ്ടം.

"അമ്മേ... പ്രകൃതിദേവീ..."

അലറിയടുക്കുന്ന കടലിന്റെ തിരകളെ മുറിച്ച് ഒരു ചെറുവഞ്ചി ഇറക്കുമ്പോൾ അരയന്റെ ചങ്കുറപ്പിനേക്കാളേറെ, അരയത്തി ആശ്രയിച്ച് വിളിക്കുന്നതാരെയാണ്... "കടലമ്മേ, ചതിക്കരുത്."

കടലും അമ്മയാണ്. പിന്നെ ഭയക്കാനില്ലല്ലോ..

ജീവിതത്തിലാശ്രയിക്കാവുന്നതെന്തും, അഭയമരുളുന്നതെന്തും, മനുഷ്യന് അമ്മയാണ്.

അമ്മ.. ജീവിതത്തിന്റെ ഉറക്കുപാട്ടാണ്. വിഹ്വലതകളെ മായിച്ച്, കനിവും കിനാവും നല്കി നമ്മെ ഊയലാടിക്കുന്ന താരാട്ടുപാട്ടാണ് അമ്മ...

എങ്കിലും...

തെരുവിന്റെ അഴുക്കുചാലിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിന്റെ അമ്മേ എന്ന നിലവിളിക്ക്, മകനേ എന്ന മറുവിളി ഉയരാത്തതെന്തേ...?

അനന്തപുരിയുടെ അമ്മത്തൊട്ടിലിൽ ഇത്രയധികം കുഞ്ഞുങ്ങൾ ഉപേഷിക്കപ്പെടുന്നതെന്തേ...?

www.malankaralibrary.com

ഗർഭപാത്രത്തിന്റെ പവിത്രനിശബ്ദതയിൽ കുരുതി കഴിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ മൂകവിലാപങ്ങൾക്ക് അമ്മേ... എന്ന ആർത്തനാദം പൂർത്തിയാക്കാനാവാത്തതെന്തേ?

നദിയുടെ മരണക്കയത്തിലേക്ക് കുഞ്ഞിളംപൈതലിനെ മാറിൽ ചേർത്ത് ചാടുന്ന അമ്മ, ആ കുരുന്നിന്റെ "അമ്മേ.. അരുത്..." എന്ന വിളി കേൾക്കാത്തതെന്തേ....?

മനുഷ്യനായി പിറന്നവനെല്ലാം ആശ്വാസത്തിന്റെ അവസാന വാക്കായ അമ്മ എന്തേ ചിലരുടെ വായ്കളിൽ കയ്പ് നേദിച്ചു.

അമ്മയെ നഷ്ടപ്പെട്ട അനാഥജന്മങ്ങൾക്ക് പകരം വയ്ക്കുവാൻ എന്തുണ്ട് ദൈവമേ....

മലമുകളിലെ കുരിശിൽ നിന്ന് പ്രാണൻ വെടിയുന്നതിന് മുമ്പ് മനുഷ്യപുത്രൻ പറയുന്നു "ഇതാ നിന്റെ അമ്മ..." അനാഥരെ സനാഥരാക്കിയ നിന്റെ മൃത്യുഞ്ജയ മന്ത്രം. സ്വന്തം അമ്മയെ എല്ലാവർക്കുമായി പകുത്തു നൽകി നീ പറഞ്ഞു "എല്ലാം ഇപ്പോൾ പൂർത്തിയായി." അതേ, അപ്പോഴാണ് നിന്റെ ബലി പൂർത്തിയായത്. ഒരു മനുഷ്യനും ചെയ്യാനാവാത്ത ത്യാഗം നീ അപ്പോഴാണ് നിറവേറ്റിയതെന്ന് ഞാൻ തിരിച്ചറിയുന്നു...

നീ അപ്പം പങ്കുവച്ചത് എനിക്ക് മനസ്സിലാകും.

നിന്റെ രക്തം നീ പങ്കുവച്ചതും ഞാൻ മനസ്സിലാക്കുന്നു.

നിന്റെ ശരീരം, നിന്റെ സ്നേഹം, നിന്റെ വചനം, നിന്റെ പ്രാണൻ,

എല്ലാം നീ പകുത്തു തന്നു. അതെല്ലാം എനിക്കു മനസ്സിലാകും.

എങ്കിലും, നിനക്കെങ്ങനെ നിന്റെ അമ്മയെ പകുത്തു നൽകുവാൻ കഴിഞ്ഞു.....

എനിക്കൊരിക്കലും ആവാത്തത് അതു തന്നെയാണല്ലോ?

നീ എനിക്കു തന്ന നിന്റെ അമ്മയുടെ... അല്ല... നമ്മുടെ അമ്മയുടെ തിരുന്നാൾ - ആഗസ്റ്റ് പതിനഞ്ച്...

ആ അമ്മയെ മനസ്സിലാക്കുമ്പോൾ, ഞാനറിയുന്നു,

നിന്റെ സ്നേഹം...

അമ്മയെപ്പോലും പകുത്തുതന്ന നിന്റെ സ്നേഹം...

ആഗസ്റ്റ് 2008

www.malankaralibrary.com



# 16

# ദൈവമേ കൈതൊഴാം കേൾക്കുമാറാകേണം

"**അ**വൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നത് കേൾക്കുകയും, അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു" (ലൂക്ക. 2/46).

കേൾക്കാനും ചോദിക്കാനും ഒരിടം. പള്ളിക്കൂടം. ജീവിതത്തിലെ ഏറ്റം മനോഹരമായ വർണ്ണങ്ങൾ ചാലിച്ച് ചേർത്ത് നാം ഓർമ്മകളിൽ വരച്ചിട്ടിരിക്കുന്ന ചിത്രം നാം പഠിച്ചിറങ്ങിയ കലാലയങ്ങളുടേതാണ്. ഇത് ജൂൺമാസം. എത്രായിരം കുരുന്നുകളാണ് വിദ്യാലയങ്ങളുടെ പടികടന്ന് ഈ മാസം അക്ഷരമുറ്റത്തേക്ക് വലതുകാലൂന്നി പ്രവേശിക്കുക. പോയകാലത്ത് പൊട്ടിയ സ്ലേറ്റും കല്ലുപെൻസിലും കുത്തഴിഞ്ഞ

www.malankaralibrary.com

പുസ്തകവും മഷിത്തണ്ടും മഴയുള്ള ദിവസങ്ങളിൽ ചൂടാൻ തൂശനിലയും ആയിരുന്നുവെങ്കിൽ ഇന്ന് സ്കൂബി ഡേ ബാഗും പോപ്പിക്കുടയും കഴുത്തിൽ വരിഞ്ഞുമുറുക്കിയ ടൈയും മാറി വന്നിട്ടുണ്ട്. എങ്കിലും കുരുന്നുകളുടെ ജീവിതയാഥാർത്ഥ്യം ഒന്നുതന്നെ. പറയുന്നത് കേൾക്കുവാനും ചോദ്യങ്ങൾ ചോദിക്കാനും ഒരിടം..

"ജീവിതത്തിലെ ഇരുളകറ്റുന്നവൻ ഗുരു" എന്ന് ഭാരതീയ സങ്കല്പം. പക്ഷേ, വിദ്യാഭ്യാസം കച്ചവടമാകുമ്പോൾ അക്ഷരവെട്ടം തേടുന്ന അനേകം ജീവിതങ്ങളിൽ ഇരുളിന്റെ കാളിമ പരക്കുന്നു. നല്ല വിദ്യാഭ്യാസം പണമുള്ള വന്റെ മാത്രം കുത്തകയാകുമ്പോൾ അനേകം ജീവിതങ്ങൾ കരിന്തിരിയാകുന്നു.

വിദ്യാലയങ്ങൾ വികലമായ പ്രത്യയശാസ്ത്രങ്ങളുടെ കളരിയാക്കാൻ മുഹമ്മദ് ബിൻ തുഗ്ലക്കിനെ ഉപാസിക്കുന്ന വിദ്യാഭ്യാസമന്ത്രി നേതൃത്വം കൊടു ക്കുന്ന പരിഷ്ക്കാരങ്ങൾ ഒരു വശത്ത്. "ദൈവമേ, കൈതൊഴാം കേൾക്കു മാറാകേണം" എന്ന് ഈണത്തിൽ പാടി ഈശ്വരനെ തുയിലുണർത്തി വിദ്യാ രംഭം കുറിക്കുന്ന കലാലയങ്ങൾ പഴയ തലമുറയുടെ ഗൃഹാതുരത്വമാക്കി മാറ്റി ഈശ്വരനും മതവും മനുഷ്യപുരോഗതിയുടെ ശത്രുക്കൾ എന്ന് പാഠപുസ്ത കത്തിലെഴുതിവച്ച് കുഞ്ഞിക്കരളുകളിൽ കമ്മ്യൂണിസം കുത്തിവയ്ക്കാൻ മിന ക്കെടുന്ന തലതിരിഞ്ഞ ഇടതുപക്ഷ ബുദ്ധിജീവികൾ മറുവശത്ത്. എഴുത്തോല കളിൽ ഹരിശ്രീ കുറിച്ചിരുന്ന നാരായമുനകൾ മാറ്റിവച്ച് പകരം കഠാരിമുന യിൽ സഹപാഠിയുടെ ചോര ഇറ്റിച്ച് "ഇങ്കിലാബ് സിന്താബാദ്" എന്ന് വിളി ക്കാൻ പ്രേരിപ്പിക്കുന്ന കുട്ടിസഖാക്കൾ വേറൊരു വശത്ത്. മക്കളുടെ ഭാവി യിൽ എല്ലാ സ്വപ്നങ്ങളും കൂടുകൂട്ടുന്ന മാതാപിതാക്കളുടെ പ്രതീക്ഷകളുടെ ഏകജാലകവും കൊട്ടിയടയ്ക്കുന്ന വിദ്യാഭ്യാസസമീപനം കൂടിയാകുമ്പോൾ ഇരുള് പൂർണ്ണമാകുന്നു.

കോപ്പിയടിക്കാൻ അദ്ധ്യാപകർ ഒത്താശചെയ്തുകൊടുത്തും, പഠിച്ചി ല്ലെങ്കിലും ജയിക്കാം എന്ന് വിദ്യാഭ്യാസവകുപ്പുതന്നെ ബോദ്ധ്യം നല്കിയും ഈ പതനം പൂർത്തിയാക്കുന്നു. അരാജകത്വം സ്വഭാവത്തിൽ ചാലിച്ചു ചേർക്കുന്ന കലാലയ രാഷ്ട്രീയവും, പാർട്ടിയിൽ ആളെടുക്കുവാൻ കുട്ടി സഖാക്കളെ വാർത്തെടുക്കുവാനുള്ള കളരിയായി മാത്രം കലാലയങ്ങളെ കാണുന്ന ഭരണനേതൃത്വവും കൈകോർത്ത് നില്ക്കുമ്പോൾ "ഈശ്വരോ രക്ഷതു" എന്നല്ലാതെ എന്തു പറയുവാൻ. നമ്മുടെ കുഞ്ഞുങ്ങളുടെ സ്വപ്ന ങ്ങളും ഭാവിയും മോഷ്ടിക്കാൻ ഇവർക്കാരാണ് അധികാരം നല്കിയത്?


കാലവർഷക്കാറ്റിനോടൊപ്പം പറന്നെത്തുന്ന അദ്ധ്യയന വർഷാരംഭ ത്തിന്റെ ഓർമ്മകളിൽ ദൂരെ എവിടെയോ ഉള്ള ഒരു കലാലയ മുറ്റത്ത് ഒരു കുട്ടി കൈകൾ കൂപ്പി, അർദ്ധനീലിമ നേത്രങ്ങളോടെ ഉരുക്കഴിക്കുന്നു.

www.malankaralibrary.com

ദൈവമേ കൈതൊഴാം കേൾക്കുമാറാകേണം
പാവമാമെന്നെ നീ കാക്കുമാറാകേണം
എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകേണം
നിന്നെ ഞാൻ എന്നുമേ കാണുമാറാകേണം
നേർവഴിക്കെന്നെ നീ കൊണ്ടുപോയീടേണം
നേർവരും സങ്കടം ഭസ്മമായീടേണം.
ദുഷ്ട സംസർഗ്ഗം വരാതെയായീടേണം
ശിഷ്ടരായുള്ളവർ തോഴരായീടേണം
നല്ല കാര്യങ്ങളിൽ പ്രേമമുണ്ടായീടേണം
നല്ല വാക്കോതുവാൻ ത്രാണിയുണ്ടായീടേണം
സത്യം പറയുവാൻ ശക്തിയുണ്ടാകേണം
ദൈവമേ കൈതൊഴാം കേൾക്കുമാറാകേണം
പാവമാമെന്നെ നീ കാക്കുമാറാകേണം

ജൂൺ 2008

www.malankaralibrary.com



# 17

# ശൂന്യമായ കല്ലറയും, രണ്ടു തുള്ളി കണ്ണുനീരും!

"**എ**ന്നാൽ മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു" (യോഹ.2:11).

ഉയിർപ്പുതിരുന്നാളും സ്വർഗ്ഗാരോഹണ തിരുന്നാളും കഴിഞ്ഞു. ഇനിയും ഏതാനും ദിവസങ്ങൾക്കുള്ളിൽ പെന്തിക്കോസ്തി പെരുന്നാളും നമ്മെ വിട്ടൊഴിയും. പിന്നെ തിരുന്നാളുകളുടെ ആരവം ഇല്ലാത്ത വർഷക്കാലം വരവായ്. അതും പെയ്തൊഴിയും. എങ്കിലും മഴ പെയ്തൊഴിഞ്ഞിട്ടും പെയ്തൊഴിയാത്ത മരം പോലെ ഇപ്പോഴും കരഞ്ഞുകൊണ്ട് നില്ക്കുന്ന ഒരു സ്ത്രീയുടെ ചിത്രം, ഉയിർപ്പുകാലത്തിന്റെ

www.malankaralibrary.com

തിരുശേഷിപ്പുപോലെ മനസ്സിൽ അവശേഷിക്കുന്നു.... മഗ്ദലേനമറിയം... യോഹന്നാൻ ശ്ലീഹ അവളുടെ ചിത്രം കോറിയിടുന്നത് അങ്ങനെയാണ്. ശൂന്യമായ കല്ലറ കണ്ട് ശിഷ്യന്മാർ സംഭ്രമിക്കുകയും സന്തോഷിക്കുകയും ചെയ്തുകൊണ്ട് അവിടെ നിന്നും മടങ്ങിപ്പോയി (യോഹ. 20:10).

എന്നാൽ മഗ്ദലേന മറിയം.... അവളെവിടെപ്പോകാൻ... അങ്ങനെ മടങ്ങിപ്പോകാൻ അവൾക്ക് കഴിയുമായിരുന്നില്ലല്ലോ. എല്ലാവരും ഉപേക്ഷിച്ചുപോയ ആ ശൂന്യമായ കല്ലറയ്ക്കു മുമ്പിൽ അവൾ കാത്തിരുന്നു. വെള്ള വസ്ത്രം ധരിച്ച മാലാഖമാർ അവൾക്ക് കാണപ്പെട്ട് അവളുടെ ദുഃഖകാരണം അന്വേഷിക്കുന്നുണ്ട്. എന്റെ നാഥനെ കാണാനില്ല എന്ന ആവലാതിയോടെ തിരിഞ്ഞു നോക്കുന്ന അവളുടെ മുമ്പിൽ യേശു പ്രത്യക്ഷപ്പെടുന്നു. കൺതടങ്ങളിൽ കണ്ണുനീർ ഉരുണ്ടു കൂടി, പാതി മറഞ്ഞ കാഴ്ചയിൽ അവൾ യേശുവിനെ ആദ്യം തിരിച്ചറിഞ്ഞില്ല. യേശു "സ്ത്രീയേ..." എന്നു വിളിച്ചിട്ടും അവൾ തിരിച്ചറിയുന്നില്ല. അവൾ കാത്തിരുന്ന വിളിയതല്ല. അവൾ കാത്തിരിക്കുന്നത് അവൾക്ക് പരിചിതമായ നാഥന്റെ പേരു ചൊല്ലിയുള്ള വിളിയാണ്. ഉവ്വ്, യേശു അങ്ങനെത്തന്നെ അവളെ വിളിച്ചു.... "മറിയം..." അവൾ കാത്തിരുന്ന വിളി... "റബ്ബോനീ..." എന്ന ആർത്തനാദം പോലെ, ഉള്ളു പിളർന്ന സന്തോഷാരവത്തോടെയുള്ള, അവളുടെ ഹൃദയം നിറഞ്ഞുള്ള ആ വിളിയിൽ ശൂന്യമായ കല്ലറ തളിർത്തുലഞ്ഞു. പർവ്വതങ്ങളിൽ നിന്ന് സമതലത്തിലേയ്ക്ക് അവരോഹണം ചെയ്യുന്ന കുളിർക്കാറ്റുപോലെ അവൾ താഴ്‌വാരങ്ങളിലേയ്ക്ക് പറന്നിറങ്ങി. ആദ്യത്തെ സുവിശേഷവിളംബരം...

"സഹോദരങ്ങളേ യേശു ഉയിർത്തെഴുന്നേറ്റു.... ഞാൻ കർത്താവിനെ കണ്ടു...."

ശൂന്യമായ കല്ലറ ഉപേക്ഷിച്ചോടാതെ അതിന് മുമ്പിൽ കരഞ്ഞുകൊണ്ട് കാത്തിരുന്ന മഗ്ദലേന മറിയത്തിന് ലഭിച്ച സമ്മാനം.... പുനരുത്ഥാനത്തിന്റെ ആദ്യ സാക്ഷി.

ശൂന്യമായ കല്ലറകൾ നിരവധി ബാക്കിയുണ്ട് നമുക്കുചുറ്റും. കണ്ട് മടങ്ങുകയും ചെയ്യുന്നവരുമുണ്ട് അനേകം. കാത്തുനില്ക്കാനും രണ്ടുതുള്ളി കണ്ണുനീർ വീഴ്ത്താനും ആരുമില്ലെന്ന് മാത്രം.

വല്ലപ്പോഴും തപാലിൽ എത്തുന്ന മക്കളുടെ കത്തിനായി കാത്തിരിക്കുന്ന വൃദ്ധരായ മാതാപിതാക്കൾ...

അഗതിമന്ദിരങ്ങളിൽ എല്ലാം മറന്ന് കിടക്കയിൽ ചുരുണ്ടുകൂടുവാൻ ശ്രമിക്കുന്നവർ...

www.malankaralibrary.com

പണിസ്ഥലത്തുനിന്നും മടങ്ങിയെത്തുന്ന അപ്പനെ വിശപ്പിന്റെ കാളൽ ഒതുക്കി കാത്തിരിക്കുന്ന കുരുന്നുകളുടെ കണ്ണുകളിലെ ദൈന്യത...

സ്നേഹം നിഷേധിക്കപ്പെട്ട് അടുക്കളയുടെ കരിപിടിച്ച ചുമരുകൾക്കുള്ളിൽ കഴുത്തിൽ ബന്ധിച്ച താലിയിൽ തെരുപിടിച്ച് വിതുമ്പുന്ന ഒരു പാവം വീട്ടമ്മ...

ദൂരെയുള്ള വീടിനെ കിനാവുകണ്ട് മണലാരണ്യത്തിൽ മടച്ച് യൗവനം ഉരുക്കുന്ന യുവാവിന്റെ കരുവാളിച്ച മുഖം...

അപരന്റെ മാംസദാഹത്തിൽ ഉടുപുടവ നഷ്ടപ്പെട്ട പെൺകുട്ടി...

എല്ലാം... എല്ലാം..... ശൂന്യമായ കല്ലറകളാണ്.

ഇവ തളിർക്കാൻ രണ്ടിറ്റ് കണ്ണീരാണാവശ്യം. പിന്നെ കരുണയും കരുതലും വിളമ്പിവച്ച് കാത്തിരിക്കുന്ന രണ്ട് മിഴികളും. കാത്തിരിക്കാനാളുണ്ട് എന്നറിയുന്നതു തന്നെ ഒരു വലിയ സുകൃതമാണ്. ജീവിതത്തിന്റെ പുണ്യമാണ്. ഈ കനിവിന്റെ ഉറവ പൊട്ടിയൊഴുകുന്നിടത്താണ് ശൂന്യമായ കല്ലറകൾ തളിർക്കുന്നത്. സുവിശേഷം പൂത്തുലയുന്നത്.

ഇത്തരമൊരു കാത്തിരിപ്പിൽ, കണ്ണുനീരിൽ ഒരു ശൂന്യമായ കല്ലറ പൂത്തുലഞ്ഞ സംഭവം മലയാളം വാരികയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ സഹോദരൻ അബുബേക്കർ കുറിച്ചുവക്കുന്നുണ്ട്. യൗവനത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ ആവേശം സിരകളിൽ പടർന്നപ്പോൾ ബഷീർ കൽക്കട്ടയിലേക്ക് പോയി. ആ പോക്കു പോയിട്ട് പത്തുവർഷം കഴിഞ്ഞാണ് മടങ്ങി വന്നത്. ഇനിയും അബുബേക്കറിന്റെ വാക്കുകൾ ....

"ബഷീർ അർദ്ധരാത്രിയിലാണ് വീട്ടിൽ വന്നത്. ഉമ്മാ എന്നുള്ള വിളി കേട്ട് ഞാനും ഹനീഫായും ഉമ്മായും എഴുന്നേറ്റ് വിളക്കു കത്തിച്ച് നോക്കി. മുറ്റത്ത് ഒരാൾ നില്പുണ്ടായിരുന്നു. ഉമ്മായ്ക്ക് ആളെ മനസ്സിലായി. ഉമ്മ പറഞ്ഞു അകത്തേക്ക് കയറിയിരിക്ക്. നീ വരുന്ന വഴിയാണോ? ഉമ്മ പലകയിട്ടുകൊടുത്ത് ചോറു വിളമ്പി വച്ച് ഊണ് കഴിക്കാൻ പറഞ്ഞു. ഉണ്ടുകൊണ്ടിരുന്നപ്പോൾ ബഷീർ ഉമ്മയോട് ചോദിച്ചു. "ഞാൻ ഇന്ന് വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?" ഉമ്മ പറഞ്ഞു, "നീ പോയ അന്നു മുതൽ ഒരാൾക്കുള്ള ആഹാരം ഞാൻ കരുതി വയ്ക്കുമായിരുന്നു" (മലയാളം, 14 മാർച്ച് പുറം 28, കോളം 3).

ഇങ്ങനെ കരുണയും കരുതലും വിളമ്പിവച്ച് രണ്ടുതുള്ളി കണ്ണുനീരിന്റെ ഉപ്പുരസവും ചേർത്തുവച്ച് കാത്തിരിക്കുന്ന ഉമ്മമാരാണ് ഈ ലോകത്തിന്റെ

www.malankaralibrary.com

സുകൃതം. എങ്കിലും, ദൈവമേ, അവരുടെ എണ്ണം വല്ലാതെ കുറഞ്ഞു പോവുന്നല്ലോ ഈ ലോകത്തിൽ. ശൂന്യമായ കല്ലറകളുടെ എണ്ണം പെരുകുന്നു.

കാത്തിരിക്കാൻ ആരുമില്ലാത്ത ശൂന്യമായ കല്ലറകൾ...

തളിർക്കാനാവാതെ, പൂക്കാലം കൈവിട്ടുപോയ ശൂന്യമായ കല്ലറകൾ.....

അവിടെ നിന്നുയരുന്ന ദീർഘനിശ്വാസങ്ങൾക്ക് എന്തൊരു ചൂട്...

കാലം തെറ്റിവരുന്ന വേനൽ മഴയ്ക്കുപോലും തണുപ്പിക്കാനാവാത്ത ചൂട്....

മെയ് 2008

www.malankaralibrary.com



18

# ഈസ്റ്റർ ലില്ലികൾ കൊഴിയുമ്പോൾ...

**നോ**മ്പുകാലത്തിന്റെ പുണ്യങ്ങളും വ്രതശുദ്ധിയും നമ്മുടെ മനസ്സിനെ ശുഭ്ര മാക്കുന്ന കാലഘട്ടത്തിലൂടെ നാം കടന്നുപോക യാണ്. ഓശാന ഞായറാഴ്ചയും പെസഹാ വ്യാഴവും ദുഃഖവെള്ളിയും ഈസ്റ്ററുമെല്ലാം നാം ക്രിസ്ത്യാനികളാണ് എന്നുള്ള നമ്മുടെ അവ ബോധത്തെ രൂഢമാക്കുന്നു. വിരളമായി മാത്രം ദേവാലയത്തിന്റെ പടി ചവിട്ടുന്നവരും ദുഃഖവെ ള്ളിയാഴ്ച എന്തു കൊണ്ടോ മുടക്കം കൂടാതെ ആചരിക്കുന്നു. ഇത് വെറും ഒരു ആചാരാനു ഷ്ഠാനമാണോ? അതോ യുക്തിക്കനുസരണം മാത്രം ജീവിതം ക്രമീകരിക്കുമ്പോഴും അറി യാതെ ചോർന്നുപോകുന്ന വികാരങ്ങളുടെ

www.malankaralibrary.com

ബാഷ്പങ്ങൾ ജീവിതത്തെ ആർദ്രമാക്കുന്നതോ? എന്തായാലും നൂറ്റാണ്ടുകൾക്ക പ്പുറം കുരിശിൽ മരിച്ചവനുമായി എനിക്കുണ്ട് എന്ന് ഞാൻ കരുതുന്ന കട പ്പാടിന്റെ ഒരു പൊക്കിൾക്കൊടി ബന്ധം.

ഈ തിരുന്നാളുകൾ പെയ്തൊഴിഞ്ഞ് പൊയ്ക്കഴിയുമ്പോൾ, ജീവിതം വീണ്ടും വിരസതയുടെ മേഘരഹിതമായ മാനം നോക്കി അലസമായി കിടക്കു മ്പോൾ എന്താണ് എനിക്ക് അവശേഷിക്കുന്ന പാഠങ്ങൾ? എന്തിനാണ് അവൻ കുരിശിലേറിയത്, സഹിച്ചത്, ഉയിർത്തെഴുന്നേറ്റത്?

ഷിക്കാഗോ നഗരത്തിലെ തിരക്കേറിയ ഒരു വീഥി. വീഥിക്കിരുപുറവു മുള്ള കടകളിലെ കണ്ണാടിക്കപ്പുറമുള്ള കാഴ്ചകൾ കണ്ട് നടക്കുകയാണ് കൊച്ചു ടോമി. ഒരു കടയുടെ മുമ്പിൽ തൂക്കിയിട്ടിരിക്കുന്ന ഒരു ബോർഡ് അവന്റെ കണ്ണിൽ ഉടക്കി. Puppies for sale (പട്ടിക്കുട്ടികൾ വിൽപ്പനയ്ക്ക്). അവൻ ആ കടയിലേക്ക് കയറിച്ചെന്ന് ചോദിച്ചു. "പട്ടിക്കുട്ടികൾക്ക് എന്താണ് വില."

"30 മുതൽ 50 വരെ ഡോളറാകും" കടക്കാരന്റെ മറുപടി.

"എനിക്ക് അവയെ ഒന്നു കാണുവാൻ സാധിക്കുമോ?" അവൻ ചോദിച്ചു:

"പിന്നെന്താ...." അയാൾ വിരൽഞൊടിച്ച് ഒന്ന് ചൂളമടിച്ചതും, കടയുടെ പിന്നിലെ മുറിയിൽ നിന്ന് ഒരു വലിയ പട്ടി വാലാട്ടിക്കൊണ്ട് അയാളുടെ അടു ത്തേക്ക് ഓടിവന്നു. പിന്നാലെ പതുപതുത്ത, പഞ്ഞിക്കെട്ടുമാതിരി, ചൊടിയും ചുണയുമുള്ള നാല് പട്ടിക്കുട്ടികൾ. എന്നാൽ അൽപം കഴിഞ്ഞ് അഞ്ചാമത് ഒരു പട്ടിക്കുട്ടി, മറ്റുള്ളവയേക്കാൾ അൽപം ചെറുതാണ്, മുടന്തി, മുടന്തി പതിയെ വരുന്നു. ടോമിയുടെ ശ്രദ്ധ ആ മുടന്തൻ പട്ടിക്കുട്ടിയിലേക്കായി.

"അയ്യോ, അതെന്തുപറ്റി?"

"ഓ അത് മുടന്തനാണ്. അതിന്റെ ഇടുപ്പെല്ലിന് തകരാറുണ്ട്." കട ക്കാരൻ പറഞ്ഞു.

"അതിനെന്താണ് വില" ടോമി ചോദിച്ചു.

"അതിന് വിലയൊന്നുമില്ല, നിനക്ക് വേണമെങ്കിൽ വെറുതെ കൊണ്ടുപൊയ്ക്കോ." കടക്കാരൻ പറഞ്ഞു.

" എനിക്ക് ആ മുടന്തുള്ള പട്ടിക്കുട്ടിയെ മതി. പക്ഷേ, വെറുതെ വേണ്ട, അമ്പതു ഡോളർ ഞാൻ തരാം."

അതിന് വിലവേണ്ട എന്ന് കടക്കാരൻ നിർബന്ധിച്ചിട്ടും ടോമി സമ്മ തിച്ചില്ല. എന്നാൽ അഞ്ചുഡോളർ തന്ന് അതിനെ കൊണ്ടുപൊയ്ക്കോ എന്നായി

www.malankaralibrary.com

കടക്കാരൻ. പക്ഷേ, ടോമി പറഞ്ഞു. "അതുവേണ്ട. അമ്പതുഡോളർ തന്നെ ഞാൻ തരാം, എന്നാൽ ഇപ്പോൾ എന്റെ കൈയ്യിൽ പത്ത് ഡോളറേ ഉള്ളു. ബാക്കി ഞാൻ തവണകളായി തന്ന് വീട്ടിക്കൊള്ളാം. പത്ത് ഡോളർ കൊടുത്ത് അവൻ ആ പട്ടിക്കുട്ടിയുമായി പോകുവാൻ തുടങ്ങിയപ്പോൾ ചിന്താക്കുഴപ്പത്തിലായ കടക്കാരൻ എന്തോ ചോദിക്കാൻ തുടങ്ങി. "പക്ഷേ, അത്..." കടക്കാരന്റെ സന്ദേഹം മനസ്സിലാക്കിയ ടോമി തിരിഞ്ഞു നിന്നു. അവൻ തന്റെ ഒരു കാലിലെ പാന്റ്സ് തെറുത്ത് മുകളിലേക്ക് കയറ്റിവച്ച് ആ കാൽ കാണിച്ചുകൊടുത്തു. അത് കണ്ട കടക്കാരന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞ് തുളുമ്പി. ടോമിയുടെ ഒരു കാൽ പോളിയോ വന്ന് ശോഷിച്ച് സ്വാധീനം കുറഞ്ഞതായിരുന്നു. മുടന്തനായ പട്ടിക്കുട്ടിക്ക് മറ്റുള്ളവയോടൊപ്പം മൂല്യമുണ്ടാവണം, സ്നേഹം കിട്ടണം എന്നു ടോമിക്കല്ലാതെ മറ്റാർക്കും നിർബന്ധം ഉണ്ടാവില്ലല്ലോ?

മനുഷ്യനായിപ്പിറന്ന് പാപം ഒഴികെ മറ്റെല്ലാറ്റിലും എന്നോട് സമനായ യേശുവിന് മാത്രമേ എന്നെ, എന്റെ വേദനകളെ, ബലഹീനതകളെ, കുറവുകളെ, വീഴ്ചകളെ മനസ്സിലാക്കാൻ പറ്റൂ. ആരെനിക്ക് വിലകല്പിച്ചില്ലെങ്കിലും യേശുവിന്റെ പക്കൽ എന്റെ മൂല്യം കുറഞ്ഞുപോവില്ല. അവന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവനാണ് ഞാൻ. "അവൻ പീഢ സഹിക്കുകയും, പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട്, പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ അവനു സാധിക്കുമല്ലോ" (ഹെബ്ര. 2/18). ഈ തിരിച്ചറിവിന്റെ സന്തോഷക്കണ്ണുനീരാണ് ഈ നോമ്പുകാലം അവസാനിക്കുമ്പോൾ, ഒരു ദുഃഖവെള്ളിയാഴ്ചയുടെ കയ്പുനീർക്കുടിച്ചിറക്കികഴിയുമ്പോൾ, ഈസ്റ്റർ ലില്ലികൾ കൊഴിയുമ്പോൾ എന്റെ മനസ്സിനെ ആർദ്രമാക്കുന്നത്.


അറിയാതെ എന്റെ കണ്ണുകൾ ചുറ്റും പരതുന്നു. എന്റെ നോട്ടത്തിനായി ആഗ്രഹിക്കുന്ന കണ്ണുകൾ, എന്റെ സ്നേഹം ആഗ്രഹിക്കുന്ന ഹൃദയങ്ങൾ, ഞാൻ നീതി നിഷേധിച്ചതിൽ നോവുന്ന ഹൃദയങ്ങൾ... എല്ലാം.... എന്റെ ചുറ്റിലും... ഞാൻ അറിയുന്നോ അവരുടെ മൂല്യം?....

ആരൊക്കെയോ, ജീവിതസഹനത്തിന്റെ ഇരുളടഞ്ഞ പിന്നാമ്പുറങ്ങളിൽ നിന്ന് കണ്ഠമിടറി, അവ്യക്തമായി, വിറയാർന്ന സ്വരത്തിൽ നിലവിളിക്കുന്നുവോ "ഏലി, ഏലി, ലമ സബക്ക്ത്താനി!!!" (ദൈവമേ, ദൈവമേ, നീ എന്നെ കൈവിട്ടത് എന്തുകൊണ്ട്?).

ദൈവമേ, ഞാനറിയുന്നു. അവരെ കൈവിട്ടതു നീയല്ലല്ലോ. കൈപിടിച്ചവരെ ഉയർത്താൻ മറന്നുപോയ ഞാനാണല്ലോ...!!!

മാർച്ച് 2008

www.malankaralibrary.com



# 19
# ജനിമൃതികൾ

**ഇ**രട്ടക്കുട്ടികൾ - ചേട്ടനും അനുജനും. അവർ അമ്മയുടെ ഗർഭപാത്രത്തിലാണ്. ജീവന്റെ കുളിർമയുള്ള തുടിപ്പുകൾ ആസ്വദിച്ച് ഒരുമിച്ചുള്ള ജീവിതം. അവർ തികച്ചും സന്തുഷ്ടരായിരുന്നു.

“നമ്മെ ഒന്നിച്ച് സൃഷ്ടിച്ച ദൈവം എത്ര നല്ലവൻ,” ചേട്ടൻ മൊഴിഞ്ഞു.

‘‘സംശയമില്ല’’ - അനുജൻ തല കുലുക്കി സമ്മതിച്ചു. ‘‘നമുക്കായി ഈ കൊച്ചുലോകവും ദൈവം സൃഷ്ടിച്ചു. അവൻ തീർച്ചയായും നല്ലവൻ തന്നെ.” തങ്ങളുടെ കൊച്ചു ലോകത്തിൽ, അമ്മയുടെ ഗർഭപാത്രത്തിൽ അവർ സന്തുഷ്ടരായിരുന്നു. ഒന്നിനെ

www.malankaralibrary.com

ക്കുറിച്ചും പരാതികളില്ലാത്ത ജീവിതം. പരസ്പരം സ്നേഹിച്ചും കെട്ടിപ്പിടിച്ചും കൊച്ചു വർത്തമാനം പറഞ്ഞും, കുസൃതി കാട്ടിയും കുഞ്ഞിളം ചൂടിൽ ഇട ക്കിടെ മയങ്ങിയും കാലം കഴിഞ്ഞു.

ഒരു ദിവസം ചേട്ടൻ പറഞ്ഞു "നമ്മുടെ ലോകം എത്ര സുന്ദരം. എന്നാൽ നമുക്ക് മുമ്പ് ഇവിടെ ആരോ ഉണ്ടായിരുന്നതിന്റെ അടയാളങ്ങൾ ഞാൻ കാണുന്നുണ്ട്. അവരൊക്കെ എവിടെപ്പോയി."

ആദ്യമായി ഭയം അവരുടെ മനസ്സിനെ ഗ്രസിച്ചു. തങ്ങളും ഒരിക്കൽ ഈ ലോകത്തിൽ നിന്ന് പുറന്തള്ളപ്പെടും എന്നവർ മനസിലാക്കി. തങ്ങളുടെ ഈ സുന്ദരമായ ലോകം വിട്ടു പോകേണ്ടി വരുമല്ലോ - അനുജൻ തേങ്ങി. ആ ദിവസം, തങ്ങളുടെ ഈ ലോകത്തിലെ വാസത്തിന്റെ അന്ത്യം അടുത്തു വരുന്നു എന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കി. ആദ്യമായി ഭയം എന്ന വികാരം അവരുടെ മനസ്സിൽ പിടിമുറുക്കി. ഒന്നിച്ച് ഈ ലോകത്ത് കഴിഞ്ഞ നല്ല നാളുകളെ അവർ ഓർത്തു. കൊച്ചുകൊച്ചു കുസൃതികളും പരിഭവങ്ങളും എല്ലാം ചേർന്ന് സുന്ദരമാക്കിയ നല്ല നാളുകൾ. എത്ര പെട്ടെന്നാണ് എല്ലാം അവസാനിക്കാൻ പോകുന്നത്. ദുഃഖം അവരുടെ മനസ്സിനെ പൂർണ്ണമായും കീഴടക്കി.

തങ്ങൾ ഈ ലോകത്തിൽ നിന്നും പുറന്തള്ളപ്പെടാൻ പോകുന്ന ദിനം അടുത്തു വരുന്നു എന്നും, ദിനങ്ങൾ എണ്ണപ്പെടുന്നുവെന്നും അവർ മനസ്സിലാക്കി.

ഒടുവിൽ... ഒടുവിൽ, കാത്തിരുന്നത്, ഭയപ്പെട്ടത് സംഭവിച്ചു. അവർ രണ്ടുപേരും അവരുടെ കൊച്ചു ലോകത്തിൽ നിന്നും പുറന്തള്ളപ്പെട്ടു. അവർക്ക് രണ്ടു പേർക്കും സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. മരണം, അന്ത്യം എന്നൊക്കെ അവർ ഭയപ്പെട്ടത്- മറ്റൊരു വലിയ സന്തോഷത്തിന് വഴിമാറുക യാണ്. കണ്ണുകൾ കണ്ടിട്ടില്ലാത്തതും ചെവികൾ കേട്ടിട്ടില്ലാത്തതും സങ്കല്പ ത്തിൽ ഉദിച്ചിട്ടില്ലാത്തതുമായ ഒരു പുതിയ സുന്ദരലോകത്തേക്കാണ് അവർ പിറന്നു വീണത്. സന്തോഷാധിക്യത്താൽ അവർ രണ്ടുപേരും പൊട്ടിക്കരഞ്ഞു പോയി. (ജനിച്ചു വീഴുമ്പോൾ കുഞ്ഞുങ്ങൾ കരയുന്നത് ഇതുകൊണ്ടാണത്രെ...)

ഇത് നവംബർ മാസം. സകല വിശുദ്ധരുടെയും തിരുന്നാൾ ഈ മാസ മാണ്. പുതിയ ലോകത്തിലേക്കുള്ള പിറവിയുടെ രഹസ്യം മനസ്സിലാക്കിയവ രാണ് വിശുദ്ധർ. മനുഷ്യരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത് ഇതിലേക്കാണ്. ഈ ലോകത്തിലായിരിക്കുമ്പോൾ ഇതിനെ സ്നേഹിച്ചു പോകുന്നത് സ്വാഭാവികം. ഇവിടെ നിന്നുള്ള വേർപിരിയൽ ദുഃഖപൂർണ്ണം. എല്ലാം അവസാനിക്കുന്നു എന്ന തോന്നലും ദുഃസ്സഹം. എന്നാൽ ഇത് നാം താല്ക്കാലികമായി വസി ക്കുന്ന ഒരു ഗർഭഗൃഹം മാത്രം. ഇതിനേക്കാളും സുന്ദരമായ, നിത്യമായ ഒരു

www.malankaralibrary.com

ലോകത്തിലേക്കാണു നാം പിറന്നു വീഴാൻ പോകുന്നത്. അവിടെ നാം പിറന്നു വീഴുമ്പോൾ, തീർച്ചയായും നാം സന്തോഷം കൊണ്ട് പൊട്ടിക്കരയും. നിത്യ ജീവിതത്തിന്റെ സൗഭാഗ്യസുന്ദര അനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്ന ഒരു വാതിൽ മാത്രമാണ് മരണം എന്ന് നാം തിരിച്ചറിയും. എങ്കിലും, ഈ ലോക ത്തോടുള്ള മമതയിൽ പൂണ്ടുപോയ നമ്മളെല്ലാം, ഒരമ്മയുടെ ഗർഭപാത്രത്തിലെ ഇരട്ടക്കുട്ടികളെപ്പോലെ ഇവിടം വിട്ടുപോകാൻ വിസമ്മതിച്ച് സങ്കടത്തോടെ, ഇവിടെ പിടിച്ചു നില്ക്കാൻ ശ്രമിക്കുന്നു...

മരണത്തെ ജീവന്റെ ഉത്സവമായി, നിത്യജീവനിലേക്ക് നയിക്കുന്ന തിരു ന്നാൾ പ്രദക്ഷിണകവാടമായി തിരിച്ചറിയുമ്പോൾ ജീവിതരഹസ്യം ചുരുൾ നിവർത്തും.

മരണത്തെ ഭയപ്പെടുന്നവർ ജീവിക്കാനും മറന്നുപോകും. മരണത്തി നപ്പുറത്തേക്ക് കാഴ്ച നീട്ടിക്കിട്ടുന്നവർ ജീവിതം ഭയരഹിതമായി, മൃത്യുഭയ മില്ലാതെ ജീവിച്ച് വിശുദ്ധരുടെ ഗണത്തിലേക്ക് ചേർക്കപ്പെടും... ഒരു പുതിയ ലോകത്തിലേക്കുള്ള പിറവിയാണത്.

മരണം ഒടുക്കമല്ല, നല്ല തുടക്കമാണ്...

നവംബർ 2009

www.malankaralibrary.com



# 20

# ക്രിസ്മസ് - സ്വപ്നങ്ങളുടെ പൂക്കാലം

**ക്രി**സ്മസ് സ്വപ്നങ്ങളുടെ പൂക്കാല മാണ്. മനുഷ്യവംശത്തിന്റെ രക്ഷയെക്കുറിച്ച് പിതാവായ ദൈവത്തിന് ഉണ്ടായിരുന്ന സ്വപ്ന ങ്ങളുടെ പൂക്കാലം. വി. മത്തായി എത്ര ഭംഗി യായിയാണ് അത് അവതരിപ്പിക്കുന്നത്. ആദ്യത്തെ ക്രിസ്മസ് മത്തായിയുടെ സുവിശേ ഷത്തിൽ ഇതൾ വിടർത്തുന്നത് സഫലമായ സ്വപ്നങ്ങളുടെ കഥ പറഞ്ഞുകൊണ്ടാണ്. മറി യത്തെ സ്വന്തം ഭാര്യയായി സ്വീകരിക്കാൻ ജോസഫിന് നിർദ്ദേശം കിട്ടുന്നത് സ്വപ്നത്തി ലൂടെയാണ് (മത്താ 1/20). ജോസഫ് നിദ്രയിൽ

www.malankaralibrary.com

നിന്നുണർന്ന് കർത്താവിന്റെ ദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു (മത്തായി 1/24). ഹേറോദേസിന്റെയടുക്കലേക്ക് മടങ്ങിപ്പോകരുതെന്ന് ജ്ഞാനികൾക്ക് സ്വപ്നത്തിൽ നിർദ്ദേശം കിട്ടി (മത്തായി 2/12). അവരും ആ സ്വപ്നത്തെ അനുസരിച്ചു. ഒരു കുഞ്ഞിന്റെ ജീവൻ രക്ഷിക്കപ്പെട്ടു. ഈജിപ്തിലേക്ക് ശിശുവിനേയും കൊണ്ട് പലായനം ചെയ്യാൻ വീണ്ടും ജോസഫിന് സ്വപ്നത്തിൽ നിർദ്ദേശം കിട്ടി (മത്തായി 2/13). ജോസഫ് അത് അനുസരിച്ചു (മത്തായി 2/14). ശിശുവിന്റെ ജീവൻ വീണ്ടും സംരക്ഷിക്കപ്പെടുന്നു. വീണ്ടും ഒരിക്കൽക്കൂടി സ്വപ്നത്തിലൂടെ അറിയിക്കുന്നു, സ്വദേശത്തേക്ക് മടങ്ങാൻ (മത്തായി 2/19). ജോസഫ് അത് അനുസരിച്ചു. പിന്നീട് ഗലീലിപ്രദേശത്ത് പോയി താമസിക്കാൻ നിർദ്ദേശം കിട്ടുന്നതും സ്വപ്നത്തിൽകൂടെ തന്നെ (മത്തായി 2/22). ജോസഫ് വീണ്ടും അനുസരിക്കുന്നു. സ്വപ്നങ്ങളുടെ സാക്ഷാത്കാര വസന്തമായാണ് ആദ്യത്തെ ക്രിസ്മസിനെ വി. മത്തായി അവതരിപ്പിക്കുന്നത്.

ഇങ്ങനെ അഞ്ച് സ്വപ്നങ്ങളുടെ സംരക്ഷണത്തിലൂടെ പരിരക്ഷിക്കപ്പെട്ട ഒരു ജീവൻ, ഒരു പൂവ് ഇറുത്ത് എടുക്കുന്ന ലാഘവത്തോടെ കൊല ചെയ്യപ്പെടുന്നത് മറ്റൊരു സ്വപ്നം കൊല ചെയ്യപ്പെടുമ്പോഴാണ്. സ്വപ്നത്തിൽ കിട്ടിയ നിർദ്ദേശം അനുസരിച്ച് പീലാത്തോസിന്റെ ഭാര്യ യേശുവിനെ രക്ഷിക്കാൻ ശ്രമിക്കുന്നുണ്ട് (മത്തായി 27/19). എന്നാൽ, പീലാത്തോസിന് ജോസഫിന്റെ നീതിബോധമില്ലാത്തതിനാൽ ആ സ്വപ്നം സംരക്ഷിക്കുവാൻ കഴിഞ്ഞില്ല. ഫലമോ, ഒരു നിഷ്കളങ്ക ജീവൻ അങ്ങനെ കുരിശിലേറ്റപ്പെട്ടു. അഞ്ച് സ്വപ്നങ്ങളുടെ സംരക്ഷണത്തിലൂടെ അനേകർ നെഞ്ചിലേറ്റിയ ജീവൻ ഒരു സ്വപ്നത്തിന്റെ നിഷേധത്തിലൂടെ കുരിശിലേറ്റപ്പെട്ടു. ക്രിസ്മസ് സ്വപ്നങ്ങളുടെ പൂക്കാലമാണ് എങ്കിൽ ദുഃഖവെള്ളി സ്വപ്നങ്ങളുടെ കൊലനിലമാണ്. ഇനിയും, നമ്മൾക്ക് നമ്മുടെ ജീവിതത്തിലേക്ക് മടങ്ങാം. ഓരോ മനുഷ്യജീവിതവും എത്രയോ പേരുടെ സ്വപ്നസാക്ഷാത്കാരമാണ്. നാം ഓരോരുത്തരും നമ്മുടെ അമ്മമാരുടെ ഗർഭത്തിൽ ഉരുവാകുന്നതിനു മുമ്പുതന്നെ ദൈവം നമ്മെക്കുറിച്ച് സ്വപ്നം കണ്ടിരുന്നുവെന്ന് വചനമൊഴി (ഏശയ്യാ 49/1, എഫേ: 1/4-5; ഗലാ: 1/ 15).

അമ്മയുടെ ഗർഭത്തിനുള്ളിൽ ജീവന്റെ ആദ്യത്തെ തുടിപ്പും ചലനവും നാം സൃഷ്ടിച്ചപ്പോൾ, അകക്കുളിരിൽ സ്വയം മറന്ന അമ്മയുടെ സ്നേഹം ചുരത്തുന്ന ഹൃദയം നമ്മെക്കുറിച്ച് എത്രയോ സ്വപ്നങ്ങൾ നെയ്തുകൂട്ടിക്കാണും.

വീടിന്റെ ഉമ്മറത്തു നാം പിച്ചവെച്ച നാൾ മുതൽ നമ്മുടെ അപ്പന്മാർ നമ്മെക്കുറിച്ച് എന്ത് സ്വപ്നങ്ങൾ കൂട്ടിവെച്ചുകാണും.

www.malankaralibrary.com

ചൊരിമണലിൽ ചൂണ്ടുവിരൽക്കൊണ്ട് ആദ്യാക്ഷരം കുറിപ്പിച്ച ഗുരു മുതൽ കലാലയത്തിലെ ക്ലാസ്മുറികൾക്കുള്ളിൽ നമ്മുടെ ഹൃദയം കണ്ടെത്തിയ ഗുരുക്കന്മാർവരെ എത്രപേർ നമ്മെക്കുറിച്ച് എന്തെല്ലാം സ്വപ്നങ്ങൾ കണ്ടുകാണും.

പിന്നീട് കാമുകൻ കാമുകിയെക്കുറിച്ചും, ഭർത്താവ് ഭാര്യയെക്കുറിച്ചും, ഭാര്യ ഭർത്താവിനെക്കുറിച്ചും അവർ രണ്ടുപേരും ഒന്നിച്ച് മക്കളെക്കുറിച്ചും, പിന്നീട് മക്കൾ മാതാപിതാക്കളെക്കുറിച്ചും എന്ത്, എന്ത് സ്വപ്നങ്ങൾ... ജീവിതം സ്വപ്നങ്ങളുടെ ഒരു കഥ പറച്ചിലാണ്.

ഈ സ്വപ്നങ്ങളുടെ ഇതളുകളാൽ അലംകൃതമാണ് നാം പിന്നിട്ടു പോന്ന ജീവിതവഴിത്താരകൾ. എന്നിട്ടുമെന്തേ അടുക്കളയുടെ കരിപിടിച്ച ചുമരുകൾക്കുള്ളിൽ ഒരു മാതൃഹൃദയം, ഒരു ഭാര്യ തേങ്ങുന്നു...

വീടിന്റെ പൂമുഖത്തിരുന്ന് ഒരു പിതാവെന്തേ ആരും കാണാതെ ഈറനണിഞ്ഞ മിഴികൾ ഒപ്പുന്നു. അകലങ്ങളിൽ എത്രയോ മക്കൾ അവരുടെ മാതാപിതാക്കളുടെ സ്മരണയിൽ മിഴികളെ ആർദ്രമാക്കുന്നു.

ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ, കൊലചെയ്യപ്പെടുന്ന സ്വപ്നങ്ങളുടെ നിശബ്ദവിലാപം ഉയരുന്നുവോ? ഓരോ ക്രിസ്മസും ഒരോ ഓർമ്മപ്പെടുത്തലാണ്. സ്വപ്നങ്ങൾ സംരക്ഷിക്കപ്പെടാനും പൂവണിയിക്കപ്പെടാനും ഉള്ളതാണ്, കൊലചെയ്യപ്പെടാനുള്ളതല്ല. ക്രിസ്മസ് ആഘോഷം സ്വപ്നങ്ങളുടെ വസന്തകാലമെന്ന് തിരിച്ചറിയുക.

ഡിസംബർ 2007

www.malankaralibrary.com



# 21

# ഇതെന്റെ അമ്മയാണ്......

“**അ**തൊരു ചൊവ്വാഴ്ച രാവിലെയായിരുന്നു. കീറിപ്പറിഞ്ഞ് മുഷിഞ്ഞ വസ്ത്രങ്ങളും, പാറിപ്പറക്കുന്ന മുടിയും, അഴുക്കും മെഴുക്കും പുരണ്ട മുഖത്ത് ദൈന്യത മുറ്റിയ കണ്ണുകളുമായി പെയിന്റിന്റെ ചെറിയ ടിന്നുമായി, അവൾ ഞങ്ങളുടെ ഭവനത്തിന്റെ മുന്നിൽ വന്നു.” സിസ്റ്റർ മേരി റോസ് കഥ പറഞ്ഞു തുടങ്ങി.

അവളുടെ കണ്ണുകളിലെ ദൈന്യതയും മൗനവും മാത്രമല്ല എന്നെ അവളിലേക്കടുപ്പിച്ചത്. അവളുടെ വിചിത്രമായ പെരുമാറ്റം..... എവിടെപ്പോയാലും, എന്തുചെയ്താലും ആ അലുമിനിയം പെയിന്റിന്റെ ചെറിയ ടിന്ന് അവളുടെ കയ്യിൽ കാണും. അനാഥാലയത്തിലെ മറ്റു

www.malankaralibrary.com

കുട്ടികളുമായി ചില്ലറ വഴക്കുകളുണ്ടായാൽ, സിസ്റ്റേഴ്സ് വഴക്കുപറഞ്ഞാൽ, ഉടൻ അവൾ കിടപ്പുമുറിയിലേക്ക് പിൻവാങ്ങും. പിന്നെ ആ ചെറിയ ടിന്ന് നെഞ്ചോട് ചേർത്തുപിടിച്ച് ഒരിരിപ്പാണ്. ആ പ്രായത്തിലുള്ള കുട്ടികൾക്ക് സ്വകാര്യ കൂട്ടുകാർ പതിവാണ്. ടെഡിബിർ, പിങ്കു, മിക്കി മൗസ് തുടങ്ങി അവരുടെ ഇഷ്ടതോഴരായ കളിപ്പാവകൾ.... പക്ഷേ, എന്തുകൊണ്ട് ഒരു അലുമിനിയം ടിൻ.....

ജിജ്ഞാസ അടക്കാനാവാതെ ഒരിക്കൽ ഞാൻ ചോദിച്ചു. "ഈ ടിന്നിനുള്ളിലെന്താണ്?" പെട്ടെന്ന് ഒരു നിമിഷം, അവളുടെ കണ്ണുകൾ വിടർന്നു. പിന്നീട് ഏതോ ദുഃഖസ്മൃതിയിൽ അവ പാതി കൂമ്പി... "പിന്നെപ്പറയാം..." തീർന്നു. വീണ്ടും ഒരിക്കൽ ഒന്നിച്ച് പ്രഭാതഭക്ഷണത്തിനിരുന്നപ്പോൾ ഞാൻ തുടങ്ങി.

"ആ അലുമിനിയം ടിൻ കാണാൻ നല്ലശേലുണ്ട്. അതിനുള്ളിലെന്താണ്." അവൾ പെട്ടെന്ന് ആ ടിന്നെടുത്ത് മാറോടു ചേർത്തിട്ട് പറഞ്ഞു. "ഇത് എന്റെ അമ്മയാണ്."

"അമ്മയോ...?"

"അതേ..."

ആ സംഭാഷണത്തിലൂടെ അവളുടെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ഒരു വാതിൽ തുറന്നു.

കാതറിനെ അവളുടെ അമ്മ ജനിച്ചയുടൻ ചവറ്റുകൂനയിൽ ഉപേക്ഷിച്ചതാണ്. പിന്നീട് പല അനാഥശാലകളിലായി ജീവിതം.... ഒരിടത്തുനിന്ന് മറ്റൊരിടത്തേയ്ക്ക്... ഒരിക്കൽ കാതറിന് അവളുടെ അമ്മയെക്കാണാൻ അവസരം ലഭിച്ചു. ഹോസ്പിറ്റലിലെ മരണക്കിടക്കയിൽവച്ച് മരിക്കുന്നതിനുമുമ്പ് അവളുടെ അമ്മ ഒരു വാചകമെ അവളോടു പറഞ്ഞുള്ളു. "മോളെ, ഞാൻ നിന്നെ സ്നേഹിക്കുന്നു. സ്നേഹമില്ലാത്തതു കൊണ്ടല്ല നിന്നെ ഞാൻ ഉപേക്ഷിച്ചത്. പക്ഷേ അമ്മയ്ക്ക്..." വാക്കുകളെ മുറിച്ചൊഴുകിയ കണ്ണുനീരിൽ പറയാൻ ബാക്കിവച്ചതും, ദുഃഖവും എല്ലാം അലിഞ്ഞൊഴുകിപ്പോയി.

അമ്മ മരിച്ചു. മൃതശരീരം ദഹിപ്പിക്കയായിരുന്നു. കാതറിന്റെ ആഗ്രഹപ്രകാരം അമ്മയുടെ ചിതാഭസ്മം കുറച്ച് ഒരു ചെറിയ ടിന്നിനുള്ളിലാക്കി അവൾക്ക് കൊടുത്തു. (Sister Mary Rose, Pesident of Covenant House, New York City, Covenant House Newsletter, Fall - 1995) ഇതാണ് കാതറിന്റെ കഥ.

എന്തുകൊണ്ടാണ് ഈ സംഭവം പിന്മൊഴിയുടെ താളിൽ കുറിച്ചത്? ഈ മാസം ഭാരതം ശിശുദിനം ആചരിക്കുന്നു. കഴിഞ്ഞ മാസം 20-ാം തീയതി

www.malankaralibrary.com

യിലെ ദീപിക ദിനപ്പത്രം വളർത്തുനായോടൊപ്പം തുടലിൽ പൂട്ടിയിട്ട് പീഡിപ്പിക്കപ്പെട്ട ബാലന്റെ ചിത്രവുമായാണ് നമ്മെ വരവേറ്റത്. കേരളത്തിന്റെ മനഃസാക്ഷിയെ മുറിപ്പെടുത്തിയ ആ വാർത്ത ഉണ്ടാക്കിയ നീറ്റലിനിയും തീർന്നിട്ടില്ല.

മാറത്തടുക്കിപ്പിടിക്കാൻ ഒരു പിടി ചാരം പോലും സ്വന്തമായിട്ടില്ലാത്ത ഒരുപാട് കുഞ്ഞുങ്ങളുടെ നാടാണ് നമ്മുടെ ഭാരതം.

അപരന്റെ മാംസദാഹത്തിലും ലാഭക്കൊതിയിലും പെട്ട് കൂമ്പിലേ കരിയുന്ന എത്രയോ കുഞ്ഞുങ്ങളുടെ ഭാരതമാണിത്.

ഗർഭപാത്രങ്ങളിൽ വച്ച് തന്നെ കുരുതി കഴിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ നിശബ്ദവിലാപത്തിൽ വിറങ്ങലിച്ച ഭാരതം....

നഗ്നത മറയ്ക്കാൻ ഒരു തുണ്ടു തുണിപോലും ഇല്ലാതെ ഈ മാസം തന്നെ ആരംഭിക്കുന്ന ശൈത്യകാലത്ത് തണുത്തു വിറക്കുന്ന അനേകം കുഞ്ഞുങ്ങൾ ഇന്നും വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിലുണ്ട്. നോഡിയയിലെ ഒരു അധമ മനസ്സ് കുരുതികഴിച്ചത് 32 കുഞ്ഞുങ്ങളെ... ഇതൊക്കെ മാധ്യമങ്ങളിലൂടെ അറിഞ്ഞും അറിയാതെയും നാം കടന്നു പോകുന്നു.

സ്വർഗ്ഗരാജ്യം ഇവരെപ്പോലുള്ളവർക്കാണ് എന്ന് പറഞ്ഞ് യേശുതമ്പുരാൻ അവർക്ക് തീറെഴുതിക്കൊടുത്ത സ്വർഗ്ഗവും സ്വപ്നങ്ങളും ആരാണ് അവരിൽ നിന്നും കവർന്നെടുത്തത്.

ഇതെന്റെ അമ്മയാണ് എന്ന് പറഞ്ഞ് ഒരു പിടി ചാരം മാറോട് ചേർക്കുന്ന കാതറിനെപ്പോലെ നഷ്ടസ്വപ്നങ്ങളുടെ തോഴരായ ഭാരതത്തിലെ കുഞ്ഞുങ്ങളുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിരിയിക്കാൻ കഴിയുന്ന ചില നല്ല കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയും എന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട്... ഒരു ശിശുദിനം കൂടി....

നവംബർ 2007

www.malankaralibrary.com



# 22

# "ശാന്തരാത്രി, തിരുരാത്രി...."

"**ഇ**തു കേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി, അവനോടൊപ്പം ജറുസലേം മുഴുവനും" (മത്തായി. 2/3).

ഇന്ന് "ശാന്തരാത്രി, തിരുരാത്രി," എന്ന് നാം പാടുന്നുവെങ്കിലും, ആദ്യത്തെ ക്രിസ്മസ് രാത്രി അത്ര ശാന്തമായിരുന്നില്ല. അത് അസ്വസ്ഥത നിറഞ്ഞ രാത്രിയായിരുന്നു. അനേകരുടെ സമാധാനം ഭഞ്ജിക്കപ്പെട്ട രാത്രിയായിരുന്നു ആദ്യത്തെ ക്രിസ്മസ് രാത്രി.

സ്വന്തം പുത്രന് ജന്മമേകാൻ രാത്രിയിൽ ഒരിടം തേടിയലഞ്ഞ ഒരു പാവം പെൺകുട്ടിയുടെ കണ്ണീർകൊണ്ട് ഈറനണിഞ്ഞ രാത്രി.

www.malankaralibrary.com

അവൾക്കു വേണ്ടി ഓരോ വാതിലിലും മുട്ടിവിളിച്ച ഒരു ഭർത്താവിന്റെ വേപഥുപൂണ്ട രാത്രി.....

ശാപവാക്കുകളോടെ അവരുടെ മുമ്പിൽ വാതിലുകൾ കൊട്ടിയടച്ച വരുടെ കാലുഷ്യമാർന്ന രാത്രി....

ശിശു ജനിച്ച വിശേഷം ആദ്യം അറിഞ്ഞ ആട്ടിടയന്മാർക്ക് ഉറക്കം നഷ്ടപ്പെട്ട രാത്രി....

ശിശുവിനെ തേടിയലഞ്ഞ രാജാക്കന്മാരുടെ നിദ്രാവിഹീനമായ രാത്രി...

മറ്റൊരു രാജാവ് ജനിച്ചതറിഞ്ഞ് അസ്വസ്ഥനായ ഹേറോദേസ് രാജാവിന്റെ സമാധാനം നഷ്ടപ്പെട്ട രാത്രി...

ഒരു തെറ്റും ചെയ്യാത്ത നിരപരാധികളായ കുഞ്ഞുങ്ങളുടെ കഴുത്തറുത്ത പടയാളികളുടെ കുറ്റബോധം ഘനീഭവിച്ച രാത്രി....

നിഷ്കളങ്ക രക്തം പുരണ്ട രാത്രി....

മക്കൾ നഷ്ടപ്പെട്ട അമ്മമാരുടെ നിലവിളിയാൽ മുഖരിതമായ രാത്രി...

നൊന്തുപെറ്റ കുഞ്ഞിനെ കാലിത്തൊഴുത്തിൽ മൃഗങ്ങൾക്കൊപ്പം കിടത്തേണ്ടിവന്നതിൽ ഹൃദയം നുറുങ്ങിപ്പോയ ഒരു പാവം അമ്മയുടെ രാത്രി...

പടയാളികളുടെ വായ്ത്തലയിൽനിന്ന് സ്വന്തം കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ ഉഴറിയോടിയ ഒരു പിതാവിന്റെ വിഹ്വലതയാർന്ന രാത്രി...

രക്ഷകൻ ഈ ഭൂമിയിലേക്ക് വരാൻ ഇത്രയും അസ്വസ്ഥതകൾ സൃഷ്ടിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? ജറുസലേം മുഴുവൻ അവന്റെ വരവിന്റെ രാത്രിയിൽ അസ്വസ്ഥനായി...

ഈ അസ്വസ്ഥതയുടെ രാത്രി നാം ആഘോഷിച്ചാഘോഷിച്ച് ഇന്ന് ഇത്രയും വർണ്ണപ്പകിട്ടുള്ളതാക്കി....

നക്ഷത്രവിളക്കുകളും കണ്ണഞ്ചിക്കുന്ന അലങ്കാരവർണ്ണങ്ങളും സ്വപ്ന സമാനമാക്കുന്ന രാത്രി...

സമ്മാനപ്പൊതികളുടെ കളർ റിബ്ബണുകൾ തോരണം ചാർത്തുന്ന രാത്രി....

കരോൾ ഗാനങ്ങൾ ആർദ്രതാളം ചേർത്ത രാത്രി...

വിരുന്നുമേശകളിലെ ആഘോഷങ്ങൾ പതഞ്ഞുയരുന്ന രാത്രി...

മദ്യക്കുപ്പികൾ ലാസ്യഭാവം ചേർത്ത രാത്രി...

എന്തേ ഇതിങ്ങനെയായിപ്പോയി.... എന്തൊക്കെയോ പൊരുത്തക്കേടുകൾ ഈ ആഘോഷങ്ങൾ മറച്ചുപിടിക്കുന്നതുപോലെ... “ശാന്തരാത്രി, തിരു

www.malankaralibrary.com

രാത്രി..." എന്ന് പാടുമ്പോഴും Silent Night, Holy Night എന്ന് വയലിൻ കമ്പികൾ മീട്ടുമ്പോഴും എവിടെയൊക്കെയോ ദുഃഖം കിനിയുന്ന പോലെ... ആദ്യത്തെ ക്രിസ്മസ് രാത്രിയിലേക്കുള്ള ദൂരം വല്ലാതെ കൂടിയിരിക്കുന്നുവോ...

അസ്വസ്ഥതകളെയും ദുഃഖങ്ങളെയും മറച്ചു പിടിച്ച് ആഹ്ലാദിക്കുവാൻ വല്ലാത്ത ഒരു കഴിവു തന്നെയാണ് നമ്മൾക്ക്.... ഓരോ ദിവസവും പത്രവാർത്തകളിൽ അപകടങ്ങളിൽപ്പെടുന്നവരുടെയും കൊലചെയ്യപ്പെടുന്നവരുടെയും ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ക്രിക്കറ്റിന്റെ സ്കോർ നോക്കുന്നതുപോലെ നിർവികാരതയോടെ, നിസ്സംഗതയോടെ നോക്കിക്കാണുവാൻ നാം പഠിച്ചിരിക്കുന്നു. വിശക്കുന്നവരുടെ നേർക്ക്, രോഗികളുടെ നേർക്ക്, നീതിനിഷേധിക്കപ്പെടുന്നവരുടെ നേർക്ക്, ഉടുപുടവയഴിക്കപ്പെടുന്ന സഹോദരിമാരുടെ ദൈന്യതയുടെ നേർക്ക്, തെരുവിൽ ഇരുളിന്റെ മറവിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥ ജന്മങ്ങളുടെ നേർക്ക് കണ്ണുകൾ ഇറുക്കിയടച്ച് ധ്യാനഭാവത്തിൽ Silent Night, Holy Night എന്ന് താളഭംഗം വരാതെ, ശ്രുതി ചേർത്ത് പാടുവാൻ നാം പഠിച്ചിരിക്കുന്നു. ചരിത്രത്തിൽ ദൈവം എവിടെയൊക്കെ ആരുടെയൊക്കെ ജീവിതത്തിൽ പ്രവേശിച്ചിട്ടുണ്ടോ അവരൊക്കെ നിലവിലുണ്ടായിരുന്ന ജീവിതക്രമത്തെക്കുറിച്ച് അസ്വസ്ഥരാകുകയും പിന്നീട് അതെല്ലാം ഉപേക്ഷിച്ച് പുതിയ ജീവിതക്രമം സൃഷ്ടിക്കുകയും ചെയ്തു എന്നതാണ് സത്യം. വി.അഗസ്റ്റിൻ, വി.ഫ്രാൻസിസ് അസ്സീസി, വി.ഇഗ്നേഷ്യസ് ലെയോള, മദർ തെരേസാ, ശ്രീ.വിവേകാനന്ദൻ, മാർ ഈവാനിയോസ് പിതാവ്...... ഇവരുടെ നിര നീളുകയാണ്. സത്യങ്ങൾ തിരിച്ചറിഞ്ഞപ്പോൾ അസ്വസ്ഥരായവരാണ് ഇവർ. ദൈവത്തിന്റെ കടന്നുവരവിൽ അന്നുവരെ സുഖസുഷുപ്തിയിലായിരുന്ന ഇവരുടെ ഉറക്കം നഷ്ടപ്പെട്ടു. ഇതാണ് ക്രിസ്മസ്... ഇതാണ് ക്രിസ്തുസംഭവം... ഇമകൾ പൂട്ടിയടച്ച് ഉറങ്ങാനുള്ളതല്ല, ഉറക്കം നഷ്ടപ്പെടുത്താനുള്ള രാത്രിയാണ് ക്രിസ്മസ്.

അസ്വസ്ഥരായവരുടെ രാത്രിയാണ് ക്രിസ്മസ്.

നന്മകളുണ്ടാകാൻ ആരെങ്കിലുമൊക്കെ ത്യാഗം അനുഷ്ഠിച്ചേ മതിയാകൂ എന്ന് പഠിപ്പിച്ച രാത്രി...

അതുകൊണ്ട് ഈ ക്രിസ്മസിന് പിൻമൊഴിയുടെ ഈ താളിൽ കുറിക്കാനുള്ള ആശംസ ഇതാണ്. നിങ്ങളുടെയെല്ലാം ഉറക്കം നഷ്ടപ്പെടട്ടെ...

സുഖനിദ്രയ്ക്ക് ഭംഗം നേരിടട്ടെ...

നിങ്ങൾക്ക് സമാധാനം നഷ്ടപ്പെടട്ടെ...

എല്ലാവർക്കും ദൈവാനുഭവത്തിന്റെ ധാരാളം അസ്വസ്ഥതകൾ ഹൃദയപൂർവ്വം ആശംസിക്കുന്നു....

ഡിസംബർ 2009

www.malankaralibrary.com



# 23

# മുറിവുകളുടെ സുവിശേഷം...

**വേ**നലിൽ പെയ്ത കുളിർമഴയുടെ സുഖമുണ്ടായിരുന്നു ആ പ്രഭാതത്തിന്. ഈസ്റ്റർ പുലരി... വേദനയിലും വിരഹത്തിലും കഴിഞ്ഞിരുന്ന ശിഷ്യസമൂഹത്തിന് ആ നല്ല വാർത്ത, യേശു ഉയർത്തെഴുന്നേറ്റു എന്ന സുവിശേഷം ആത്മാവിൽ പടർന്ന കുളിർനിലാവുപോലെയായി. ഉയിർത്തെഴുന്നേറ്റ യേശു മുൻപിൽ വന്നു നിന്നപ്പോൾ സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ അവർക്ക് കഴിഞ്ഞില്ല. താളം തെറ്റിയ മനസിന്റെ വിഭ്രാന്തിയോ വിഹ്വലതയോ എന്നുള്ള അമ്പരപ്പ് പതിയെ സന്തോഷത്തിന് വഴിമാറിയപ്പോൾ ആദ്യത്തെ ഈസ്റ്റർ ആഘോഷത്തിന്റെ തിരശ്ശീല ഉയർന്നു.

ഉയിർത്തെഴുന്നേറ്റ യേശു അവരോ

www.malankaralibrary.com

ടൊപ്പം ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ (ലൂക്കാ 24:39-43) മരണത്തെ ജയിച്ച വന്റെ സത്തയും അസ്ഥിത്വവും അതിന്റെ പ്രത്യേകതകളും അവർ അറിഞ്ഞു. മരണത്തെ ജയിച്ച് മഹത്വമാർജ്ജിച്ച ഗുരുവിനെ സ്പർശിക്കുകയും കാണുകയും അനുഭവിച്ചറിയുകയും ചെയ്തപ്പോൾ അവരുടെ മനസിനെ സ്പർശിച്ച മറ്റൊരു കാര്യമുണ്ടായിരുന്നു. ഉയിർത്തെഴുന്നേറ്റ യേശു തന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിൽ അപ്പോഴും അഞ്ച് മുറിവുകൾ മായ്ക്കാതെ നിലനിർത്തിയിരിക്കുന്നു. അവരെ ആശീർവദിക്കാനുയർത്തിയ കൈകളിലെ ആണിപ്പഴുതുകൾ അവരുടെ മനസിന്റെ തേങ്ങലുകളായി. ദൈവവുമായുള്ള സാദൃശ്യം പോലും നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ (ഫിലി 2:6) എല്ലാം ഉപേക്ഷിച്ച് സ്വർഗ്ഗം വിട്ടിറിങ്ങിവന്നവൻ, സ്വർഗ്ഗത്തിലേക്ക് മടങ്ങുമ്പോൾ ഭൂമിയിൽനിന്ന് കൂടെ കൊണ്ടുപോകുന്നത് ഈ മുറിപ്പാടുകൾ മാത്രം. ഉയിർപ്പിന്റെ ആഹ്ലാദം ആരംഭിച്ചത് പീഡാനുഭവത്തിന്റെ നൊമ്പരങ്ങളിൽ നിന്നുമായിരുന്നോ? ഉയിർപ്പിന്റെ സന്തോഷം കിനിയുന്നത് പീഡാനുഭവത്തിന്റെ മുറിവുകളിൽ നിന്നുമാണോ? അതോ സ്നേഹിച്ചവരും ശുശ്രൂഷിച്ചവരും തിരികെ നൽകിയ മുറിപ്പാടുകൾ മായ്ക്കാനാവാത്ത വിധം ആഴപ്പെട്ടുപോയോ?

ശരിയാണ്, ജീവിതത്തിന്റെ സ്ഥായീഭാവം ദുഃഖമാണ്. ജീവിതത്തിലെ സന്തോഷം നിറഞ്ഞ അനുഭവങ്ങൾ എത്ര പെട്ടെന്നാണ് വിസ്മൃതിയിൽ ആണ്ടുപോകുന്നത്. സോപ്പ് കുമിളകൾ പോലെ അവ ക്ഷണമാത്രയിൽ പൊലിഞ്ഞുപോകും. തിളച്ചുതൂവുന്ന പാൽക്കുടത്തിന്റെ വിളുമ്പിലെ നിമിഷാർദ്ധങ്ങളുടെ ഉൽസവം മാത്രമാണ് ജീവിതത്തിൽ സന്തോഷത്തിന്റെ അനുഭവങ്ങൾ. ദുഃഖങ്ങളോ? അവ ആഴത്തിലങ്ങനെ ഘനീഭവിച്ച് കിടക്കും. ഹൃദയഭിത്തികളിൽ ആഴത്തിൽ കോറിയിടുന്നത് പലപ്പോഴും വേദനയുടെ ചിത്രങ്ങളാണ്. ഉള്ളിൽ നീറ്റലായി പടർന്ന്, വീണ്ടും വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നത് വേദനയാണ്. ഏകാന്തതകളെ തപിപ്പിക്കുന്നത് ദുഃഖസ്മരണകളാണ്. യേശുവും തന്നിലേൽപ്പിക്കപ്പെട്ട മുറിവുകളെ മായ്ക്കാതെ നിലനിർത്തിയത് മറക്കാനും പൊറുക്കാനുമാകാത്ത മനുഷ്യവംശത്തിന്റെ കൃതഘ്നതയെ നിത്യസ്മാരകമാക്കാനാണോ?

എങ്കിലും യേശുവിന് അങ്ങനെയൊക്കെയാവാൻ പറ്റില്ല എന്നവർ ഉള്ളിൽ പറഞ്ഞു. മൂന്നുപ്രാവശ്യം തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ മാറോട് ചേർത്ത് ആശ്ലേഷിച്ച യേശുവിന്റെ കൈകളിലെ ആണിപ്പഴുതുകൾക്ക് പറയാനുള്ളത് മറ്റെന്തോ ആണ് എന്നവർ തിരിച്ചറിയുന്നു. കാരണം, ശത്രുവിനെപ്പോലും സ്നേഹിക്കണമെന്ന് തങ്ങളെ ആവർത്തിച്ച് പഠിപ്പിച്ചവന് ശത്രുക്കൾ ഏൽപ്പിച്ച മുറിവുകൾ വേദനയുടെ തിരുശേഷിപ്പുകൾ ആവില്ലല്ലോ. വേദനയുടെയും സഹനത്തിന്റെയും മുറിപ്പാടുകളെപ്പോലും തന്റെ ഉയിർപ്പിലൂടെ യേശു വിമലീകരിച്ചു, മഹത്വപ്പെടുത്തി എന്നവർ തിരിച്ചറിഞ്ഞു. മുറിപ്പാടു

www.malankaralibrary.com

കൾ മഹത്വത്തിന് ആഴത്തിൽ വേരോടുവാനുള്ള ഇടം സൃഷ്ടിക്കലാണെന്ന് യേശു അവർക്ക് കാണിച്ചുകൊടുത്തു. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അതിന് ഫലം പുറപ്പെടുവിക്കാൻ കഴിയില്ല." യേശുവിന്റെ വാക്കുകൾ ഗലീലാക്കടലിലെ അവസാനിക്കാത്ത ഓളങ്ങൾപോലെ അവരുടെ ഹൃദയങ്ങളിൽ വേലിയേറ്റം സൃഷ്ടിച്ചു. "നിങ്ങൾ വെട്ടിയൊരുക്കപ്പെടുന്നത് നിങ്ങൾ കൂടുതൽ ഫലം പുറപ്പെടുവിക്കേണ്ടതിനാണ്." യേശുവിന്റെ പ്രബോധനങ്ങൾ ഇപ്പോൾ കൂടുതൽ മിഴിവോടെ അവരുടെ ഹൃദയങ്ങളിലേക്ക് വീണ്ടും ഉയിർത്തെഴുന്നേറ്റു. അഴുകി ഇല്ലാതാവലും, വെട്ടിയൊരുക്കപ്പെടലും വേദനയുടെ അനുഭവങ്ങളാണ്. എങ്കിലും അവിടെയാണല്ലോ ജീവന്റെ മുളകൾ പൊട്ടുന്നത്. സഹനങ്ങൾക്ക്, വേദനകൾക്ക്, മുറിപ്പാടുകൾക്ക് മാത്രമേ നിലനിൽക്കുന്ന നന്മകൾ സൃഷ്ടിക്കാനാവൂ. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിലെ മുറിവുകൾ ശിഷ്യസമൂഹത്തിന്റെ മനസുകളിൽ ആദ്യം സൃഷ്ടിച്ച കുറ്റബോധത്തിന്റെയും വേദനയുടെയും കാളിമ മാറിത്തുടങ്ങി.

ഇപ്പോൾ യേശു അവരോട് സംസാരിക്കുന്നില്ല. പകരം സംസാരിക്കുന്നത് യേശുവിന്റെ മുറിപ്പാടുകൾ ആണ്. യേശുവിന്റെ അരുളപ്പാടുകൾ അവന്റെ മുറിപ്പാടുകളിൽനിന്നും ഇപ്പോൾ പ്രവഹിക്കുകയാണ്. അവ വന്നുവീഴുന്നത് അവരുടെ ചെവികളിലല്ല, ഹൃദയങ്ങളിലാണ്. നല്ല നിലത്തുവീണ വിത്തുകൾപോലെ അവ ഫലം പുറപ്പെടുവിക്കും. ആ വിത്തുകൾ യേശു അയച്ചുകൊടുക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളായ നനവിനെ സ്വീകരിച്ച് മുളയെടുക്കുന്നത് അവർ തിരിച്ചറിയുന്നു. ഇനിയും ഈ വിശേഷം, സു-വിശേഷം, ഭൂമിയുടെ അതിർത്തികളോളം എത്തിക്കണം. വേദനയുടെ, പീഡാനുഭവത്തിന്റെ, രക്തസാക്ഷിത്വത്തിന്റെ, സഹനത്തിന്റെ അനുഭവങ്ങൾ കാത്തിരിക്കുന്നു. അവരെ ശക്തിപ്പെടുത്തിക്കൊണ്ട് യേശുവിന്റെ മുറിവുകൾ സംസാരിക്കുന്നു.

മുറിവുകളുടെ സുവിശേഷം.....

www.malankaralibrary.com



24

# “ഇതെന്റെ ശരീരം... ഇതെന്റെ രക്തം”

**ഓ**ശാന ഞായറാഴ്ച വൈകുന്നേരം മുതൽ ദുഃഖശനിയാഴ്ച വൈകുന്നേരം വരെയുള്ള പീഡാനുഭവവാരം. ഓശാന ഞായറാഴ്ചയുടെയും ഈസ്റ്ററിന്റെയും ആഹ്ലാദങ്ങൾക്ക് നടുവിൽ ശോകച്ഛവി പുരണ്ട പീഡാനുഭവ വാരം. ദുഃഖത്തിന്റെ നിറവും മണവും ചൂഴ്ന്നു നില്ക്കുന്ന ഒരാഴ്ച. ചെറുപ്പത്തിലെ ഓർമ്മകളിൽ ദുഃഖവെള്ളിയാഴ്ചകളെക്കാൾ പെസഹാ സന്ധ്യങ്ങൾക്ക് ഗൃഹാതുരത്വം കൂടുതലാണ്. ചെറുപ്പത്തിൽ അമ്മ ഉണ്ടാക്കി വക്കുന്ന പെസഹാ അപ്പം കൗതുകത്തോടെ നോക്കി നില്ക്കും. ഊണുമേശയിൽ അപ്പത്തോടൊപ്പം കൊണ്ടുവച്ചിരിക്കുന്ന കത്തിയെടുത്ത് അപ്പൻ സൂക്ഷ്മതയോടെ അപ്പത്തിന്റെ മുകളിൽ കുരുത്തോലകൊണ്ട് ഉണ്ടാക്കി വച്ചിരിക്കുന്ന

www.malankaralibrary.com

കുരിശ് എടുത്തുമാറ്റും. പിന്നീട് സാവധാനം കത്തി അപ്പത്തിന്റെ നെഞ്ചിനുള്ളി ലേക്ക്... എവിടെയോ, എന്തൊക്കെയോ പിടയുന്നതുപോലെ... ചെറുതായി മുറിച്ച അപ്പക്കഷണങ്ങൾ ഓരോന്നും അപ്പൻ എടുത്ത് മധുരമുള്ള ചേരുവ കൾ ചേർന്ന പാലിൽ മുക്കി ആദ്യം അമ്മക്ക്, പിന്നീട് മൂപ്പുമുറയനുസരിച്ച് മക്കൾക്കോരോരുത്തർക്കും നല്കും... ഞാൻ ഏറ്റം ഇളയതാണ്... എങ്കിലും അധികം കാത്തിരിക്കേണ്ട - അപ്പത്തിനോടൊപ്പം ഊറിവരുന്ന മധുരമുള്ള പാല് എനിക്കിഷ്ടമാണ്. അതു കഴിക്കുമ്പോൾ വെറുതെ അപ്പം കഴിക്കുന്നു എന്ന തോന്നലല്ല. വി. കുർബ്ബാനയുടെ ഒരു ചെറുപതിപ്പ് കണക്കെ ഊണുമേശ അൾത്താരയുടെ മറുരൂപം ആകുന്ന പോലെ... ആരോ ഉള്ളിൽ വി.കുർബ്ബാന യുടെ സ്ഥാപനവചനങ്ങൾ പറയുന്നു, "ഇതെന്റെ ശരീരം... ഇതെന്റെ രക്തം..."

സെഹിയോൻ മാളികയിലെ ഊട്ടുപുരയിൽ അന്നവൻ ചൊല്ലിയ വചനം... എന്തൊരു മൂർച്ചയാണാ വചനങ്ങൾക്ക്. എങ്കിലും അത് വേദനിപ്പി ക്കുന്നില്ല. ആത്മാവിന്റെ ആഴങ്ങൾ വരെ ചെല്ലുന്ന സുഖമുള്ള ഒരു നോവാ ണത്. "ഇതെന്റെ ശരീരം... ഇതെന്റെ രക്തം."

അപ്പവും വീഞ്ഞും സ്വീകരിച്ച ശിഷ്യന്മാരുടെ കണ്ണുകളിൽ നോക്കിയ പ്പോൾ, അവരുടെ കരങ്ങളിൽ പിടിച്ചപ്പോൾ അവന്റെ ഹൃദയം വീണ്ടും മന്ത്രിച്ചു: "നീയെന്റെ ശരീരം, നീയെന്റെ രക്തം."

സ്നേഹത്തിന്റെ എല്ലാ തീവ്രഭാവങ്ങളും സമ്മേളിക്കുന്ന ഈ വചന ങ്ങൾ ആരാണാദ്യം പറഞ്ഞത്?... യേശുവാണോ? അല്ല, അതിന് മുമ്പും, പണ്ടെങ്ങോ, ആരോ പറഞ്ഞിട്ടുണ്ട്.

അതെ... ഏദൻ തോട്ടത്തിന്റെ പരിശുദ്ധിയെ സാക്ഷിനിർത്തി, ആദ്യത്തെ പുരുഷനായ ആദം അവനുവേണ്ടി ദൈവം സൃഷ്ടിച്ച സ്ത്രീയെ ആദ്യമായി കണ്ടപ്പോൾ പറഞ്ഞ വചനമാണിത്. "നീയെന്റെ ശരീരം, നീയെന്റെ രക്തം." ആദ്യത്തെ കുടുംബത്തിന്റെ സ്ഥാപനവചനമാണിത്. പിന്നീടെപ്പോഴോ, അവ രുടെ ഹൃദയങ്ങളെ കുളിരണിയിച്ചിരുന്ന സ്നേഹതീർത്ഥത്തിന്റെ കുടമുടഞ്ഞു. ഏദൻതോട്ടത്തെ ഉലച്ചുകളഞ്ഞ നഷ്ടസ്നേഹം... പറുദീസാ നഷ്ടം... എങ്കിലും അന്ന് സ്രഷ്ടാവ് പറഞ്ഞു, "ഒരു രക്ഷകനെ അയക്കാം...." പിന്നീട്, കാല ത്തിന്റെ പൂർണ്ണതയിൽ രക്ഷകൻ എത്തി....

രക്ഷകൻ.... രണ്ടാമത്തെ ആദം, തനിക്ക് വധുവായി പിതാവ് നല്കിയ സഭയെ വേളികഴിച്ചു. അവളുടെ ഹൃദയത്തിൽ സ്ഥിരം പാർക്കാൻ വി. കുർബ്ബാന സ്ഥാപിച്ചു. ആ കുർബ്ബാനയുടെ സ്ഥാപനവചനമായി, രണ്ടാമത്തെ ആദം, തന്റെ കുടുംബം സ്ഥാപിച്ചുകൊണ്ട് ആദ്യത്തെ ആദം പറഞ്ഞ വാക്കുകൾ കട മെടുത്തത് യാദൃശ്ചികമോ...?

www.malankaralibrary.com

"ഇതെന്റെ ശരീരം... ഇതെന്റെ രക്തം..." സെഹിയോൻ മാളികയിലെ ഊട്ടുമേശയെ ആർദ്രമാക്കിയ വചനങ്ങൾ. വി.കുർബ്ബാന സ്വീകരിച്ച് ഭവനങ്ങളിലേക്ക് മടങ്ങുമ്പോൾ കുടുംബവും തൊഴിൽ വേദികളും സൗഹൃദങ്ങളും എല്ലാം മറ്റൊരൾത്താരയായി പരിണമിക്കുമ്പോൾ, ജീവിതംകൊണ്ട് ഒരു കുർബ്ബാന ചൊല്ലുമ്പോൾ സ്ഥാപനവചനങ്ങൾക്ക് മാറ്റമുണ്ടാകാൻ പാടില്ലല്ലോ.

ഭർത്താവ് ഭാര്യയുടെ കരം ഗ്രഹിക്കുമ്പോൾ, ഭാര്യ ഭർത്താവിന്റെ കരം ഗ്രഹിക്കുമ്പോൾ, ആയിരം വട്ടം ഉള്ളിൽ ഈ സ്നേഹമന്ത്രം ഉരുക്കഴിക്കണം. "നീയെന്റെ ശരീരം, നീയെന്റെ രക്തം..."

ദൈവം അവർക്ക് നല്കുന്ന മക്കളെ അവർ കരങ്ങളിലേറ്റി ലാളിക്കുമ്പോൾ, പിന്നീട് മക്കൾ പ്രായമാകുന്ന മാതാപിതാക്കളെ ശുശ്രൂഷിക്കുമ്പോൾ ആയിരം വട്ടം ഉള്ളിൽ മന്ത്രിക്കേണ്ട പ്രാർത്ഥനാമന്ത്രം: "നീയെന്റെ ശരീരം, നീയെന്റെ രക്തം..."

സഹോദരങ്ങളുടെ കരം ഗ്രഹിക്കുമ്പോൾ, സുഹൃത്തുക്കളുടെ കരം ഗ്രഹിക്കുമ്പോൾ, ഒടുവിൽ ക്രിസ്തീയ സ്നേഹത്തിന്റെ പാകത വരുമ്പോൾ, ശത്രുവിന്റെ കരം ഗ്രഹിക്കുമ്പോൾപോലും പറയാൻ സാധിക്കണം, "നീയെന്റെ ശരീരം, നീയെന്റെ രക്തം..."

അതേ, വി.കുർബാനയുടെ മാത്രമല്ല, കുടുംബത്തിന്റെ, മനുഷ്യബന്ധങ്ങളുടെ, സൗഹൃദങ്ങളുടെ, അനുരഞ്ജനവേദികളുടെ ഒക്കെ സ്ഥാപനവചനങ്ങൾ ഒന്നു തന്നെ," നീയെന്റെ ശരീരം... നീയെന്റെ രക്തം..."

രക്തം രക്തത്തെ തിരിച്ചറിയുന്ന നിമിഷങ്ങളിലെല്ലാം, അവന്റെ സാന്നിദ്ധ്യം നാം അറിയുന്നു. രക്തം, രക്തത്തെ നിഷേധിക്കുമ്പോൾ, സഹോദരന്റെ രക്തം വീണ് മണ്ണിന്റെ പരിശുദ്ധി നഷ്ടപ്പെടുമ്പോൾ കുരിശിലെ വേദനയുടെ പിടച്ചിൽ നാം അറിയുന്നു.

അനേകം ഊട്ടുശാലകളെ വീണ്ടും ആർദ്രമാക്കിക്കൊണ്ട്, അനേകം പറുദീസകൾക്ക് നഷ്ടവസന്തം തിരികെ നല്കിക്കൊണ്ട്, സ്നേഹത്തിന്റെ ചില്ലകൾക്ക് പൂക്കാലം തിരികെ നല്കിക്കൊണ്ട് അവന്റെ ഓർമ്മകളനുഷ്ഠിക്കപ്പെടുന്ന ബലിപീഠങ്ങൾ ധ്യാനപൂർവ്വം ഏറ്റുചൊല്ലുന്നു...

"ഇതെന്റെ ശരീരം... ഇതെന്റെ രക്തം..."

www.malankaralibrary.com



# 25

# ഒരു ജപമാലപ്രാർത്ഥനയുടെ ഓർമ്മയ്ക്ക്

**ചെ**റുപ്പത്തിൽ, ഒരു സന്ധ്യാവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ, അമ്മയോടൊപ്പം ചൊല്ലിയ ജപമാല പ്രാർത്ഥനയുടെ ഓർമ്മകൾക്കുപോലും ഇന്നും മനസ്സിനെ ദീപ്തമാക്കാൻ കഴിയുന്നു. ആ ജപമാല പ്രാർത്ഥനയുടെ അന്ത്യത്തിൽ അമ്മ ഒരു താളമൊപ്പിച്ച് ചൊല്ലിയിരുന്ന ലുത്തിനിയ പ്രാർത്ഥനയുടെ വിശുദ്ധി നിറഞ്ഞ ലയവും താളവും ഇന്നും മനസ്സിലുണ്ട്. "ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ഈശോ തമ്പുരാനെ...." എന്നുള്ള വിളിയിൽ, അമ്മയുടെ നെഞ്ചിടിപ്പിന്റെ താളം കൂടുന്നത്, അമ്മ

www.malankaralibrary.com

യുടെ മടിയിൽ, നെഞ്ചോട് ചേർന്നിരുന്ന് ഞാനറിഞ്ഞു. ആ സന്ധ്യകളിൽ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയത് എന്തുകൊണ്ടാണ്?

അന്നുമുതൽ മനസ്സിൽ കയറിക്കൂടിയ ഒരു പ്രശ്നമാണത്. എന്താണ്, “ഈ ഭൂലോകപാപം....” എന്തിനാണമ്മ അന്ന് കരഞ്ഞത്?

ഒന്നുകിൽ ഞാൻ പാപം ചെയ്യുന്നു. അല്ലെങ്കിൽ മറ്റൊരാൾ. പക്ഷേ, ലോകം എങ്ങനെയാണ് പാപം ചെയ്യുന്നത് എന്ന് ചിന്തിച്ചുപോയ നാളുകൾ...

കാലമേറെക്കഴിഞ്ഞപ്പോൾ, ലോകമേറെ കണ്ടുകഴിഞ്ഞപ്പോൾ ചെറുപ്പത്തിൽ മനസ്സിനെ കുഴക്കിയ ചോദ്യത്തിന് ഉത്തരമാവുന്നു. “എന്താണ് ഈ ഭൂലോകപാപം?” ഒരമ്മയുടെ കണ്ണുകളെ ആർദ്രമാക്കിയത്, നെഞ്ചിടിപ്പിന് വേഗം കൂട്ടിയത് എന്താണെന്ന് ഇന്നു ഞാനറിയുന്നു.

പാപസാഹചര്യം നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. പാപം നിഴൽപോലെ പിന്തുടരുന്ന ലോകം. ആ നിഴലുകൾക്ക് പല്ലും നഖവും, ഒരു വേട്ടപ്പട്ടിയുടേതുപോലെ നീണ്ട നുരയൊഴുകുന്ന നാവും ഉണ്ട്. നാം അതിന്റെ ഇരകളാവുന്നു. അറിഞ്ഞും അറിയാതെയും. “ഞാൻ അവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. ലോകത്തിനു വേണ്ടിയല്ല... ഇനിമേൽ ഞാൻ ലോകത്തിലല്ല.... എന്നാൽ അവർ ലോകത്തിലാണ്” (യോഹ 17:9-11). പണ്ട് യേശുനാഥൻ പോലും ശിഷ്യർക്കുവേണ്ടി നെഞ്ചുരുകി പ്രാർത്ഥിച്ചത് അതു മാത്രം. ലോകത്തിലായിരിക്കുന്നത്, പാപസാഹചര്യത്തിലായിരിക്കുന്നത്, വേട്ടയാടപ്പെടുന്നവന്റെ വിഹ്വലമായ സാഹചര്യം ആണ്.

ഇന്ന് ഒരു കൊച്ചുകുഞ്ഞ് വീട്ടിൽനിന്ന് സ്കൂളിലേക്കു പോകുമ്പോൾ, റോഡരുകിലെ ഭിത്തിയിൽ ഒട്ടിച്ചുവച്ചിരിക്കുന്ന പോസ്റ്റർ മുതൽ, കേൾക്കുന്ന സംഗീതം, കാണുന്ന സിനിമ, വായിക്കുന്ന പുസ്തകം, നേടുന്ന സൗഹൃദം, ആടുന്ന നൃത്തം തുടങ്ങി അവൻ എത്തിച്ചേരുന്ന വെബ്സൈറ്റുവരെ ചതിക്കുഴികൾ നിറഞ്ഞതാണ്. വീട്ടിലിരിക്കുന്ന മാതാപിതാക്കൾ നിസ്സഹായരായി മാറുന്നു. മുട്ടിൻമേൽ നിന്ന് “ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ...” എന്ന് ജപമാലയുടെ മണികളിൽ തെരുപ്പിടിച്ച് ഉരുക്കഴിക്കുന്ന ഒരമ്മയുടെ കണ്ണുകൾ ഇന്നും ഈറനാകുന്നതിന്റെ കാരണം ഞാനറിയുന്നു.

എല്ലാവരും ഇന്ന് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഇരകളാകുന്നു. വെറുതെ ടി.വി. കണ്ടിരിക്കുമ്പോൾ കാണുന്ന പരസ്യവാചകംപോലും അറിയാതെ നമ്മെ വേട്ടയാടുന്നു. ഉപഭോഗസംസ്കാരത്തിന്റെ വേട്ടമൃഗങ്ങളുടെ ദ്രംഷ്ടങ്ങളിൽ കൊരുക്കപ്പെട്ടാലും ആരും അതറിയുന്നില്ല. നാടുഭരിച്ചു മുടിക്കുന്ന രാഷ്ട്രീയക്കാരന്റെ ഇരകളും, ഒരു ട്രെയിനിൽ നിസ്സഹായരായ യാത്രക്കാരുടെ മദ്ധ്യേ ബോംബ് സ്ഥാപിച്ച് നിർവ്വികാരമായി നടന്നു നീങ്ങുന്ന തീവ്രവാദിയുടെ ഇരകളും, സകല ധാർമ്മികതയും മാറ്റിവച്ച് കാശുമാത്രം ലക്ഷ്യമാക്കി


www.malankaralibrary.com

അച്ചുനിരത്തുന്ന പത്രക്കാരും, വാർത്തകൾ വളച്ചൊടിച്ച് സമൂഹം വിഷലിപ്തമാക്കുന്ന വാർത്താമാധ്യമങ്ങളും ഉന്നം വയ്ക്കുന്ന ഇരകളും സമൂഹത്തിലെ ശരാശരിക്കാർ... ജീവിതമൊടുങ്ങുവോളം വേട്ടമൃഗത്തിൽനിന്നും വേട്ടമൃഗത്തിലേക്ക് ഓടിത്തളരുന്ന ജനം.... ആർത്തിമൂത്ത് ജനം ഭക്ഷിക്കുന്ന പച്ചക്കറി മുതൽ നേന്ത്രക്കായ തുടങ്ങി പാൽ മുതൽ എണ്ണവരെ കൊടിയ വിഷം ചാലിച്ചു ചേർക്കുന്ന കൃഷിക്കാരും കച്ചവടക്കാരും വേട്ടമൃഗങ്ങളെപ്പോലെ ലക്ഷ്യം വയ്ക്കുന്ന ഇരകളാകുന്നു നാം.

മഞ്ഞനിറമുള്ള ഒരു ലോഹത്തിന്റെ വർണ്ണശബളമായ പരസ്യം തുടങ്ങി ജീവനാവശ്യമായ മരുന്നുകൾ വരെ എത്തി നില്ക്കുന്ന കച്ചവടശൃംഖലയിൽ കൊരുത്ത് കിടന്നു ജീവരക്തം വാർന്നൊലിക്കുന്ന ഇരകളാണ് നാം. എന്നും ഇരകളാകാൻ വിധിക്കപ്പെട്ട നാം സ്വന്തം തട്ടകങ്ങളിൽ വേട്ടമൃഗത്തിന്റെ വേഷം അണിയാറുമുണ്ട്.

ഒരു സെയിൽസ്മാന്റെ നയചാതുര്യം നിറഞ്ഞ ചിരിയുടെയും, ഒരു നിസ്സഹായന്റെ ജീവൻ കവരുന്ന വാടകക്കൊലയാളിയുടെ കൊലച്ചിരിയുടെയും, അബലയായ ഒരു പെണ്ണിന്റെ മാനം കവർന്നവന്റെ മൃഗീയമായ അട്ടഹാസത്തിന്റെയും പിന്നിൽ ഒരേ മുഖം വേട്ടമൃഗത്തിന്റെ മുഖം. സമൂഹം മുഴുവൻ ഇങ്ങനെ വേട്ടമൃഗങ്ങളുടെ ആവാസവ്യവസ്ഥിതിയായും ഇരകളുടെ കണ്ണീർത്താഴ്‌വരയായും പരിണമിക്കുമ്പോൾ, പാവം അമ്മമാരുടെ വിറയാർന്ന സ്വരത്തിലുള്ള നേരിയ പ്രാർത്ഥനാമന്ത്രങ്ങൾ, "ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ഈശോ തമ്പുരാനേ..." എന്നുള്ള വിളികൾ, ഒടുവിലത്തെ ആശ്രയമാകുന്നു.

www.malankaralibrary.com



26

# യാത്ര

**ജീ**വിതം ഒരു യാത്രയാണ്. തുടങ്ങി വയ്ക്കുന്നയാൾ അതറിയുന്നില്ല എന്ന് മാത്രം. അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് ആരംഭിച്ച്, ഭൂമിയുടെ ഗർഭപാത്രം വരെ എന്ന് നിനച്ചിരുന്ന ഒരു യാത്ര... പിന്നെ, ഒരിക്കൽ ഒരുവൻ ഉയിർത്തെഴുന്നേറ്റപ്പോൾ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ അവനായി മലർക്കെ തുറക്കപ്പെട്ടപ്പോൾ, സൃഷ്ടിച്ചവന്റെ സന്നിധാനം വരെയാണ് യാത്ര എന്നുള്ള പാഠഭേദവും സൃഷ്ടിക്കപ്പെട്ടു. അവന്റെ ജീവിതവും ഒരു യാത്രയായിരുന്നല്ലോ... നസ്രത്തിൽനിന്ന് ആരംഭിച്ച് ഗോഗുൽത്തായുടെ മുകളിൽ ദിഗന്തങ്ങളെ നടുക്കിയ ഒരു പിടച്ചിലും ഒരു നിലവിളിയും അതിന് വിരാമം കുറിക്കുന്നിടംവരെ...

www.malankaralibrary.com

കടന്നുപോന്ന വഴികളിലൊക്കെ നന്മകൾ വിതറി, സൗഖ്യമേകി, സ്നേഹത്തിന്റെ സുവിശേഷഗാഥ പാടിയായിരുന്നു അവന്റെ യാത്ര... അവന്റെ സ്നേഹവചസ്സുകൾക്കായി കാത്തിരുന്നവർ എത്ര... അവന്റെ സ്പർശനത്താൽ സൗഖ്യം നേടിയവരെത്ര... ഇരുകരകളെയും നനച്ച്, ഫലസമൃദ്ധമാക്കിയൊഴുകുന്ന നദിയുടെ ഒഴുക്കുപോലെയായിരുന്നു അവന്റെ യാത്ര. ജീവിതം എങ്ങനെയാണ് ഒഴുകിത്തീർക്കേണ്ടത് എന്ന് അവൻ അങ്ങനെ പഠിപ്പിച്ചു.. നന്മകൾ മാത്രം നല്കി അവൻ കടന്നുപോയി. എങ്കിലും, പാതയോരങ്ങളിൽ കാത്തുനിന്ന് കല്ലെറിഞ്ഞവരും, ആരോപണങ്ങളുടെ ഒളിയമ്പ് എയ്തവരും എത്ര... സഹനങ്ങളും ഈ യാത്രയുടെ ഭാഗമാണെന്നും, തെറ്റ് ചെയ്യുന്നവരോട് ക്ഷമിച്ചുകൊണ്ടും അവർക്കു നന്മകൾ ചെയ്തുകൊണ്ടും വേണം ഒഴുകുവാനെന്ന് അവൻ പഠിപ്പിച്ചു... പുഴയൊഴുകുമ്പോൾ മുഖംനോട്ടമില്ലാതെ എല്ലാവർക്കും ദാഹജലമേകുന്നതുപോലെ, ജീവിതയാത്രയിൽ ശത്രുക്കൾക്കുപോലും നന്മയും സ്നേഹവും നല്കി കടന്നുപോകണം എന്നവൻ പഠിപ്പിച്ചു. കൂടെ യാത്ര ചെയ്തവരെ ശിഷ്യന്മാർ എന്നല്ല, സ്നേഹിതന്മാർ എന്നാണവൻ വിളിച്ചത്. സമൂഹത്തിൽ യാതൊരു സ്ഥാനവും ഇല്ലാത്തവരെ അവൻ കൂടെക്കൂട്ടി സഹോദരസ്ഥാനം നല്കി... എന്നിട്ടും, ചിലരൊക്കെ ആ യാത്രയിൽ അവന് ചതിക്കുഴികൾ തീർത്തു... ഒറ്റു കൊടുത്തു... യാത്രയുടെ പ്രതിസന്ധിഘട്ടങ്ങളിൽ അവനെ ഒറ്റയ്ക്ക് വിട്ട് പിൻവാങ്ങിയവരാണ് ഭൂരിപക്ഷവും. ഒറ്റപ്പെടലിന്റെ വേദനയും ഒറ്റുകൊടുക്കപ്പെട്ടവന്റെ നൊമ്പരങ്ങളും ഏകാന്തതയുടെ ദുഃഖവും ഉപേക്ഷിക്കപ്പെട്ടതിന്റ ഭാരവും അവൻ തോളിലേറ്റി യാത്ര തുടർന്നു... എന്തിന്? ഒരിക്കൽ അടഞ്ഞുപോയ പറുദീസായുടെ വാതിൽ എനിക്കായി മലർക്കെ തുറക്കാനായിരുന്നു ആ യാത്ര... എന്റെ ജീവിതയാത്ര നന്നായി ചെയ്ത് അവന്റെയൊപ്പം എത്തുവാൻ സ്നേഹപൂർവ്വമായ ഒരു ക്ഷണം അവൻ നല്കി. എനിക്ക് വാസസ്ഥാനം ഒരുക്കാനാണ് എനിക്കുമുമ്പേ പോകുന്നതെന്ന് അവൻ പറഞ്ഞു. ഇടയ്ക്ക് എനിക്ക് വഴിതെറ്റിപ്പോയാലും, ഭയപ്പെടേണ്ടാ, കാണാതായ ആടിനെയെന്നവണ്ണം എന്നെ അന്വേഷിച്ച് കണ്ടെത്തിക്കൊള്ളാം എന്നവൻ എനിക്കുറപ്പുതന്നു. വഴിമാറി ഞാൻ യാത്ര ചെയ്താലും അവന്റെ വാതിലുകൾ എനിക്ക് എതിരായി അടയുകയില്ല എന്നവൻ പറഞ്ഞു. ഞാൻ മടങ്ങിവരും വരെ ആ വാതിൽ തുറന്നിട്ട്, സ്നേഹത്തിന്റെ ചിരാതും തെളിച്ച് കാത്തിരിക്കും എന്നവൻ ഉറപ്പു നൽകി. ധൂർത്തപുത്രനെ കാത്തിരുന്ന സ്നേഹമുള്ള ഒരപ്പന്റെ വീടാണ് സ്വർഗ്ഗമെന്നവൻ പറഞ്ഞുതന്നു.

പിന്നീട് യാത്രക്കിടയിലെ ഒരു സന്ധ്യയിൽ, ഒരത്താഴമേശയ്ക്കു ചുറ്റും, ഒരു മേശവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അപ്പം പകുത്തുനല്കി അവൻ പറഞ്ഞു. "ഇതെന്റെ ശരീരം." വീഞ്ഞുപകർന്നു നല്കി അവൻ പറഞ്ഞു, "ഇതെന്റെ രക്തം." പിറ്റേന്ന് ഒരു മലമുകളിൽ സ്വന്തം ശരീരവും രക്തവും എനിക്കുവേണ്ടി പകുത്തുതന്ന്, അത്താഴവേളയിലെ പങ്കുവയ്പ് പൂർത്തിയാക്കിക്കൊണ്ട് അവൻ പറഞ്ഞു, "ഇപ്പോൾ എല്ലാം പൂർത്തിയായി." അങ്ങനെ

www.malankaralibrary.com

ഉയിരും കരളും സഹയാത്രികർക്ക് യാത്രാഭക്ഷണമായി പകുത്തു നല്കുന്നവനാണ് നല്ല സഹയാത്രികൻ എന്നവൻ പഠിപ്പിച്ചു. എല്ലാം കഴിഞ്ഞു എന്ന് കരുതിയപ്പോൾ എന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ചിറക് മുളപ്പിച്ചുകൊണ്ടവൻ കല്ലറയുടെ ഇരുളിനെയും വാതിലിനെയും ഭേദിച്ചുകൊണ്ടുയിർത്തു. പിതാവിന്റെ സന്നിധിയിലേക്കവൻ യാത്ര തുടർന്ന് പൂർത്തിയാക്കി. അങ്ങനെ മരണം ജീവിതയാത്രയുടെ അന്ത്യമല്ല എന്നും നിത്യജീവിതത്തിലേക്കുള്ള കവാടം മാത്രമാണെന്നും പഠിപ്പിച്ചു.

എങ്കിലും, അവൻ കാട്ടിയ നേർവഴികളിൽ പിടിച്ചു നില്ക്കാനാവുന്നില്ലല്ലോ, ദൈവമേ... വഴിയോരക്കാഴ്ചകളിൽ മനമുടക്കി, മായാക്കാഴ്ചകളിൽ കരളുടക്കി, വഴിയമ്പലങ്ങളിൽ ഭാണ്ഡമിറക്കിവച്ച്... നൈമിഷിക സുഖങ്ങളുടെ ചടുലതാളമൊപ്പിച്ചാടിത്തിമിർക്കുന്ന ഞാൻ എന്റെ യാത്ര മറക്കുന്നു... എനിക്കായി കാത്തിരിക്കുന്നവന്റെ സ്നേഹത്തിന്റെ മൺചിരാതും, എനിക്കായി മേശയൊരുക്കി കാത്തിരിക്കുന്നവന്റെ അപ്പവും വീഞ്ഞും, അവന്റെ കരളിന്റെ ആർദ്രതയും ഞാനെന്തേ മറന്നു പോവുന്നു... അവനെയും അവന്റെ വഴികളെയും എനിക്കറിയില്ല എന്ന് മൂന്നല്ല, മുന്നൂറല്ല, എത്ര തവണ ജീവിതം കൊണ്ട് ഞാൻ തള്ളിപ്പറഞ്ഞു.

എങ്കിലും അവനെന്നെ തള്ളിപ്പറയുവാനാകില്ല എന്നും, അവൻ കൊളുത്തിയ മൺചിരാതിലെ തിരിനാളം അവൻ തല്ലിക്കെടുത്തില്ല എന്നും എനിക്കറിയാം. കാരണം അവന് സ്നേഹിക്കാൻ മത്രമല്ലേ അറിയൂ, വെറുക്കാൻ അവന് അറിയില്ലല്ലോ....

"സ്നേഹം" എന്നവന് ഒരു വിളിപ്പേര് നല്കിയതാരാണ്? അവൻ ഏറ്റം സ്നേഹിച്ച ശിഷ്യൻ തന്നെയല്ലേ... അവന്റെ വഴികളെ "സ്നേഹമാർഗ്ഗം" എന്നു വിളിച്ച ഒരു പിതാവിന്റെ ഓർമ്മപെരുന്നാളാണല്ലോ ഈ മാസം. ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്. ആ പിതാവിന്റെ കബറിങ്കലേക്ക് പദയാത്രക്കാർ നടന്നുനീങ്ങവെ, ആ വഴികളിൽ നസ്രായന്റെ യാത്രകൾ പുനർജനിക്കുന്നു; ആ വഴികളിൽ അവന്റെ സ്നേഹഗാഥകൾ ആരോ പാടുന്നു; ആ വഴികളിൽ ആർക്കൊക്കെയോ അവന്റെ സ്നേഹസ്പർശനം സൗഖ്യമേകുന്നു. ഒടുവിൽ ഒരു ഉയിർപ്പുദിനം കാത്തിരിക്കുന്ന ഒരു കബറിന് മുകളിലെ അത്താഴമേശയിൽ ഒരുക്കിവച്ചിരിക്കുന്ന അപ്പത്തിനും വീഞ്ഞിനും ചുറ്റും പദയാത്രികർ സമ്മേളിച്ച് അവന്റെ ഓർമ്മ പുതുക്കുന്നു... അപ്പവും വീഞ്ഞും സ്നേഹത്തിന്റെ പൊതിച്ചോറായി സ്വീകരിച്ചവർ വീണ്ടും യാത്ര തുടരുന്നു... അവൻ കാത്തിരിക്കുന്നു. സ്നേഹത്തിന്റെ അണയാത്ത, തെളിഞ്ഞുകത്തുന്ന ചിരാതുമായി.... ശുഭയാത്ര...

www.malankaralibrary.com




# 27

# ഒറ്റത്താളുള്ള കലണ്ടർ

**പു**തുവർഷത്തിൽ, ഈ ജനുവരി മാസത്തിൽ പിന്മൊഴിയുടെ താളിൽ എന്തു കുറിക്കണം എന്നാലോചിച്ചിരുന്നപ്പോഴാണ് ഭിത്തിയിൽ ആണിയിൽ തൂങ്ങിക്കിടന്ന് ആടുന്ന കഴിഞ്ഞ വർഷത്തെ കലണ്ടർ ശ്രദ്ധിച്ചത്. പുതിയ കലണ്ടർ വാങ്ങിയത് അവിടെ തൂക്കണം. പഴയത് ചവറ്റുകുട്ടയിലെറിയണം. ഈ പഴയ കലണ്ടറിൽ, ചുവപ്പും കറുപ്പും നിറങ്ങളിൽ പല കളങ്ങളിലായി ജീവിതം വിഭജിച്ചു കിടക്കുന്നത് ഞാൻ കാണുന്നു. രാവും പകലും ചേർന്ന ദിനങ്ങൾ പോലെ നന്മയും തിന്മയും ഇടകലർന്ന് ജീവിതത്തിന്റെ വൈവിധ്യങ്ങളെ മുഴുവൻ ശേഖരിച്ച് പല കള്ളികളിലായി പകുത്ത് നല്കിയ കലണ്ടർ. ഒരു

www.malankaralibrary.com

വർഷത്തെ എന്റെ ജീവിതം പല കള്ളികളിലായി വിഭജിച്ച് നിശ്ചലം കിടക്കുന്നു... എല്ലാം തിരിച്ചു വരാനാവാത്തവിധം... കഴിഞ്ഞു പോയി. പഴയ കലണ്ടറിന് മരണത്തിന്റെ മുഖവും മണവുമുണ്ട്.

പുതിയ കലണ്ടർ ചുരുട്ടി വച്ചിരിക്കുന്നു. അത് ചുരുൾ വിടർത്തണം. നാളെയുടെ ദിനങ്ങൾ ഭാവിജീവിതം ചുരുൾ വിടരുന്നതുപോലെ... പിന്നെ ആണിയിൽ തൂങ്ങികിടപ്പാണ്.... അടുത്ത ഡിസംബർ 31 വരെ... പിന്നെ... ഓരോ വർഷവും പഴയ കലണ്ടർ ചവറ്റുകുട്ടയിൽ എറിഞ്ഞു കളയുമ്പോൾ, സൂക്ഷിച്ചു വയ്ക്കാൻ നല്ലത് എന്തെങ്കിലും; ദൈവമേ... കലണ്ടറിന്റെ താളുപോലെ എനിക്ക് എന്റെ ജീവിതത്തെ എറിഞ്ഞു കളയാനാവുന്നില്ലല്ലോ...!

പഴയ കലണ്ടർ ഇപ്പോൾ എനിക്ക് ധ്യാനപീഠമാവുന്നു..... ചെയ്യാനാഗ്രഹിച്ച നന്മകൾ പലതും പാതി വഴിയിലായി നില്ക്കുന്നു. നിറവേറ്റേണ്ട കടമകൾ പലതും കലണ്ടറിന്റെ പഴയ താളുകൾ പോലെ വിസ്മൃതിയിലാണ്ടു കിടക്കുന്നു. ആരുടെയൊക്കെയോ സ്വപ്നങ്ങൾ കൊലചെയ്യപ്പെട്ട ചോര ഇറ്റിച്ച ചുവപ്പുകളങ്ങൾ, വിരസമായ തനിയാവർത്തനങ്ങൾ പോലെ കറുത്ത കളങ്ങൾ... സ്നേഹവും കരുതലും വിളമ്പിവച്ച് കാത്തിരുന്ന സുമനസ്സുകളെ കണ്ടുമുട്ടിയ ഓർമ്മകൾ ഈ കലണ്ടറിൽ മയങ്ങുന്നു. അർഹതയില്ലാഞ്ഞിട്ടും, നിർലോഭം ലഭിച്ച പ്രോത്സാഹനം വഴി, ആരുടെയൊക്കെയോ ചെറുതും വലുതുമായ സഹായങ്ങൾ വഴി നേടിയെടുത്ത വിജയങ്ങൾ ഈ കലണ്ടറിന്റെ പല കളങ്ങളിലും നിറക്കൂട്ട് ചാർത്തിയിരിക്കുന്നു. നന്ദികേടുകളും അഹങ്കാരവും മുൻകോപവും ക്ഷമയില്ലായ്മയും കരിപിടിപ്പിക്കുകയും കറ പിടിപ്പിക്കുകയും ചെയ്ത കളങ്ങളും ദൈവമേ... ധാരാളമുണ്ടല്ലോ... മുന്നൂറ്ററുപത്തഞ്ച് കളങ്ങളുടെ ഗണിതമാകുന്നു ജീവിതം.....

കാലം ഒരു കണക്കെഴുത്തുകാരനാകുന്നുവെന്ന് ഈ കലണ്ടർ എന്നെ പഠിപ്പിക്കുന്നു. കുറുകെയും നെടുകെയും ഉള്ള വരകൾ സൃഷ്ടിച്ച ഈ കളങ്ങളിൽ എന്റെ ജീവിതത്തിന്റെ ലാഭനഷ്ടങ്ങൾ പകുത്ത് ഇട്ടിരിക്കുന്നത് ഞാൻ കാണുന്നു....

പുണ്യപാപങ്ങളുടെ പട്ടിക മുന്നിൽ തൂങ്ങുന്നു....

എന്റെ ധ്യാനങ്ങളെ കൂടുതൽ സാന്ദ്രമാക്കേണ്ട ജീവിതത്തിന്റെ ഗുണനപ്പട്ടിക....

ഈ കളങ്ങളിൽ കാലമാകുന്ന കണക്കെഴുത്തുകാരൻ കൂട്ടിക്കിഴിക്കുന്നത് എന്റെ ജീവിതത്തിന്റെ പുണ്യമോ.... പാപമോ...?

കലണ്ടറിലെ ഈ കളങ്ങൾ ചിലപ്പോൾ ചതുരംഗക്കളിയിലെ കളങ്ങൾ പോലെ.... ജീവിതത്തിന്റെ മദമാത്സര്യങ്ങൾ കണക്ക് കൂട്ടിക്കളിച്ച കളങ്ങൾ. കയ്യിലുള്ള കരുക്കളെല്ലാം അണിനിരത്തി, ചതിക്കുഴികളൊരുക്കി, അങ്കം വെട്ടുന്ന

www.malankaralibrary.com

മനുഷ്യർ. ഒടുവിൽ യുദ്ധം അവസാനിക്കുന്നു... കരുക്കളെല്ലാം വെട്ടേറ്റ് കളത്തിനു പുറത്ത് വീണുകഴിയുമ്പോൾ കളിയവസാനിക്കും. അപ്പോൾ കളങ്ങൾ മാത്രം ബാക്കിയാവുന്നു. എല്ലാറ്റിനും സാക്ഷിയായ കാലം പോലെ... ഭിത്തിയിൽ തൂങ്ങിക്കിടന്ന്, കാറ്റിൽ മെല്ലെയാടുന്ന ഈ പഴയ കലണ്ടർ... എന്റെ ജീവിതത്തിന്റെ സാക്ഷ്യപത്രം...

നന്മക്കും തിന്മക്കുമായി ഞാൻ പകുത്തുനല്കിയ എന്റെ കഴിഞ്ഞ ജീവിതത്തിലെ ഓരോ ദിനങ്ങളും ഈ കലണ്ടറിന്റെ കോളങ്ങളിൽ മരിക്കാതെ കിടക്കുന്നു. എന്നെ നോക്കിയവ പരിഹസിക്കുന്നുവോ... ? ഈ കലണ്ടറിന്റെ കോളങ്ങൾ എന്റെ ജീവിതത്തിന്റെ സാക്ഷ്യപുസ്തകമായി മാറുന്നത് ഒരു ഉൾക്കിടിലത്തോടെ ഞാൻ കാണുന്നു. എന്റെ ജീവിതത്തിന്റെ വിധി ഒരാണിയിൽ തൂങ്ങിനില്ക്കുന്നു.... ഡയോക്ലീഷന്റെ വാളിനേക്കാൾ മൂർച്ചയുണ്ട് ഈ കലണ്ടറിന്റെ താളുകൾക്ക്....

ഇത് കലണ്ടറല്ലേ... എന്റെ ജീവിതത്തിന്റെ കണക്കു പുസ്തകം. ഇതു മനസ്സിലാക്കാൻ ഞാനെന്തേ ഇത്രയും വൈകിയത്...?

മുന്നൂറ്ററുപത്തഞ്ച് കളങ്ങളല്ല, മുന്നൂറ്ററുപത്തഞ്ച് കണ്ണുകൾക്കൊണ്ട് എന്റെ ജീവിതത്തെ തുറിച്ച് നോക്കുന്ന കാലമാകുന്ന സാക്ഷിയാണിത്.. വിധിയാളന്റെ മുമ്പിലെ സാക്ഷിപ്പട്ടികയാണിത്...

ഇതെന്റെ പ്രിസ്തയാകുന്നു...

ഇതെന്റെ ജീവന്റെ പുസ്തകമാകുന്നു...

കാലമാകുന്ന ഭിത്തിയിൽ ആരോ തൂക്കിയ ഒറ്റത്താളുള്ള കലണ്ടറാകുന്നു ജീവിതം....

ജനുവരി 2010

www.malankaralibrary.com

# മുറിവുകളുടെ സുവിശേഷം

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി

ജീവിതയാത്രയ്ക്കിടയിൽ വീണുകിട്ടുന്ന ചെറുതും വലുതുമായ അനുഭവങ്ങൾ... ജീവിതമുറ്റത്ത് ആരോ ചിതറിയ വളപ്പൊട്ടുകൾ കണക്കേ അവ കിടക്കുന്നു. അവയോരോന്നും പെറുക്കിയെടുത്ത് വചനവെട്ടത്തിൽ ധ്യാനിക്കുകയും പിന്നീട് ക്രമീകരിക്കുകയും ചെയ്തതാണ് ഈ ചെറുഗ്രന്ഥത്തിലെ നുറുങ്ങുലേഖനങ്ങളോരോന്നും. അതുകൊണ്ടു തന്നെ ഈ ലേഖനങ്ങൾക്ക് ഒരു പൊതുഭാവത്തേക്കാളേറെ ചിതറിയ ചിന്തകളൊരുക്കുന്ന ഒരു കാലിഡോസ്കോപ്പ് വർണ്ണചിത്രത്തിന്റെ രൂപഭംഗിയാണുള്ളത്. വചനത്തിന്റെ പങ്കുവയ്പ് ജീവിതനിയോഗമായി സ്വീകരിച്ച വൈദികർക്കും, സ്വകാര്യദുഃഖങ്ങളുടെ നൊമ്പരങ്ങളെ അതിജീവിക്കാനാഗ്രഹിക്കുന്നവർക്കും, ധ്യാനത്തിന്റെ നിമിഷങ്ങളെ ബലപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്കും സ്വന്തമാക്കാവുന്ന ഒരു ഉത്തമഗ്രന്ഥമാണിത്.

*(പ്രസാധകർ)*

B.P. No. 134
ബഥനി പബ്ലിക്കേഷൻസ്
കോട്ടയം - 686 010
2011